മി. സ്പീക്കർ: അതു പറഞ്ഞു. തെക്കേ ഇൻഡ്യയിലുള്ളവർക്ക് എഴുതിയെന്നു പറഞ്ഞു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : അതു പറഞ്ഞില്ല. കർണ്ണാടകത്തിലെ മാത്രമാണ് പറഞ്ഞത്. ഇത് വളരെ അപകടകരമായിട്ടുള്ള സ്ഥിതിയിലേയ്ക്ക് ജനങ്ങളെ ചിന്തിപ്പിക്കും. സി.ബി.ഐ. അന്വേഷണം എന്നു പറഞ്ഞ് കുരവയിട്ടു നടക്കുന്നവർ അനുകൂലമായ ഒരു പശ്ചാത്തലം ഒരുക്കാൻ സഹായകരമായ നിലയിൽ പോകരുത്. കഴിയുന്നത്ര സിറ്റിംഗ് ജഡ്ജസിനെ ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി അഭ്യർത്ഥിച്ചു കൊണ്ടു വരുന്നതിനു വേണ്ടി ശ്രമിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നതിന്റെ ചുരുക്കം.

മി. സ്പീക്കർ: ഇതൊക്കെ ചട്ടവിരുദ്ധമായി അനുവദിക്കുന്നതാണ്. (ബഹളം) നിങ്ങൾക്ക് പറയാനുള്ള അവസരങ്ങൾ തരുകയാണ്. Not exceed the limit. പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ശരിയാണ്. സി.ബി.ഐ. അന്വേഷിക്കണമെന്ന് നമ്മൾ ആഗ്രഹിക്കാത്ത രംഗത്തേക്ക്, അതു പോകാതിരിക്കണമെന്നുണ്ടെങ്കിൽ അന്വേഷണം നേരത്തേ ഓർഡർ ചെയ്യണം, അല്ലെങ്കിൽ അത് അപകടത്തിൽ വരും.

VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ഈ ബിൽ നമുക്ക് ഇന്ന് തീർക്കേണ്ടതാണ്. ധാരാളം അമെൻഡ്മെന്റുകൾ ഉണ്ട്. ക്ളാസുകൾ കുറവാണ്. ഇന്നലെ ഹൗസിൽ പ്രകടിപ്പിച്ച വികാരം ഇവിടെ അമെൻഡ്മെൻഡിന് കൂടുതൽ സമയം നൽകണമെന്നാണ്. അതുകൊണ്ട് സംസാരിക്കുന്ന ആളുകൾ യാതൊരു കാരണവശാലും പത്തു മിനിറ്റിൽ കൂടുതൽ എടുക്കരുത്. നമ്മൾ കാടു കയറിയില്ലെങ്കിൽ, കാര്യങ്ങൾ മാത്രം പറയുകയാണെങ്കിൽ 10 മിനിറ്റിനകം പറയാം. അല്ലെങ്കിൽ നമ്മൾ നാലു മണി വരെ ഇരിക്കേണ്ടിവരും. വിയോജനക്കുറിപ്പ് മൂന്നുപേർ തന്നിട്ടുണ്ട്. മറ്റു ബില്ലുകൾ പോലെ ഒന്നര മണിക്ക് മാറ്റി വയ്ക്കാൻ പറ്റില്ല. ഇന്നു തന്നെ തീർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, ഇത്തരത്തിൽ ഒരു ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത് ഒരർത്ഥത്തിൽ അനിവാര്യമാണ്. കാരണം, VAT നിയമം നടപ്പിലായിട്ടില്ല. അതിന്റെ പശ്ചാത്തലം എന്തെന്ന് നേരത്തേ ഞങ്ങൾ സഭയിൽ ഉന്നയിച്ചിട്ടുള്ളതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. ഇതിൽത്തന്നെ ലക്ഷറി ടാക്സ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഞങ്ങൾക്ക് എതിർപ്പില്ല. എൻട്രി ടാക്സ് സംബന്ധിച്ച് ആക്ടിലെ പഴയ വകുപ്പുകൾ നിലനിർത്താൻവേണ്ടി വരുത്തിയിരിക്കുന്ന ഭേദഗതികളോട് ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ എൻട്രി ടാക്സിലെ ഷെഡ്യൂളിൽ ഒമ്പത് ഇനങ്ങൾ ചേർക്കുന്നതിനോട് ഞങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്. ആ 9 ഇനങ്ങൾ എടുത്താൽ, അതിൽ സാധാരണക്കാർ ഉപയോഗിക്കുന്ന റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ ഉണ്ട്. മെഡിക്കൽ എക്വിപ്മെന്റ്സുണ്ട്. കംപ്യൂട്ടർ പേപ്പർ തുടങ്ങിയ എസ്സെൻഷ്യൽ ആർട്ടിക്കിൾസുണ്ട്. Castic സോഡ, എൽ.പി.ജി. പോലുള്ള അസംസ്കൃത വസ്തുക്കളുണ്ട്. ഇപ്പോൾ തന്നെ നമുക്ക് അനുഭവങ്ങളുള്ള കാര്യങ്ങളുണ്ട്.

ഫർണസ് ഓയിലിനുമേൽ എൻട്രി ടാക്സ് ചുമത്തിയത്, ഇവിടത്തെ ഒട്ടേറെ വ്യവസായങ്ങൾക്ക് വിനയായി മാറിയിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ഫർണസ് ഓയിലിനു ചുമത്തിയിട്ടുള്ള എൻട്രി ടാക്സിൽ നിന്ന് പത്തു പൈസ സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. അത് സഹായിച്ചിട്ടുള്ളത്, കൊച്ചിൻ റിഫൈനറീസിന് അവരുടെ വില ഉയർത്തിവിൽക്കുന്നതിന് മാത്രമാണ്. നമ്മുടെ തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ചയ്ക്കുതന്നെ അതു തടസ്സമാണ്. അതുകൊണ്ട് ഞങ്ങൾ ഈ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനെതിരാണ്. മാത്രമല്ല, സെക്ഷൻ 20-ൽ സർക്കാരിന് നോട്ടിഫിക്കേഷൻ വഴി ലിസ്റ്റിൽ എന്തു മാറ്റവും വരുത്തുന്നതിനുള്ള അവകാശം നൽകുന്നത് ഒട്ടും ശരിയല്ല. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇങ്ങനെ വരുത്തുന്ന മാറ്റങ്ങൾ അടുത്ത നിയമസഭയിൽ വയ്ക്കണമെന്നെല്ലാം ഉണ്ടെങ്കിൽപ്പോലും ഇത്തരത്തിൽ ആർബിട്രറിയായിട്ടുള്ള അധികാരം, സർക്കാരിന് ഒരു നോട്ടിഫിക്കേഷൻ വഴി ഏതു ചരക്കിനേയും എൻട്രി ടാക്സിൽ ഉൾപ്പെടുത്തുന്നതിനുള്ള അവകാശം അതിരു കവിഞ്ഞിട്ടുള്ളതാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഞങ്ങൾ വിയോജനക്കുറിപ്പിൽ ഇതു മാത്രമല്ല ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത്തരത്തിലൊരു നികുതിഭാരം സാധാരണക്കാരെ ബാധിക്കുന്ന റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ, മെഡിക്കൽ എക്വിപ്മെന്റ്സ് പോലുള്ള എസ്സെൻഷ്യൽ കമ്മോഡിറ്റീസ്, വ്യവസായ വളർച്ചയെ തടസ്സപ്പെടുത്തുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള നികുതി, ഇതെല്ലാം ഇന്ന് ചുമത്തുന്നതിന് ഇപ്പോൾ പാസ്സാക്കിയിരിക്കുന്ന ബഡ്ജറ്റിന്റെ പശ്ചാത്തലത്തിൽ ഒരു ന്യായീകരണവുമില്ല. അപ്രോപ്രിയേഷൻ ബിൽ പാസ്സായി. ചെലവുകളെക്കുറിച്ച് തിട്ടമായിട്ടുള്ള ധാരണയുണ്ട്. വരുമാനം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചു നോക്കിക്കഴിഞ്ഞാൽ ധനകാര്യവകുപ്പുമന്ത്രി തന്നെ പറഞ്ഞത്. ഈ കഴിഞ്ഞ വർഷം സെയിൽസ് ടാക്സിൽ 21% റിക്കാർഡ് വർദ്ധനവ് കൈവരിച്ചു എന്നുള്ളതാണ്. അതിന്റെ രഹസ്യങ്ങളെക്കുറിച്ച്, എങ്ങനെയാണ് അത് നേടിയത് എന്നുള്ളതിനെക്കുറിച്ച് ഈ ബില്ലിന്റെ അവതരണവേളയിൽ ശ്രീ. ടി.കെ. ബാലൻ വിശദീകരിച്ചു. ധനകാര്യവകുപ്പുമന്ത്രിയുടെ അവകാശം അംഗീകരിച്ചു തരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിരിക്കട്ടെ. 21% സെയിൽസ് ടാക്സ് കഴിഞ്ഞ വർഷം വർദ്ധിച്ചു എന്നു പറയുന്നു. നിങ്ങൾ ഈ വർഷത്തെ ബഡ്ജറ്റിൽ മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ സെയിൽസ് ടാക്സ് 14% മാത്രം കൂട്ടാനാണ് തീരുമാനിച്ചിരിക്കുന്നത്. മൊത്തം ടാക്സ് റവന്യൂ ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 15% ആണ്. അപ്പോൾ വളരെ യാഥാർത്ഥ്യ ബോധത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള വരുമാനപ്രതീക്ഷയാണ്. ഞാൻ കുറ്റം പറയുകയല്ല. എന്തു വന്നാലും 21% നികുതി വർദ്ധനവ് നേടാൻ കഴിഞ്ഞ നിങ്ങൾക്ക് ബഡ്ജറ്റിൽ പറഞ്ഞതുപോലെയുള്ള വരുമാനം നേടുന്നതിന് യാതൊരു തടസ്സവും ഉണ്ടാകുകയില്ല. വളരെ സുനിശ്ചിതമായിട്ടുള്ള വരുമാനവും ചെലവിനങ്ങളും. പിന്നെ എന്തിനാണ് ബഡ്ജറ്റിൽ വിഭാവന ചെയ്യാത്ത പുതിയ നികുതി വരുമാനം എന്നുള്ളതാണ് എന്റെ ചോദ്യം ?

ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് വർഷാന്ത്യ കമ്മി 519 കോടി രൂപയാണെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. സാധാരണ രീതിയിൽ ധനകമ്മിയൊക്കെ വരുന്നതിനുമുമ്പ് പറയാറുള്ള ബഡ്ജറ്റ് കമ്മിയാണ് 519 കോടി രൂപ. ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം ഇത് ചൂണ്ടിക്കാണിച്ചു. കാരണം 'വാറ്റ്' introduce ചെയ്യുമ്പോൾ 500 കോടി രൂപ നഷ്ടം വരാൻ പോവുകയാണ്. അതാണ് ഈ കമ്മിക്കു കാരണം. ഏതായാലും ഈ പറഞ്ഞ വാറ്റ് ഇപ്പോൾ നടപ്പാക്കുന്നില്ല, എങ്കിലും 343 കോടി രൂപ എ.ഡി.ബി.യിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് കിട്ടുന്നുണ്ട്. അത് വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് അതുകൊണ്ട് ഞാൻ അതേക്കുറിച്ചൊന്നും പറയുന്നില്ല. എ.എസ്.ടി. 300-400 കോടി രൂപയെങ്കിലും വരുന്നുണ്ട്, അതും വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അപ്രോപ്രിയേഷൻ ബില്ലിന്റെ വേളയിൽ സർക്കാരിന് ബഡ്ജറ്റിൽ നിങ്ങൾ പറയാത്ത മറ്റൊരു പുതിയ വരുമാനമാർഗ്ഗം തെളിവായി, 900 കോടി രൂപ ഈ സഭയിൽ വിതരണം ചെയ്ത കണക്കിൻ പ്രകാരം സംസ്ഥാന സർക്കാർ ചെലവഴിച്ചു എന്നു പറഞ്ഞ 900 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തിരിച്ചു പിടിക്കുകയാണ്. അങ്ങനെ 900 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുമിഞ്ഞുകൂടിയതിന്റെ പശ്ചാത്തലത്തെക്കുറിച്ച് വളരെ വിശദമായ ചർച്ചകൾ നടന്നു കഴിഞ്ഞിരിക്കുകയാണ്. സമയത്ത് പണം നൽകിയില്ല, നൽകിയ പണം പിൻവലിക്കുന്നതിന് അവസരം നൽകിയില്ല, ഇതിന്റെയൊക്കെ അർത്ഥമെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെക്കുറിച്ച് കഴിഞ്ഞ രണ്ടു വർഷമായി ഇവിടെ നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന വിമർശനമുണ്ട്. കണക്കിൽ പണം ചെലവാക്കി എന്നു കാണിച്ച്, എന്നാൽ യഥാർത്ഥത്തിൽ പണം ചെലവാക്കാതെയുള്ള ഒരു സമ്പ്രദായമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നു പറഞ്ഞുള്ള വിമർശനമുണ്ടല്ലോ, ആ വിമർശനം നിങ്ങൾക്കാണ് കൂടുതൽ യോജിക്കുക. 1000 കോടി രൂപ കഴിഞ്ഞവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി എന്ന് ചെലവ് എഴുതി സഭയിൽ അവതരിപ്പിച്ച് അതിന് അംഗീകാരവും നേടിയെടുത്തു. അങ്ങനെ ചെലവാക്കി എന്നു പറയുന്ന പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിനുള്ള അവകാശം നിഷേധിച്ച് ഇല്ലാത്ത കണക്ക് ഉണ്ടാക്കിയിരിക്കുകയാണ്. ആ പണം ഇന്ന് തിരിച്ചുപിടിച്ച് നിങ്ങൾ നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമായി മാറ്റിയിരിക്കുകയാണ്. ഇതു സംസാരിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി ഈ ഫിനാൻസ് ബിൽ സഭയിൽ അവതരിപ്പിച്ചുകൊണ്ട് അതിന്റെ ചർച്ചകൾക്ക് മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, കഴിഞ്ഞവർഷം 96% ആണ് പ്ലാൻ എക്സ്പെൻഡീച്ചറെന്ന്. യാഥാർത്ഥ്യം എന്താണ്? 3750 കോടി രൂപയുടെ പ്ലാൻ ഇവിടെ അവതരിപ്പിച്ചു. മുഖ്യമന്ത്രി ഡൽഹിയിൽ പോയി അത് 4026 കോടി രൂപയായി വർദ്ധിപ്പിച്ചു. അത് 25% വെട്ടിച്ചുരുക്കി 3425 കോടി രൂപയാക്കി. ഔപചാരികമായിത്തന്നെ പ്ലാൻ 25% വെട്ടിച്ചുരുക്കി കഴിയുമ്പോൾ പിന്നെ എങ്ങനെയാണ് 96% ചെലവുവരിക? വെട്ടിച്ചുരുക്കിയതിന്റെ 96% ചെലവാക്കി എന്നാണ് പറയുന്നത്. അതുപോലും ഇല്ല, എന്തുകൊണ്ട്? ഈ 96%-ൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ 1000 കോടി രൂപയിൽ 600 കോടി രൂപ തിരിച്ചുപിടിക്കുകയാണ്. അപ്പോൾ നിങ്ങളുടെ പ്ലാൻ എക്സ്പെൻഡീച്ചർ എന്താണ്? ഈ സഭ അംഗീകരിച്ച പ്ലാനിന്റെ 61% മാത്രമാണ് കഴിഞ്ഞവർഷം പ്ലാൻ എക്സ്പെൻഡീച്ചർ ആക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇനി നിങ്ങൾ വെട്ടിക്കുറച്ച 25% കുറച്ച് ബഡ്ജറ്റിന്റെ കണക്കെടുത്താൽ 82% വരും. ഇതിനോടുള്ള objection raise ചെയ്തപ്പോൾ എൽ.ഡി,എഫ്.-ന്റെ കാലത്ത് 49% മാത്രമേ പ്ലാൻ എക്സ്പെൻഡീച്ചറുള്ളൂവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഏതു വർഷമെന്നു ചോദിച്ചപ്പോൾ അത് 1998-99 ആണെന്നു പറഞ്ഞു. അത് ഒത്തുനോക്കാമെന്നു പറഞ്ഞു, ഒത്തു നോക്കിയിട്ടില്ല. ദയവു ചെയ്ത് ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ അങ്ങ് ആ കണക്കുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കണം. നമുക്ക് ഒരുമിച്ച് നോക്കാമല്ലോ, എന്റെ കൈയിലുള്ള കണക്കുപ്രകാരം 3100 കോടി രൂപയാണ് അന്ന് പ്ലാനിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ്., ചെലവായത് 3567 കോടി രൂപ. സി.ആൻഡ് എ.ജി.യുടെ അക്കൗണ്ട് പ്രകാരം 99%. കണക്കുനോക്കാം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച ഏതെങ്കിലുമൊരു വർഷം, 1998-99 പോകണ്ട, നിങ്ങൾക്ക് ഒരു വർഷം മാറിപ്പോയതായി ഇരുന്നോട്ടെ, ഏതെങ്കിലുമൊരു വർഷം ഈ പറഞ്ഞ തോതിലേക്ക് പ്ലാൻ എക്സ്പെൻഡീച്ചർ കുറഞ്ഞിട്ടുണ്ടെന്ന് കാണിച്ചുതരൂ. ഇത്തരത്തിൽ സഭയിൽ ചെലവാക്കി കഴിഞ്ഞു എന്നു പറഞ്ഞ തുക തിരിച്ചു പിടിക്കുന്നതിനുവേണ്ടി പറഞ്ഞ ന്യായങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ? സഭയിൽ അങ്ങ് എഴുതി വായിച്ചു, എന്താണ്? ട്രഷറി കോഡുപ്രകാരം മാർച്ച് 31-ന് പി.ഡി. അക്കൗണ്ട് ക്ലോസ് ചെയ്തിരിക്കണമെന്ന്. ട്രഷറി കോഡ് എടുക്കൂ, ചട്ടം 208, 6-ാം നമ്പർ കുറിപ്പിൽ എന്താണ് പറയുന്നത്? പി.ഡി. അക്കൗണ്ടുകൾ തുടരാൻ ഉദ്ദേശിക്കുന്ന ഓഫീസർമാർ reconciliation statement ഉണ്ടാക്കി മേയ് 31-നുമുമ്പ് ട്രഷറി ഓഫീസറെ ഏല്പിക്കണം. ഇതാണ് വകുപ്പ്, ഇത് ചൂണ്ടിക്കാണിച്ചപ്പോൾ കഴിഞ്ഞ ദിവസം നിയമസഭയിൽ അങ്ങ് പറഞ്ഞു, ഭരണഘടന പ്രകാരം ഒരു വർഷത്തേക്ക് അനുവദിക്കുന്ന പണം ആ ധനകാര്യ വർഷത്തിൽ തന്നെ ചെലവാക്കിയിരിക്കണം, അതിനെതിരാണ് കേരളത്തിലെ പഞ്ചായത്തുകൾ ചെയ്യുന്നതെന്ന്. ഈ ഭരണഘടനയ്ക്കുകീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾ നൽകുന്നത് ആ വർഷം തന്നെ ചെലവാക്കി തീർക്കാനല്ല. 25% carry over ആയിട്ട് ഈ പരിപാടി തുടങ്ങിയ നാൾ മുതൽ അനുവദിക്കുന്നുണ്ട്. ആ ചട്ടമനുസരിച്ചാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ പണം ചെലവഴിച്ചിട്ടുള്ളത്. ഈ രീതിയിൽ നോക്കുമ്പോൾ സർക്കാരിന് പണത്തിന്റെ അത്യാവശ്യമുണ്ട്, അതുകൊണ്ട് സർക്കാരിന്റെ തന്നെ വീഴ്ചകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ കഴിയാതിരുന്ന പണം തിരിച്ചുപിടിക്കുകയാണ്. ഇവിടെ ഫിനാൻസ് ബില്ലിന്റെ അവതരണ വേളയിൽ ഇടതുപക്ഷം ഭരിച്ചുകൊണ്ടിരുന്നപ്പോൾ ബി.സി.ആർ. മൈനസ് 1700 കോടി രൂപയായിരുന്നു, അതിപ്പോൾ പോസിറ്റീവായി എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറയുകയുണ്ടായി. ഞങ്ങൾ കണക്ക് നോക്കി, ബഡ്ജറ്റ് രേഖയുടെ ഭാഗമായി തന്നിട്ടുള്ള Budget in brief പ്രകാരം ഈ ബി.സി.ആർ. മൈനസ് ആയത് കുറഞ്ഞുവന്നിട്ടുണ്ട്. പക്ഷേ ഈ വർഷവും 300 കോടി രൂപയോളം മൈനസാണ്. പ്ലാനിനുവേണ്ടി വായ്പയെടുത്താണ് ചെലവഴിക്കുന്നത്. ഞങ്ങൾ വായ്പയെടുത്തു, പ്ലാൻ എക്സ്പെൻഡിച്ചറുണ്ടായി. നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ അധികാരത്തിലേറിയപ്പോൾ 23,919 കോടിരൂപ പൊതുകടമുണ്ടായിരുന്നത് ഇപ്പോൾ 31,057 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 27% ആണ് പൊതുകടം നിങ്ങളുടെ രണ്ടു വർഷക്കാലത്തിനുള്ളിൽ വർദ്ധിച്ചത്. ഞങ്ങൾ 5 വർഷം കൊണ്ട് 7759 കോടി രൂപ വായ്പയെടുത്തപ്പോൾ നിങ്ങൾ രണ്ടുവർഷംകൊണ്ട് 5406 കോടി രൂപ വായ്പയെടുത്തിരിക്കുകയാണ്. ഇങ്ങനെ വായ്പയെടുത്തിട്ട് പ്ലാൻ എക്സ്പെൻഡിച്ചറിന്റെ കണക്കെന്താണ്? കഴിഞ്ഞ വർഷത്തെ പ്ലാൻ എക്സ്പെൻഡിച്ചർ 61% ആയി ചുരുങ്ങിയിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 900 കോടി രൂപ എടുത്തുകൊണ്ടാണ്. ഞങ്ങൾ ഞങ്ങളുടെ വിയോജനക്കുറിപ്പിൽ പറഞ്ഞത് ഇത്തരത്തിൽ ബഡ്ജറ്റിൽ വരുമാനമായി ഈ സഭയിൽ കാണിക്കാതെ 900 കോടി രൂപ ധനകാര്യ വകുപ്പിന് ലഭിക്കുമ്പോൾ, ഇത്തരത്തിൽ എൻട്രി ടാക്സിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ട്, നമ്മുടെ വ്യവസായങ്ങൾക്ക് പ്രയാസങ്ങളുണ്ടാക്കിക്കൊണ്ട്, ആവശ്യമായ വസ്തുക്കൾക്ക് മെഡിക്കൽ ഉപകരണങ്ങൾക്കും മറ്റും പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇത്തരത്തിൽ നികുതി ചുമത്തുന്നതിന് ഒരു ന്യായീകരണവുമില്ല. ഞങ്ങൾ ശക്തമായി ഈ നിർദ്ദേശങ്ങളോട് വിയോജിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ടി.കെ. ബാലൻ: സർ, ഞാൻ രാഷ്ട്രീയമൊന്നും പറയുന്നില്ല, ഞാൻ നേരെ ബില്ലിലേയ്ക്ക് പോവുകയാണ്. പക്ഷേ എന്തുകൊണ്ടാണ് രാഷ്ട്രീയം പറയാത്തതെന്ന് ഒരു വാചകം പറയുകയാണ്. കേരള രാഷ്ട്രീയത്തെപ്പറ്റി എന്തു പറയാനാണ്? ഫുട്ബോൾ കളിയുടെ running commentary പോലെയാണ് ഇവിടത്തെ രാഷ്ട്രീയം. ഒരു ദിവസം കേൾക്കാം ബഹുമാനപ്പെട്ട ലീഡർ ബോളുമായി മുന്നേറി ഇതാ ഗോളടിക്കാൻ പോകുന്നുവെന്ന്. പിറ്റേ ദിവസം കേൾക്കാം കുഞ്ഞാലിക്കുട്ടി സാഹിബ് ബോളുമായി മുന്നേറുന്നുവെന്ന്. പിന്നെ ഒന്നും സംഭവിച്ചില്ല എന്നു പറയുന്ന സ്ഥിതിയാണ്. എങ്ങനെയാണ് അത്തരം രാഷ്ട്രീയത്തെപ്പറ്റി പറയുക? ഈ ഫിനാൻസ് ബിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കൊണ്ടുവന്നതുതന്നെ ഏപ്രിൽ ഒന്നുമുതൽ ഇന്ത്യയിലൊട്ടാകെ തന്നെ വാറ്റ് നിയമം നടപ്പിലാക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലായിരുന്നു. പക്ഷേ 5 സംസ്ഥാനങ്ങളിൽ മാത്രമേ ആ വാറ്റിനു

LIBRARY ARCHIVES Kerala Legislative Assembly

മുന്നോടിയായിട്ടുള്ള നിയമനിർമ്മാണം വന്നിട്ടുള്ളൂ. നമ്മുടെ സംസ്ഥാനവും വെസ്റ്റ് ബംഗാളും നിയമനിർമ്മാണം നടത്തി. കേന്ദ്ര ഗവൺമെന്റുതന്നെ വരുന്ന തെരഞ്ഞെടുപ്പുകളെല്ലാം മുന്നിൽ കണ്ടുകൊണ്ട് വാറ്റ് നടപ്പിലാക്കുന്നതിൽ നിന്നും പിന്തിരിഞ്ഞു. വാറ്റ് നടപ്പിലാക്കിയാൽ കേരളത്തിന് വരാവുന്ന 500 കോടി രൂപയുടെ നഷ്ടം കേന്ദ്രം തരുമെന്നാണ് പറഞ്ഞത്. ആ ഒരു ചുറ്റുപാടിലാണ് ഈ ബിൽ അവതരിപ്പിച്ചത്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ലഭിക്കാവുന്ന റവന്യൂ വരുമാനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ഇവിടെ വിശദീകരിച്ചു പറഞ്ഞു.

ഇവിടെ 15 ശതമാനം അഡീഷണൽ ടാക്സിന്റെ നിയമ നിർമ്മാണം വന്നു കഴിഞ്ഞു, അതിന്റെ പിരിവും ആരംഭിച്ചു. എൻട്രി ടാക്സിന്റേതും ആരംഭിച്ചു കഴിഞ്ഞു ഇപ്പോൾ എൻട്രി ടാക്സ് മറ്റ് മേഖലകളിൽ കൂടി ബാധകമാക്കാനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ 43 ഐറ്റമാക്കി ഇത് വർദ്ധിപ്പിച്ചു. എക്സൈസ് മേഖലയിൽ ആഡംബര നികുതിയായിട്ടും സ്പിരിറ്റ്, ബിയർ, ലഹരി മരുന്നുകൾ ഇതിനൊക്കെ നികുതി ചുമത്തേണ്ട കാര്യത്തെ സംബന്ധിച്ചും ഇത് പിരിച്ചെടുക്കേണ്ട രീതിയെ സംബന്ധിച്ചും ഈ ബില്ലിൽ ചില നിർദ്ദേശങ്ങളുണ്ട്. അതുപോലെ എൻട്രി ടാക്സിനെ സംബന്ധിച്ച് പുതിയ ഐറ്റം കൊണ്ടുവരുന്നുണ്ട്. അതിൽ ചില കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു നോക്കേണ്ടതുണ്ട്. ഹോസ്പിറ്റൽ എക്യുപ്മെന്റ് എന്നു പറഞ്ഞാൽ നമ്മുടെ ഗവൺമെന്റ് ആശുപത്രികൾക്കു തന്നെ വിദേശത്തുള്ള നിരവധി സംഘടനകൾ ഹോസ്പിറ്റൽ എക്യുപ്മെന്റ്സ് കൊണ്ടു വരുന്നുണ്ട്. അതിനൊക്കെ നമ്മൾ നികുതി ചുമത്തേണ്ടതുണ്ടേ എന്ന കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. അതുപോലെത്തന്നെ ഓട്ടോമൊബൈൽ വെഹിക്കിൾസിന്റെ body built-ന്റെ കാര്യത്തിൽ കമ്പോണൻസൊക്കെ പ്രത്യേകം പ്രത്യേകം പായ്ക്കറ്റാക്കി കൊണ്ടു വരുന്നത്, നികുതിയടയ്ക്കാതിരിക്കുവാൻ വേണ്ടി ഇങ്ങനെ കൊണ്ടുവരുന്നത് തടുക്കാനുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണെങ്കിൽപ്പോലും മൊത്തം ഈ ഐറ്റംസിന് വില വർദ്ധിപ്പിച്ചത് വഴി കൂടുതൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പറയുന്നത്. എന്നാൽ ഈ വരുമാനത്തെ സംബന്ധിച്ചിടത്തോളമുള്ള നിങ്ങളുടെ ചില അവകാശവാദങ്ങൾ തന്നെ നമ്മൾ ഒന്ന് പരിശോധിച്ചു നോക്കേണ്ടതല്ലേ? ഇവിടെ ഡോ. തോമസ് ഐസക് ഈ കാര്യത്തെ സംബന്ധിച്ച് വളരെ വിശദമായി സംസാരിച്ചു, 21 ശതമാനം നികുതി പിരിവ് നിങ്ങൾക്ക് വലിയ തോതിലുള്ള വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷമുണ്ടായിട്ടുള്ള നികുതി പിരിവിന്റെ സ്ഥിതി മൈനസ് 2-ലേക്ക് എത്തുന്നുവെന്നുള്ളത് യാഥാർത്ഥ്യ ബോധത്തോടുകൂടി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ ഈ സംവിധാനമുപയോഗിച്ച് പിരിക്കാൻ തീരുമാനിച്ച നികുതികളെല്ലാം പിരിക്കുന്നുണ്ടോ? വനം വകുപ്പുമന്ത്രിയെ ഇവിടെ കാണുന്നില്ല. വനത്തിനകത്തുള്ള കറുത്ത മരങ്ങളൊക്കെ വെളുപ്പിച്ചു വയ്ക്കുന്ന ഒരു സ്ഥിതിയുണ്ട്. കേരളത്തിൽ സ്വകാര്യ വന ഡിപ്പോകളുണ്ട്. അതിന്റെ ഒരു കേന്ദ്രമാണ് ഈരാറ്റുപേട്ട. ആ ഈരാറ്റുപേട്ടയിലുള്ള യൂണിയൻ ടിംബർ ഇൻഡസ്ട്രീസും യൂണിയൻ സാ മിൽസും ഒരു ഭാര്യയും ഭർത്താവും കൂടി നടത്തുന്നതാണ്. യൂണിയൻ സാ മിൽസിൽ നാല് കോടി രൂപ ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

പെനാൽറ്റിയാണ്. ഞാൻ ഇത് പറയാൻ കാരണം യു.ഡി.എഫോ എൽ.ഡി.എഫോ ഭരിക്കട്ടെ, നമ്മുടെ ഖജനാവിൽ കിട്ടേണ്ട പണം ചോർന്നുപോകുന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് ഗൗരവതരമായ ഒരു സമീപനമുണ്ടോ ? യൂണിയൻ ടിംപർ ഇൻഡസ്ട്രീസ് ഹൈക്കോടതിയിൽ പോയി കണ്ടീഷണൽ സ്റ്റേ കൊടുത്തു. ഹൈക്കോടതിയുടെ കണ്ടീഷണൽ സ്റ്റേ, സാധാരണ പണം ഇത്ര ശതമാനം കെട്ടി, പിന്നീടാണ് അത് സംബന്ധമായി പരിശോധിക്കുന്നത്. ചില കേസുകളിൽ 25 ശതമാനം പറയും ചിലതിൽ 60 ശതമാനം പറയും. ആർ.ആർ-ന് കൊടുത്തു ഇതുവരെ ഒരു ചില്ലി കാശെങ്കിലും ഖജനാവിൽ അടഞ്ഞോ?

ശ്രീ. പി.സി. ജോർജ് : ഈരാറ്റുപേട്ട എന്റെ നിയോജകമണ്ഡലത്തിലെ ഹെഡ്ക്വാർട്ടേഴ്സാണ്. ഈ യൂണിയൻ സാ മിൽ പൊളിഞ്ഞ് പാളീസായി. അയാളെ കേറി പിടിക്കരുതേ.

ശ്രീ. ടി. കെ. ബാലൻ : ഗവൺമെന്റിന്റെ തേഖ വെച്ചിട്ടാണ് ഞാൻ പറയുന്നത്. ആർ.ആർ-ന് കൊടുത്തപ്പോൾ ഉണ്ടായിട്ടുള്ള കൂടുതൽ കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇവിടെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ താല്പര്യം സംരക്ഷിക്കുന്നുണ്ട്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് ഒരു കോംപ്ലക്സുണ്ടാക്കാൻ തിരുവനന്തപുരത്ത് പി.ഡബ്ല്യു.ഡി.യുടെ പുറംപോക്ക് സ്ഥലം അക്വയർ ചെയ്യാൻവേണ്ടി 43 ലക്ഷം രൂപ റവന്യു ഡിപ്പാർട്ടുമെന്റിൽ കെട്ടിവച്ചു. അവാർഡ് പ്രഖ്യാപിച്ചു. ഇതെല്ലാമായപ്പോൾ, തിരുവനന്തപുരത്തെ ഒരു പ്രമുഖനായ സ്വകാര്യ വ്യക്തി കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി. 43 ലക്ഷം രൂപ കെട്ടിവച്ചതല്ലേ. സാധാരണയായി സ്റ്റേയ്ക്ക് പോകാൻ പാടില്ല എന്നതാണ്. എന്നാൽ ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ടി ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വക്കീലൻമാർ ഒരു ചെറു വിരൽപോലും അനക്കിയില്ല. പോരെങ്കിൽ സ്റ്റേ വെക്കേറ്റ് ചെയ്തില്ല എന്നുമാത്രമല്ല തിരുവനന്തപുരം പട്ടണത്തിലുള്ള പ്രമുഖനായ ധനാഢ്യനായിട്ടുള്ള ആ വ്യക്തിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യേണ്ടതിന്റെ സ്ഥിതിയെന്താണെന്നറിയാൻ അവരുടെ ഓഫീസിൽ വില്പന നികുതി ഉദ്യോഗസ്ഥർ ചെന്ന് ചോദിച്ചപ്പോൾ എജീസ് ഓഫീസിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ കാണാനില്ല. ബന്ധപ്പെട്ട ഫയലുകൾ എറണാകുളം എജീസ് ഓഫീസിൽ മിസ്സിംഗാണ്. അപ്പോൾ പണക്കാരൻ വിചാരിച്ചാൽ എന്തും നടക്കുമെന്നുള്ളതിന്റെ ഒരു ഉദാഹരണം മാത്രമാണ്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ അവരുടെ സ്വന്തം താല്പര്യത്തിനുവേണ്ടി 43 ലക്ഷം രൂപ കെട്ടിവച്ച് അക്വയർ ചെയ്യാൻ തീരുമാനിച്ച സ്ഥലത്തെ സംബന്ധിച്ച ഫയൽ കാണാനില്ല. ഗവൺമെന്റിന്റെ നിസ്സഹായാവസ്ഥയെക്കുറിച്ച് നിങ്ങൾ ആലോചിച്ചു നോക്കണം. മറ്റൊന്ന് റിമാന്റഡ് കേസിനെ സംബന്ധിച്ചാണ്. ഹൈക്കോടതി വിധി പ്രകാരം ഹൈക്കോടതി റിമാന്റ് ചെയ്താൽ another chance കൊടുത്ത് fresh disposal ആണ്. അതിന് പണം കെട്ടിവയ്ക്കണം. നൂറുകണക്കിന് കേസുകൾക്ക് പണം കെട്ടിവയ്ക്കുന്നില്ല Fresh disposal സാധിക്കാതെ ഡിപ്പാർട്ടുമെന്റിൽ കേസുകൾ കുന്നുകൂടി കിടക്കുകയാണ്. നിങ്ങൾ ആലോചിച്ച് നോക്കണം. കോടിക്കണക്കിന് രൂപയാണ് കിട്ടാനുള്ളത്. കൊല്ലത്തെ കശുവണ്ടി മുതലാളിമാർ തന്നെ കോടിക്കണക്കിന് രൂപ ഈ രൂപത്തിൽ കൊടുക്കുവാനുണ്ട്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ട്രൈബ്യൂണലിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയാം. കഴിഞ്ഞ പ്രാവശ്യം ട്രൈബ്യൂണലുകളിൽ നിന്നും ഡിസ്പോസ് ചെയ്യുന്ന കേസുകളെക്കുറിച്ച് ഇവിടെ വാചാലമായി പലരും പറഞ്ഞു. അവിടെ വിധി വന്നുകഴിഞ്ഞാൽ ആ വിധി ടൈപ്പ് ചെയ്തുകൊടുക്കുവാനുള്ള ജഡ്ജിമാരുടെ ഒപ്പോടുകൂടി ടൈപ്പ് ചെയ്ത 14 കോപ്പി അവരുടെ അടുത്തെത്തിയാൽ മാത്രമേ ആ വിധി നടപ്പിലാകൂ. പക്ഷെ വളരെയധികം കാലതാമസം വരുന്നതുകൊണ്ട് ട്രൈബ്യൂണലിൽ ജയിക്കുന്ന വ്യാപാരികളാണെങ്കിൽ അവർക്ക് ഉടനെതന്നെ ഈ കോപ്പി മിന്നൽ വേഗത്തിൽ കിട്ടുന്നു. കോഴിക്കോടുള്ള വലിയ രാഷ്ട്രീയ പിടിത്തമുള്ള ഒരു റബ്ബർ വ്യാപാരിക്ക് ട്രൈബ്യൂണലിൽ നിന്നും അനുകൂലമായ ഒരു വിധി വന്നിരുന്നു. പത്ത് ദിവസത്തിനിടയ്ക്ക് ഇലക്ട്രോണിക് ടൈപ്പിംഗിലൂടെ അതിന്റെ വിധി വരുന്നു. ഈ ട്രൈബ്യൂണലിനെ അറിയാമോ ഫോട്ടോസ്റ്റാറ്റ് മെഷീനും ഫാക്സും എല്ലാമുണ്ടെങ്കിൽപോലും മഷിയും കടലാസ്സും ഇല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫാക്സിനെ വിശ്വസിച്ചു കൂടാ ഇവിടെ സ്പീക്കറുടെ ഓഫീസും മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു ഫാക്സ് മെസ്സേജുണ്ട്. ആ ഫാക്സ് മെസ്സേജ് ദിവസേന പ്രസവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ എ.ഐ.സി.സി. ഓഫീസ് എന്നുപറഞ്ഞ് പുറപ്പെട്ട ഫാക്സ് മെസ്സേജ് തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഫാക്സ് മെസ്സേജായിരുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. ബാലൻ : അത് ശരിയാണ്. പക്ഷെ ഇവിടെയാണെങ്കിൽ എല്ലാ മെഷിനറിയും ഉണ്ട്, പക്ഷെ മഷിയും കടലാസ്സും വാങ്ങാൻ കാശില്ല. കോഴിക്കോട് ജില്ലയിൽ മാത്രം ഇത്തരം കോപ്പികൾ കിട്ടാത്തതുകൊണ്ട് ഗവൺമെന്റിനനുകൂലമായ 150 വിധികൾ കെട്ടിക്കിടക്കുന്നു. ഞാൻ ഇവിടെ ആരേയും കുറ്റം പറയുന്നതല്ല. ഈ ഡിപ്പാർട്ടുമെന്റ് streamline ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വളരെ അഭിമാനകരമായി എപ്പോഴും പറയും നമ്മൾ ഐ.ടി. രംഗത്തേക്ക് കുതിച്ചുയരുന്നുവെന്ന്. ഇൻഫർമേഷൻ ടെക്നോളജിയെ സ്വർഗ്ഗം വരുന്നുവെന്നാണ് പറയുന്നത്. ഇൻഫോസിസ്സിന്റെ ചെയർമാൻ നാരായണമൂർത്തിയെ ജിം-ൽ വ്യവസായ വകുപ്പുമന്ത്രി ആരാധിച്ചതാണ്. നാരായണ മൂർത്തി ഇവിടെ വന്ന് പറഞ്ഞത് എന്താണെന്ന് അറിയാമോ, ഒരു സാമ്പത്തിക പ്രവർത്തനത്തിനും ഇനി ഗവൺമെന്റ് വേണ്ട, എല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്നാണ്. എഡ്യൂക്കേഷൻ, ഹെൽത്ത്, ഹൗസിംഗ്, ഫുഡ് ഡിസ്ട്രിബ്യൂഷൻ ഇതെല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്ന് എണ്ണി എണ്ണി പറഞ്ഞു. ഇലക്ഷനും, ഡിഫൻസും, സ്പെയ്സ് റിസർച്ചും മാത്രം ഗവൺമെന്റിന് കൊടുത്താൽ മതിയെന്നാണ്. എന്താണ് കാര്യമെന്ന് അറിയാമോ ? ഇതൊക്കെ നഷ്ടമല്ലേ? ഇലക്ഷൻ നഷ്ടമല്ലേ അത് പ്രൈവറ്റുകാർ ഏറ്റെടുക്കാൻ തയ്യാറാകില്ല. സ്പെയ്സ് റിസർച്ച് അതും നഷ്ടമല്ലേ. നാരായണ മൂർത്തി നമ്മുടെ സംസ്ഥാനത്ത് ഉപദേശിച്ചിരിക്കുന്നത് ഇതാണെങ്കിൽ കർണ്ണാടകത്തിലെ മറ്റൊരു മദ്യരാജാവ് ഇവിടെ വന്നു, വിജയമല്ല്യ അദ്ദേഹം ഇവിടെ വന്നിട്ട് നമ്മുടെ ഗവൺമെന്റിനെ ഭീഷണിപ്പെടുത്തി. ഇവിടെ മദ്യത്തിന് ടേൺ ഓവർ ടാക്സുണ്ട്, ഈ ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ചില്ലെങ്കിൽ ഞങ്ങൾ കേരളത്തെ ഡ്രൈ ഏരിയയാക്കും. ഇവിടെ ഞങ്ങൾ മദ്യം സപ്ലൈ ചെയ്യുകയില്ല. ഞങ്ങളാണ് ഇൻഡ്യയിൽ 50 ശതമാനം മദ്യവും കൊടുക്കുന്നവർ. ഞങ്ങൾ നിങ്ങളെ മദ്യം കഴിപ്പിക്കാതെ ഡ്രൈ ഏരിയയാക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് പോയിരിക്കുകയാണ്. വിജയമല്ല്യ പോലുള്ള ഇത്രയും കുപ്രസിദ്ധനായിട്ടുള്ള ഒരു മദ്യരാജാവാണ്. അദ്ദേഹം എങ്ങനെ രാഷ്ട്രീയത്തിൽ എത്തിയെന്നുള്ളതൊക്കെ അങ്ങാടിപ്പാട്ടാണ്. ഇതിപ്പോൾ കർണ്ണാടക ഗവൺമെന്റും ചർച്ചാവിഷയമാക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മാത്രം ഒരു പ്രതികരണവും ഉണ്ടായില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം മൊത്തം ബഡ്ജറ്റ് പ്രൊവിഷൻ 1,342 കോടി രൂപയാണ്. തിരിച്ചു പിടിച്ചത് 840 കോടി രൂപ എന്ന് കൃത്യമായി പല റിപ്പോർട്ടുകളിലും പറയുന്നുണ്ട്. ഡെങ്കിപ്പനി നിർമ്മാർജ്ജനത്തിനുവേണ്ടി ഈ ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള കാശ് തിരിച്ചെടുക്കുന്ന കാശിൽപ്പെടുന്നു. ലജ്ജാകരമല്ലേ ? എങ്ങനെയാണ് ഇത് തിരിച്ചെടുക്കുന്നത് എന്നതിനെപ്പറ്റി ആലോചിക്കണ്ടേ ? സംസ്ഥാനത്ത് നല്ല പെർഫോമൻസിന് പ്രോത്സാഹനം നൽകി അവാർഡ് പ്രഖ്യാപിച്ചു. ഇങ്ങനെ അവാർഡ് പ്രഖ്യാപിച്ച പഞ്ചായത്തിന് കൊടുത്ത 10 ലക്ഷം രൂപ തിരിച്ചു പിടിച്ചിരിക്കുന്നു. അതിൽപ്പരം ലജ്ജാകരമായ സ്ഥിതിയുണ്ടോ? പഞ്ചായത്ത് മന്ത്രി ഇങ്ങനെ തിരിച്ച് പിടിക്കണം എന്ന് പറയുമ്പോൾ ധനകാര്യ മന്ത്രി അതിന് വഴങ്ങിക്കൂട. ഈ സംസ്ഥാനത്തെയാകെ തന്നെ അപകടപ്പെടുത്തുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. അതുകൊണ്ട് ഫൈനാൻസ് ബില്ലിലുള്ള ഇത്തരത്തിലുള്ള കാര്യങ്ങളൊക്കെ തന്നെ ഗവൺമെന്റ് കണക്കിലെടുക്കേണ്ടതാണ്. ധനാഗമ മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ എന്ന് പേര് പറയുമ്പോൾ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. മത്തായി ചാക്കോ</u> : യൂണൈറ്റഡ് ബ്രിവറീസിന്റെ മാനേജിംഗ് ഡയറക്ടർ വിജയമല്ല്യ കേരളത്തിൽ വന്നിട്ട് ചില മന്ത്രിമാരേയും ഭരണ കക്ഷിയിലെ നേതാക്കളേയും കണ്ടു എന്നുള്ള വാർത്തയുണ്ടായിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. ടി. കെ. ബാലൻ</u> : അദ്ദേഹം ഇവിടെ കർണ്ണാടകത്തിൽ നിന്ന് ടെലിവിഷൻ സെറ്റും ഇന്റർനെറ്റും എല്ലാം വച്ചുകൊണ്ടുള്ള കൊട്ടാര തുല്യമായ ഒരു കാറിൽ വരികയും അദ്ദേഹത്തിന് ഒരു വിമാനം ഇവിടെ റെഡ്ഡിയായി നിൽക്കുകയും ചെയ്തു. പല ആളുകളും കണ്ടു. എന്നാൽ ധനമന്ത്രിയെ കണ്ട് ചർച്ച ചെയ്തതായിട്ട് പത്രങ്ങളിൽ വന്നിട്ടില്ല. അദ്ദേഹം പറഞ്ഞ ഭീഷണിക്ക് അപ്പോൾ തന്നെ മറുപടി കൊടുത്തില്ല. ഒരു പ്രതികരണവും ഗവൺമെന്റ് ഭാഗത്തു നിന്നും ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ.സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ടി.കെ. ബാലൻ : ഞാൻ ഈ ധനബില്ലിന് എന്റെ ശക്തമായ ഡിസന്റ് രേഖപ്പെടുത്തുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ, നമ്മുടെ സംസ്ഥാനത്തിന്റെ ധനസ്ഥിതി തീർച്ചയായിട്ടും മെച്ചപ്പെടുത്തണം. നികുതി പിരിവ് ഊർജ്ജിതമാക്കണം. അതിനുവേണ്ടി ഗവൺമെന്റ് സ്വീകരിക്കാൻ തയ്യാറാകുന്ന നേരുംനെറിയുമുള്ള ഏത് കാര്യത്തിലും ഞങ്ങളുടെ ഭാഗത്തുനിന്നും പൂർണ്ണമായ പിന്തുണയുണ്ടാകും. ലക്ഷ്വറി ടാക്സ് അടക്കമുള്ള കാര്യങ്ങളിൽ ഞങ്ങൾ ഈ ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെ പിൻതാങ്ങുകയാണ്. പക്ഷേ ഗവൺമെന്റ് ഈ കാര്യങ്ങളിൽ വേണ്ടത്ര ഫലപ്രദമായി ലക്ഷ്യബോധത്തോടെ നീങ്ങുമെന്ന് വിശ്വസിക്കാൻ യാതൊരു വഴിയും കാണുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഇതുവരെയുള്ള സാമ്പത്തിക രംഗത്തെ പെർഫോർമൻസുകളിലൊന്നും ചുമതലാബോധമുള്ള, ദൂരക്കാഴ്ചയുള്ള ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് പറയാൻ യാതൊരു തെളിവും കാണുന്നില്ല. ഇപ്പോൾ കൊണ്ടു വന്ന ഈ ബില്ലിനുവേണ്ടി ശരിക്കും പറഞ്ഞാൽ ഉദ്ദേശ ശുദ്ധിയുള്ള ഹൃദയമുള്ള നല്ലവനായ മന്ത്രി വാദിക്കും. ഭംഗിയായി വാദിക്കും ഉപമകൾ ഉണ്ടാകും. അതെല്ലാം പ്രവാഹം പോലെതന്നെ ഉണ്ടായേക്കും. പക്ഷേ, ഇതേ പ്രവാഹങ്ങളെല്ലാം ചേർന്നു രൂപം കൊടുത്ത മറ്റൊരു ബിൽ നമുക്ക് ഓർമ്മയുണ്ടോ? അത് 'വാറ്റാ'യിരുന്നു. അന്ന് ഞങ്ങൾ ചോദിച്ചു "ഒന്ന് കാത്തിരുന്നു കൂടേ?" അദ്ദേഹം പറഞ്ഞു, "നോ...നോ... ഒറ്റ നിമിഷം പോലും കാത്തിരിക്കാൻ പാടില്ല. വാറ്റ് ഇൻഡ്യ മുഴുവനും വ്യാപകമാവുകയാണ്. ഏപ്രിൽ ഒന്ന് എന്ന തീയതിയുണ്ടെങ്കിൽ അന്ന് വാറ്റ് വന്നിരിക്കുമെന്ന്." ചൈനയിലും ബംഗാളിലും വാറ്റാണ്. അഷിം ദാസ് ഗുപ്ത ബഹുമാനപ്പെട്ട ശ്രീ. ശങ്കരനാരായണന്റെ ഏറ്റവും അടുത്ത ആളാണ്. ആ പേര് ഇവിടെ എത്രയോ പ്രാവശ്യം കേട്ടു. പക്ഷേ ആ ബിൽ എവിടെപ്പോയി അത് കേന്ദ്ര ഗവൺമെന്റ് തന്നതു പോലെ കൊണ്ടു പോയി. 'വരുമോ'രോ നയം വന്നതുപോലെ പോകും' എന്നു പറഞ്ഞതുമാതിരി കേന്ദ്ര ഗവൺമെന്റ് എന്തോ ഒന്ന് കൊണ്ടു വന്നു. അവർ അവിടെ ബഹളം ഉണ്ടാക്കി കേന്ദ്ര ഗവൺമെന്റ് പിൻവാങ്ങി. ഇപ്പോൾ 'വാറ്റ്' ഇല്ല. പകരം ഈ ബിൽ വന്നിരിക്കുന്നു. ഈ ബില്ലിൽ വലിയ ഒരു അപകടം പതിയിരിക്കുന്നു. 20-ാമത്തെ ക്ലാസ്സിൽ പറയുന്നു "Power to amend the Schedule (1) The Government may, by notification in the Gazettee, add, omit or amend any entry in the schedule to this Act, but not so as to enhance the rate in any case" അവസാനഭാഗം കേട്ടാൽ തോന്നും റേറ്റ് വർദ്ധിപ്പിച്ചു കൂടാ, റേറ്റ് കുറയ്ക്കാനുള്ള അവകാശം ഗവൺമെന്റിനുണ്ട് എന്ന്. അത് ഈ 20-ാമത്തെ ക്ലാസ്സിൽ പതിയിരിക്കുന്ന ആപത്താണ്. ഈ ആക്ട് പ്രകാരം എൻഹാൻസ്മെന്റ് പാടില്ല. പക്ഷേ കുറയ്ക്കാം. ഈ ഗവൺമെന്റ് കുറച്ചാൽ ആർക്കുവേണ്ടി കുറയ്ക്കും? ആർക്ക് അനുകൂലമായി കുറയും? ചോദ്യം വളരെ വ്യക്തമാണ്. ഈ ഗവൺമെന്റിന്റെ പക്ഷപാതിത്വമാണ് വിഷയം. ഗവൺമെന്റ് ആരുടെ കൂടെ നിൽക്കും? ഒരു ചൊല്ലുണ്ട് "Tell me who your friend is, I shall tell who you are" ഞങ്ങൾ ചോദിക്കുന്നു, ആരാണ് ഈ

11.00 A.M]

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ബന്ധുക്കൾ? ഈ ഗവൺമെന്റിന്റെ ബന്ധുക്കൾ കള്ളക്കടത്തുകാരാണ്. കള്ളക്കച്ചവടക്കാരാണ്. നികുതിവെട്ടിപ്പുകാരാണ്. കർണ്ണാടക മദ്യലോബിയാണ്. അത്തരം ബന്ധുക്കൾക്കെല്ലാംവേണ്ടി ഈ ഗവൺമെന്റ് തീരുമാനിച്ചാൽ എല്ലാനിരക്കുകളും കുറയ്ക്കുന്ന ഒരു വകുപ്പായി ഇതു മാറില്ല എന്ന് ഉറപ്പിച്ചു പ്രഖ്യാപിക്കാൻ കഴിയുമോ എന്ന് ഞാൻ മന്ത്രിയോട് ചോദിക്കുന്നു. ഇവിടെ ഒരു വിജയ മല്ലയ്യയുടെ കാര്യം പറഞ്ഞു. വിജയമല്ലയ്യ സ്വന്തം പണത്തിന്റേയും പ്രതാപത്തിന്റേയും ബലത്തിൽ എം.എൽ.എ. മാരെ വിലയ്ക്കു വാങ്ങിച്ച് എം.പിയായ ആളാണ്. രാഷ്ട്രീയത്തിലെ മൂല്യത്തർച്ചയുടെയും അധ:പതനത്തിന്റേയും എല്ലാം പ്രതീകമാണ്. ആ മല്ലയ്യ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ കാണാൻ ശ്രമിച്ചു എന്നും മന്ത്രി കണ്ടില്ല എന്നും കേൾക്കുകയുണ്ടായി. മന്ത്രി ഓടിപ്പോയതാണോ? അത് എന്താണെന്ന് എനിക്ക് അറിയില്ല. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ ഒരു വസ്തുത ബാക്കി നിൽക്കുന്നു. ഈ ഗവൺമെന്റിന് കർണ്ണാടക മദ്യ ലോബിയുമായി നിഷേധിക്കാനാകാത്ത ബന്ധമുണ്ട്. ബിവറേജസ് കോർപ്പറേഷൻ അടയ്ക്കുന്ന നികുതിയുടെ വലിയൊരു ഭാഗം ശരിക്കു പറഞ്ഞാൽ കർണ്ണാടകയിലെ മദ്യ ലോബി അടയ്ക്കേണ്ടതാണ്. ആ മദ്യലോബി അടയ്ക്കേണ്ട നികുതി കേരളത്തിലെ ബിവറേജസ് കോർപ്പറേഷൻ അടയ്ക്കുക വഴി കർണ്ണാടക മദ്യ ലോബിയെ ഗവൺമെന്റ് സഹായിക്കുന്നു. ഈ ബന്ധം ഈ ഗവൺമെന്റിന് നിഷേധിക്കാനാവാത്ത ബന്ധമാണ്. ഇടയ്ക്കിടയ്ക്ക് ഈ ഗവൺമെന്റ് മനസ്സിലെങ്കിലും പറയുന്നു "കർണ്ണാടകത്തിലേതുപോലെ ഇവിടേയും വരേണമേയെന്ന്." എന്താണ് ഈ കർണ്ണാടക കണക്ഷൻ? തെരഞ്ഞെടുപ്പു കാലത്ത് യു.ഡി.എഫിന് സംസ്ഥാന രാഷ്ട്രീയത്തെ സ്വന്തം ഭാഗത്തേയ്ക്ക് വഴിമാറ്റി കൊണ്ടു പോകാനായി ഒഴുകി വന്ന കോടാനുകോടി പണമാണ് കർണ്ണാടക മദ്യലോബി, സ്പിരിറ്റ് കച്ചവടക്കാർ നൽകിയത്. അവരെല്ലാം സ്വന്തം രാഷ്ടീയത്തെ മലീമസമാക്കാൻവേണ്ടി, വർഗ്ഗീയ ഭ്രാന്തൻമാരുമായി കൂട്ടുപിടിച്ച് യു.ഡി.എഫിനെ അധികാരത്തിലേറ്റാൻ വേണ്ടി ഒഴുക്കി വിട്ട പണത്തോടുള്ള കടപ്പാട് ഈ ഗവൺമെന്റ് മറച്ചു വയ്ക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ടാണ് കർണ്ണാടക മദ്യ ലോബിക്കുവേണ്ടിയുള്ള ബിവറേജസ് കോർപ്പറേഷന്റെ ദാനമെന്ന് വിളിക്കാവുന്ന ആ 250 കോടി രൂപ നമ്മുടെ സംസ്ഥാനത്ത് നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പെർമിറ്റ് വാങ്ങിക്കഴിഞ്ഞാൽ, നമ്മുടെ സംസ്ഥാനത്തേക്കുള്ള പെർമിറ്റ് വാങ്ങുന്ന ഏജന്റുമാർ അവർക്ക് കള്ളക്കടത്തിനുള്ള എല്ലാ അവസരവും ഉണ്ടാക്കും. കള്ളക്കടത്ത് അറിഞ്ഞും അറിയാതേയും ഉണ്ട്. ഇവിടെ ചെക്ക് പോസ്റ്റുകളെപ്പറ്റി പറഞ്ഞല്ലോ. ചെക്ക് പോസ്റ്റ് വഴി അറിഞ്ഞുള്ള കള്ളക്കടത്തുണ്ട്. അറിയാതെയുള്ള കള്ളക്കടത്തുണ്ട് രാഷ്ട്രീയം ഉള്ളതുണ്ട്. അതിന് ബൈപ്പാസ് ഉണ്ട്. അതിലൂടെയൊക്കെ വരുന്ന കള്ളക്കടത്തിന്റെ വലിയ ഭാഗം നമ്മുടെ ബിവറേജസ് കോർപ്പറേഷന്റെ കച്ചവടത്തിലും ലാഭത്തിലും ബാധിക്കുന്നുണ്ട്. ഞാൻ ചോദിക്കുന്നു, ബിവറേജസ് കോർപ്പറേഷൻ ഈ കേരളത്തിൽ വിൽക്കുന്ന മദ്യത്തിന്റെ കണക്ക് വ്യക്തമാക്കട്ടെ. ആ സ്റ്റേറ്റ്മെന്റ് തരട്ടെ. ആ സ്റ്റേറ്റ്മെന്റ് നോക്കിയാൽ മനസ്സിലാകും. കേരളത്തിൽ വിൽക്കുന്ന മദ്യത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമേ ഔദ്യോഗികമായി മദ്യ വിൽപ്പനയുടെ മോണോപ്പൊളിയുള്ള ഈ പ്രസ്ഥാനം വിൽക്കുന്നുള്ളൂ എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ബിവറേജസ് കോർപ്പറേഷന്റെ ഔദ്യോഗിക വിൽപ്പനയുടെ അപ്പുറത്താണ് ശരിക്കുപറഞ്ഞാൽ യഥാർത്ഥത്തിൽ വിൽക്കപ്പെടുന്ന മദ്യത്തിന്റെ അളവ്. 'ഇൻഡ്യൻ മെയ്ഡ് ഫോറിൻ ലിക്കറി'ന്റെ ഏകദേശം 60 മുതൽ 70 ശതമാനം കള്ളക്കടത്തായി ഇവിടെ എത്തുന്ന മദ്യമാണ്. ഈ ലാഭം എങ്ങോട്ട് പോകുന്നു. ഏറ്റവും ചുരുങ്ങിയ കണക്ക് നോക്കിയാൽ 500 കോടി രൂപ അനധികൃതമായി ഇവിടെ എത്തുന്ന ഈ മദ്യവിൽപ്പന വഴി ഇവിടെ നടക്കുന്നുണ്ട്. ഇത് ഗവൺമെന്റിനറിയാം, ഉദ്യോഗസ്ഥൻമാർക്കെല്ലാം അറിയാം. പക്ഷെ കണ്ണടച്ചു പിടിക്കുന്നു. കർണ്ണാടക മദ്യലോബിയെ വിഷമിപ്പിക്കാനോ, അലോസരപ്പെടുത്താനോ സാധിക്കാത്ത ഗവൺമെന്റാണ് അധികാരം കയ്യാളുന്നത്. അതിന്റെ ഫലമായിട്ട് വിദേശ മദ്യരംഗത്ത് ഉണ്ടാകുന്ന ഈ വലിയ കൊള്ളകൾ പരിപൂർണ്ണമായും തടയാൻ ഗവൺമെന്റിന് ആർജ്ജവം ഉണ്ടെങ്കിൽ ആ ആർജ്ജവം പ്രഖ്യാപിക്കാൻ മന്ത്രി ഒരുങ്ങട്ടെ, ക്ലബ്ബുകൾക്ക് ലൈസൻസ് നൽകാൻ ഇപ്പോൾ പ്രഖ്യാപനം വന്നിരിക്കുകയാണ്. ഒരു ക്ലബ്ബിന് മദ്യം വിൽക്കാൻ അനുമതി വേണമെങ്കിൽ 25 കൊല്ലം പ്രവർത്തിക്കണമെന്നാണ് പണ്ട് പറഞ്ഞിരുന്നത്. 25 കൊല്ലം പ്രവർത്തിച്ച് ആ ക്ലബ്ബ് ആകാനുള്ള യോഗ്യത തെളിയിക്കേണ്ട വ്യവസ്ഥയ്ക്ക് ഇളവ് വരുത്തിക്കൊണ്ട് 10 കൊല്ലം ക്ലബ്ബ് ആയിരുന്നാൽ മതി, അത്തരം 10 കൊല്ലം പ്രായമുള്ള ക്ലബ്ബുകൾക്ക് ഇഷ്ടംപോലെ വിദേശമദ്യം വിൽക്കാമെന്നുള്ള ഔദാര്യം കാണിച്ചിരിക്കുകയാണ്. എന്നുപറഞ്ഞാൽ സമ്പന്നൻമാരുടെ ക്ലബ്ബുകൾക്ക് കുടിക്കാനും കൂത്താടാനും, രാഷ്ട്രീയ തലത്തിൽ ഉള്ളവരുമായും ഉദ്യോഗസ്ഥൻമാരുമായും ചങ്ങാത്തം സ്ഥാപിക്കാനും അതുവഴി നേരും നെറിയുമുള്ള എല്ലാത്തിനേയും അട്ടിമറിക്കാനും വേണ്ടിയുള്ള ഒട്ടേറെ തിൻമകളുടെ കൂടാരമായി മാറിവരുന്ന ഇത്തരം ക്ലബ്ബുകൾക്ക് നിർബാധമായി പ്രവർത്തിക്കാനുള്ള അവസരം നൽകുകവഴി ഈ ഗവൺമെന്റ് സ്വന്തം ധനാഗമമാർഗ്ഗത്തിന്റെ ഒരു വലിയ വഴിയടയ്ക്കാൻ ശ്രമിക്കുന്നു. ഈ ഗവൺമെന്റിന് പണം സമ്പാദിക്കാൻ പണം സ്വരുക്കൂട്ടാൻ വികസനത്തിനുവേണ്ടി പണം ഒരുക്കാനുള്ള പരിശ്രമമല്ല ഉള്ളത്. അതിനേക്കാൾ ഉപരി ഈ ഗവൺമെന്റിന് പ്രീതിപ്പെടുത്താനുള്ള കേന്ദ്രങ്ങളിൽ അവരെയെല്ലാം പ്രീതിപ്പെടുത്താൻ വേണ്ടി ഏതുവഴിക്കും പോകാനുള്ള ഒരു മര്യാദകെട്ട നീക്കമേ ഉള്ളൂ, അതുകൊണ്ട് ഇതിനെ നമുക്ക് ഗൗരവമായി കാണണ്ടേ ? നമ്മുടെ ഗവൺമെന്റിന്റെ നയ പ്രഖ്യാപനം നോക്കിയാൽ കാണാം ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിയൻ നയങ്ങളെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്ന ഗവൺമെന്റാകും എന്നാണ് അക്ഷരങ്ങളിൽ എഴുതിവച്ചിരിക്കുന്നത്. ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പിലാക്കാനായി പ്രതിജ്ഞാബദ്ധമായ ഗവൺമെന്റ് ആവാക്കുകൾക്ക് വല്ല അർത്ഥവുമുണ്ടോ ? ഘട്ടം ഘട്ടമായി എന്നുപറഞ്ഞുകൊണ്ട് വിദേശ മദ്യഷോപ്പുകൾക്കും വൻകിട ബാറുകൾക്കും സംസ്ഥാനം മുഴുവൻ കൊള്ളയടിക്കാനായി ഒരുപാട് പഴുതുകൾ വച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റ് മദ്യ വർജ്ജനത്തെ പോലും ഒരു ഗൗരവമുള്ള നയമായി കാണാൻ വിസമ്മതിക്കുകയാണ്. മറിച്ച് ഈ സംസ്ഥാനത്തിന്റെ മദ്യമായ, ശരിക്കുപറഞ്ഞാൽ ഒരു കുലത്തൊഴിലായ പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് വ്യവസായത്തെ തകർക്കുന്ന നയമാണ് ഗവൺമെന്റിന്റേത്. കള്ള് കേരളത്തിന്റെ പാരമ്പര്യ പാനീയമാണ്. കള്ളിനെപ്പറ്റിയുള്ള ഒരുപാട് രേഖകൾ ഞാൻ വായിച്ചിട്ടുണ്ട്. നമ്മുടെ ആരോഗ്യ ചികിൽസാരംഗത്ത് ധന്വന്തരിയുടെ ചികിത്സാവിധികളിൽ എല്ലാം പറയുന്നു, കള്ള് ഔഷധമൂല്യമുള്ള ഒന്നാണ്. ഒരു ലഹരിപദാർത്ഥം എന്നുപോലും അതിൽ പരാമർശമില്ല. ഞാൻ സമയക്കുറവുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. നല്ല കള്ള് നിശ്ചിതമായ അളവിൽ ഒരു ചീത്ത കാര്യം അല്ലെന്നാണ് ഞാനും മനസ്സിലാക്കിയിരിക്കുന്നത്. ഞാൻ കുടിച്ചിട്ടില്ല.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : കള്ള് ഔഷധ ഗുണമുള്ളതാണെന്ന് മനസ്സിലായത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണോ, കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണോ?

ശ്രീ. ബിനോയ് വിശ്വം : ഞാൻ പറഞ്ഞല്ലോ, ധന്വന്തരിയുടെ ചികിൽസാവിധിയിൽ കള്ളിനെപ്പറ്റി പറയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അതൊക്കെയൊന്ന് വായിക്കണം മിനിസ്റ്റർ.

ശ്രീ. എം.എം. ഹസ്സൻ: എനിക്ക് അതിനെക്കുറിച്ച് ഒരു വിവരവും ഇല്ലാത്തതുകൊണ്ടാണ് അങ്ങയോട് ചോദിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അതുകൊണ്ടാണ് അത് വാങ്ങിച്ച് ഒന്ന് വായിക്കണമെന്ന് പറഞ്ഞത്.

ശ്രീ. ബിനോയ് വിശ്വം : ഞാൻ എക്സ്പെർട്ടല്ല, പക്ഷെ ഞാൻ ചെത്തു തൊഴിലാളി പ്രസ്ഥാനത്തിന്റെ ഒരു ബന്ധുവാണ്, ആ പ്രസ്ഥാനത്തിന്റെ സമരപാരമ്പര്യവുമായി എനിക്ക് ബന്ധമുണ്ട്. അതുമായി ബന്ധപ്പെട്ടുതന്നെ ഞാൻ കള്ളിനെപ്പറ്റി പഠിച്ചിട്ടുണ്ട്. കള്ളിന്റെ ഗുണവും ദോഷവും ഞാൻ വായിച്ചിട്ടുണ്ട്. എന്തായാലും നിശ്ചിത അളവിൽ മായംചേർക്കാത്ത ശുദ്ധമായ കള്ള് ഔഷധഗുണം ഉള്ളതാണെന്നും ഗർഭിണികൾക്കുപോലും അതിന്റെ ആ സിദ്ധി ലഭ്യമാക്കാൻ കഴിയുമെന്നും ചികിൽസാ രേഖകൾ പലതും പറയുന്ന കാര്യം എനിക്ക് വായിച്ചറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : കള്ളിനെക്കുറിച്ച് ഒരുപാട് ആയുർവേദാചാര്യൻമാരും അതിൽ ഗവേഷണം നടത്തിയിട്ടുള്ളവരും ഒക്കെ പറഞ്ഞിട്ടുണ്ട്. നമ്മൾ അറിയേണ്ടത് ഇംഗ്ലീഷ് മരുന്നിനേയും ടോണിക്കിനേയും ഒക്കെ അപേക്ഷിച്ച് ഗർഭിണികളായ സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ അൽപ്പം തവിടിന്റെ സത്ത്, മുന്തിരിങ്ങ ഉണങ്ങിയത് ഇവയൊക്കെ കൊടുത്താൽ അത് രക്തശുദ്ധി നടത്താൻ, രക്തമുണ്ടാവാൻ, നല്ല ആരോഗ്യമുണ്ടാവാൻ ഒക്കെ നല്ലതാണെന്ന് പറയുന്നുണ്ട്.

ശ്രീ. എ.കെ. ബാലൻ: ശ്രീ. ബിനോയ് ഗർഭിണികൾക്ക് നല്ലതാണെന്ന് പറഞ്ഞു, ബിനോയ് വിശ്വത്തിന്റെ ഭാര്യ ഗർഭിണിയായ സമയത്ത് ഇത് ഉപയോഗിച്ചിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അവരുടെ കാര്യം, please ..... please... No comments

ശ്രീ. ഷിബു ബേബിജോൺ: ബഹുമാനപ്പെട്ട ബിനോയ് ശുദ്ധമായ കള്ള് ഔഷധഗുണമുള്ളതാണെന്നും, നല്ലതാണെന്നുമൊക്കെ പറഞ്ഞു.ശുദ്ധമായ കള്ളിൽ സാധാരണ ആൾക്കഹോൾ ശതമാനം കാണുന്നത് 3.75 മുതൽ 4 ശതമാനം ആണ്. പരമാവധി 5 ശതമാനം ആൾക്കഹോൾ ഉള്ളതാണ് ശുദ്ധമായ കള്ള് എന്നാണ് കേരളത്തിൽ നിയമം അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി കള്ളിന്റെ ആൾക്കഹോളിന്റെ അളവ് 8.1 ശതമാനംവരെ ആകാം എന്ന ഭേദഗതി കൊണ്ടുവന്നു. ഇതല്ലയോ കേരളത്തിൽ ഈ കള്ളിൽ മായം ചേർക്കാനും ആൾക്കഹോൾ കണ്ടന്റ് കൂട്ടാനുമുള്ള ഒരു നടപടിയായി മാറിയത് എന്നുള്ളതിനോട് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. ബിനോയ് വിശ്വം: ഞാൻ വിശദാംശങ്ങളിലേക്ക് പോകാതെ പറയട്ടെ, ആൾക്കഹോളിക് കണ്ടന്റ് എന്തുമാകട്ടെ, ശുദ്ധമായ കള്ളിനെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെന്റിന് കഴിയുമെങ്കിൽ ഗവൺമെന്റ് ചെയ്യേണ്ടത് വിദേശ മദ്യം, വ്യാജ മദ്യം, സ്പിരിറ്റ് ചേർത്ത ഒരുപാട് ലഹരിയുള്ള മദ്യം അതെല്ലാം വിൽക്കുന്ന ഈ ഷാപ്പുകളെ, ഔട്ട്ലറ്റുകളെ നിയന്ത്രിക്കാനുള്ള ധൈര്യം കാണിക്കണം. ആ ധൈര്യം കാണിക്കുന്നില്ല. എനിക്കറിയാം, കടുത്തുരുത്തിയിലെ കള്ളുഷാപ്പിൽ കള്ള് ഇല്ലാതാക്കാൻ വേണ്ടി അവിടെ ഒരു ബാർ ആരംഭിക്കാൻ പോകുന്നു. അത് കഴിഞ്ഞയാഴ്ച, ഇന്നലെ കേട്ടു, കോട്ടയത്ത് വേറെ ഒരു സ്ഥലത്ത്, അവിടെയും ഇതേനീക്കം. കള്ളുഷാപ്പുകൾ പാടില്ല, പകരം ബാർ വരട്ടെ. കള്ളുഷാപ്പുകൾ എല്ലാം പൂട്ടി നാട് മുഴുവൻ ബാർ സ്ഥാപിക്കാനുള്ള നീക്കമാണ്. അങ്ങ് അറിയണം രണ്ടായിരം കള്ളുഷാപ്പുകൾ പൂട്ടാൻ പോകുകയാണ്. അത് പൂട്ടിയിട്ട് 200-ൽ പരം വിദേശ മദ്യഷാപ്പുകൾ ആരംഭിക്കാൻ പോകുന്നു. 50-ലേറെ ബാർ ആരംഭിക്കാൻ പോകുന്നു. അങ്ങനെ പറഞ്ഞാൽ വിദേശ മദ്യത്തിന്റെ പ്രോൽസാഹനാർത്ഥം കള്ളുഷാപ്പുകൾ ഇല്ലാതാക്കാനുള്ള ഈ നീക്കത്തിൽ നിന്ന് ഗവൺമെന്റ് മാറാൻ തയ്യാറാകണം. ഇവിടെ പറഞ്ഞു എൻട്രി ടാക്സിന്റെ കാര്യത്തിൽ 9 ഐറ്റം വരികയാണ്. അങ്ങ് പറയുക എൽ.പി.ജി. ഒരു ധൂർത്താണോ, ഇന്ന് പാചകവാതകം ധൂർത്തല്ല. വാഹനങ്ങളിൽ ഇന്ന് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ധനം ആകാം എന്നുപറയുമ്പോൾ Automatic Liquified Gas-നും ടാക്സ് വരാൻ പോകുകയാണ്. ആശുപത്രികളിലേക്ക് കൊണ്ടുവരുന്ന ഉപകരണങ്ങൾക്കെല്ലാം ടാക്സ് വരാൻ പോകുകയാണ്. ചികിൽസാ ചെലവ് ഏറാൻ പോകുന്നു, ഇങ്ങനെ നോക്കിയാൽ ഈ എൻട്രി ടാക്സിന്റെ മറവിൽ പാവങ്ങൾക്കെതിരായ യുദ്ധപ്രഖ്യാപനത്തിന്റെ ഒരു പഴുതുള്ളതായി ഞാൻ സംശയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. പ്ലീസ് കൺക്ലൂഡ്

ശ്രീ. ബിനോയ് വിശ്വം: സർ, ചുരുക്കി ഒറ്റ വാചകം, ഈ കാരണത്താലാണ് ഞങ്ങൾ മൂന്നുപേർ ഈ ബില്ലിനെപ്പറ്റിയുള്ള ഡിസന്റ് രേഖപ്പെടുത്താൻ നിർബന്ധിതമായത്. ആ വികാരത്തെ മാനിച്ചുകൊണ്ട് മറുപടി പ്രസംഗത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും പ്രഖ്യാപനം നടത്താനും ബഹുമാന്യനായ മന്ത്രി തയ്യാറാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.ഞാൻ വളരെ ചുരുക്കം ചില കാര്യങ്ങളേ ഇത് സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുന്നുള്ളു. ഇവിടെ വിൽപ്പന നികുതി സമാഹരണത്തിന്റെ കാര്യത്തിൽ കഴിഞ്ഞ പ്രാവശ്യത്തെ ടാർജറ്റിന്റെ 94 ശതമാനം നേടാൻ കഴിഞ്ഞ ഗവൺമെന്റ് എന്നുള്ള നിലയിൽ തീർച്ചയായിട്ടും ഈ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു. അതിന് നേതൃത്വം കൊടുത്തിട്ടുള്ള ബഹുമാനപ്പെട്ട ധനമന്ത്രിയും അഭിനന്ദനമർഹിക്കുന്നു എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവും ഇല്ല. പക്ഷെ ഇവിടെ ഗൗരവമായിട്ട് കാണേണ്ട ഒരു കാര്യം എപ്പോഴും സംഭവിക്കുന്നത് ഇവിടെ ചർച്ചകൾ വരുന്ന സമയത്ത് നമ്മൾ പ്രതിപക്ഷ ഭരണമുന്നണിയെന്ന നിലയിൽ കക്ഷി പിരിയുന്നു, പക്ഷേ രണ്ടു കൂട്ടർക്കും അറിയാവുന്ന ഒരു യാഥാർത്ഥ്യമുണ്ട്, റവന്യു കമ്മി കൂടിക്കൊണ്ടിരിക്കുകയും ധനകാര്യ മാനേജുമെന്റ് നമ്മൾ വിഭാവന ചെയ്യുന്ന വിധത്തിൽ ഒരിക്കലും ഉയരാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. ഞാൻ ഈ ഗവൺമെന്റിന്റെ ടാക്സ് പിരിവിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള നല്ല സമീപനത്തെ അഭിനന്ദിച്ചുകൊണ്ടുതന്നെ പറയട്ടെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എല്ലാം ശരിയായി എന്നുള്ള സ്വഭാവത്തിൽ കാര്യങ്ങളെ കണ്ടതുകൊണ്ട് പ്രയോജനമില്ല. കാര്യങ്ങൾ ഏതു സമയത്തും അപകടത്തിലേയ്ക്ക് നീങ്ങുന്ന വിധത്തിൽ നമ്മുടെ സാമ്പത്തിക രംഗം സ്റ്റേബിൾ അല്ലാതെ നിൽക്കുകയാണ്. അതിന് ഭദ്രതയില്ല. മലയാള മനോരമയുടെ 23-ാം തീയതിയിലുള്ള അവരുടെ വാണിജ്യ കോളത്തിൽ വന്നിട്ടുള്ളത് അമ്പരപ്പിക്കുന്ന വാർത്തയാണ്. അത് ഇപ്പോൾ നമ്മളേയും നിങ്ങളേയും പേടിപ്പിക്കുന്ന വാർത്തയാണ്. എന്താണ് വാർത്ത, സാമ്പത്തിക വർഷം ആരംഭിച്ച് നാല് മാസം തികയുമ്പോൾ പോലും നാലായിരത്തി നാന്നൂറ്റിമുപ്പത് കോടി ഉറുപ്പികയുടെ വാർഷിക പദ്ധതി ഇതുവരെ ലക്ഷ്യം കണ്ടത് മൂന്നു ശതമാനം മാത്രമാണ്. സാധാരണ ജൂലൈ അവസാനം ഏകദേശം 12

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം പദ്ധതി ചെലവ് നടക്കുന്ന സ്ഥാനത്താണിത്. അപ്പോൾ ഏഷ്യൻ ബാങ്കിന്റെ സഹായവും വിൽപ്പന നികുതിയിൽ വൻ വരുമാനവും ഉണ്ടായിട്ടും റവന്യു കമ്മിയും ധനകമ്മിയും കുതിച്ച് ഉയരുകയാണ്. റവന്യു കമ്മി മൂവായിരം കോടി രൂപയും ധനകമ്മി നാലായിരം കോടി രൂപയും കാണിച്ചിട്ടുണ്ട്. ഇടതുമുന്നണിയുടെ കാലത്താണ് സാമ്പത്തിക തകർച്ചയുടെ ഭാഗമായ റവന്യു കമ്മി മുൻപ് ഈ നിലവാരത്തിൽ എത്തിയത്. ഇത് വളരെ അലാമിംഗ് ആയിട്ടുള്ള സാഹചര്യമാണ്. ഇത് വളരെ ഗൗരവമായിട്ട് കാണണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം കാര്യങ്ങൾ ഭദ്രമായി നമ്മുടെ കയ്യിൽ നിൽക്കുകയില്ല. വളരെ അപകടത്തിലേക്ക് പോകുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തിയിരുന്ന കാലത്ത് വന്നിട്ടുള്ള സാമ്പത്തിക കെടുകാര്യസ്ഥതയുടെ ഫലമായിട്ടാണ് ഈ അപകടമെല്ലാം നമ്മുടെ രാജ്യത്ത് വന്നത്. എങ്കിലും നമ്മൾ അത് തിരുത്തി തിരുത്തി മുന്നോട്ടു പോകുകയായിരുന്നു. പക്ഷെ നമ്മൾ വീണ്ടും പുറകോട്ട് പോകുകയാണോ എന്ന് നമ്മെ ഭയപ്പെടുത്തുന്ന വിധത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത് എന്ന് സാമ്പത്തികകാര്യവിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിക്കുകയാണ്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുറന്ന മനസ്സോടുകൂടി കാണണം എന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ കാര്യം ഇവിടെ തോമസ് ഐസക്കും ശ്രീ. ബാലേട്ടനും മറ്റു സ്നേഹിതൻമാരും പറഞ്ഞ കാര്യമാണ് സർ, പ്രതിപക്ഷത്തു നിന്നാണ് ഒരു കാര്യം പറയുന്നത് എന്നതുകൊണ്ട് അതിന്റെ മെറിറ്റ് കാണാതിരിക്കരുത്. ഞാൻ പറയുന്ന സംഗതി ശ്രീ. തോമസ് ഐസക്കും ഇവിടെ പറഞ്ഞു, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിലെ എക്സ്പെൻഡിച്ചറിനെപ്പറ്റി നമുക്കും അറിയാം, മാർച്ച് 31-ാം തീയതി പണം എങ്ങനെയാണ് ആ കാലത്ത് ചെലവാക്കിയതെന്നുള്ള കാര്യം. പണ്ട് ഒരാൾ ഒരു ചങ്ങാതിക്ക് ചെലവാക്കാത്ത ഒരു നാണയം കൊടുത്തിട്ട് ചോദിച്ചു, ഇത് എങ്ങനെ ചെലവാക്കുമെന്ന്, അവൻ എന്തു ചെയ്തു എന്നുവച്ചാൽ നെല്ലിന്റെ കൂട്ടത്തിൽ അളന്നുകൊടുത്തു. അങ്ങനെയാണ് ചെയ്തത്. മാർച്ച് 31 ആയപ്പോൾ ചിലർ ഡെപ്പോസിറ്റ് ചെയതു അവിടെ കെട്ടിവച്ചു, ഇവിടെ കെട്ടിവച്ചു, ഇടതുപക്ഷം അങ്ങനെ ചെലവാക്കിയതാണ്, അതു പോകട്ടെ, ഇപ്പോഴത്തെ സാഹചര്യത്തിൽ ശ്രീ. തോമസ് ഐസക്ക് പറഞ്ഞതിൽ ഗവൺമെന്റ് ഇങ്ങനെ ഒരു വരുമാനം ഉണ്ടാക്കുന്നു, അതുകൊണ്ട് ടാക്സിൽ വരുന്നില്ല, അതല്ല കാര്യം ഇത് ഗൗരവമായിട്ടുള്ള പ്രശ്നമാണ്. അതായത് ലോക്കൽ ബോഡീസിന് കൊടുത്ത പണം ചെലവായില്ല എന്നതിന്റെ അടിസ്ഥാനത്തിൽ തിരിച്ചുപിടിക്കുന്നത് വളരെ വലിയ പ്രശ്നങ്ങൾ രാജ്യത്ത് ഉണ്ടാക്കും അതിന് എന്താണ് പരിഹാരമെന്നത് ധനകാര്യമന്ത്രി ഗൗരവമായിട്ട് ചർച്ച ചെയ്യണം. ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്ററും ഗവൺമെന്റും മൊത്തത്തിൽ ഇക്കാര്യം പഞ്ചായത്തുകൾ പണം ചെലവാക്കാത്തതാണ് കാര്യം എന്നുപറയന്നു, യഥാർത്ഥത്തിൽ അവരുടെ കുറ്റം കൊണ്ടല്ല. ഒന്ന് ഫണ്ട് യഥാസമയം റിലീസ് ചെയ്യാത്ത പ്രശ്നം. രണ്ടാമത് എൻജിനീയറിംഗ് സ്റ്റാഫിന്റെ അഭാവമാണ്, ഞങ്ങളൊക്കെ അനുഭവിക്കുന്നത് ആണ്. ഇപ്പോൾ തന്നെ എൻജിനീയർമാർ ഇല്ലാത്ത എത്രയോ പഞ്ചായത്തുകൾ ഉണ്ട്. അവരെ കുറ്റം പറഞ്ഞിട്ട് എന്താണ് കാര്യം. അതുകൊണ്ട് ഈ ചെലവാകാത്ത

LIBRARY ARCHIVES Kerala Legislative Assembly

പണം തിരിച്ചുപിടുക്കുക്കയെന്നുള്ള സമീപനം ഗവൺമെന്റ് ഗൗരവമായിട്ട് പുനഃപരിശോധിക്കണം അല്ലെങ്കിൽ അത് വലിയ തോതിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കും എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവർ പറഞ്ഞ കാര്യം പ്രതിപക്ഷമാണ് പറഞ്ഞതെന്നു വിചാരിച്ചിട്ട് ചെവി കൊടുക്കാതിരിക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : എം.എൽ.എ. മാരുടെ വികസന ഫണ്ടിന്റെ യാതൊരു എസ്റ്റിമേറ്റും എടുത്തിട്ടില്ല, വളരെ നിരാശയാണ്, അങ്ങ് അതൊന്ന് ക്ളിയർ ആയിട്ട് പറയണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ശരിയാണ്, അതിന് പരിഹാരമുണ്ടാക്കണം, വേറൊരു സംഗതി എനിക്ക് പറയാനുള്ളത് എന്താണെന്നുവച്ചാൽ ഇവിടെ നമ്മൾ സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയ സമയത്ത് നമ്മൾ ചില ഓർഡർ കൊടുത്തു, ആ ഓർഡർ കൊടുത്തശേഷം നമ്മൾ റിട്ടയർമെന്റ് വേക്കൻസി ആതുപോലെതന്നെ മരിച്ചത്, അതുപോലെതന്നെ പിരിയുന്നത്, superannuation, death, retirement ഇങ്ങനെയുള്ള വേക്കൻസികളിലുള്ള പോസ്റ്റ് ഫില്ലപ്പ് ചെയ്യാൻവേണ്ടി ഗവൺമെന്റിന്റെ പ്രത്യേക സമ്മതം ആവശ്യമില്ലെന്ന് നമ്മൾ രണ്ടാമത്തെ ഒരു ഓർഡർ ഇറക്കിയിരുന്നു. ആദ്യം നമ്മൾ എല്ലാ പോസ്റ്റിലും ഇത് വേണമെന്ന് ഉത്തരവ് ഇറക്കി, രണ്ടാമത് superannuation, death, retirement കേസുകളിൽ വരുന്ന വേക്കൻസി ഫില്ലപ്പ് ചെയ്യാമെന്ന് നമ്മൾ ഉത്തരവ് കൊടുത്തു, രണ്ടാമത് കൊടുത്ത ഉത്തരവ് ഇപ്പോൾ റദ്ദ് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സ്കൂളുകളിൽ റിട്ടയർമെന്റ് വേക്കൻസി ഇതുപോലുള്ള വേക്കൻസി പോലും ഫില്ലപ്പ് ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ധനമന്ത്രി ആ കാര്യത്തിൽ രണ്ടാമത് കൊടുത്തിട്ടുള്ള ഓർഡർ പുനഃപരിശോധിക്കണം ഒഴിവുകൾ നികത്തുന്ന കാര്യത്തിൽ യാതൊരു തടസ്സവും ഉണ്ടാകരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സർ, ഇവിടത്തെ സാമ്പത്തിക സാഹചര്യങ്ങളെപ്പറ്റി എന്റെ സ്നേഹിതൻ വിശ്വം ഇവിടെ പറഞ്ഞു, റവന്യൂ വരുമാനത്തിൽ വിദേശമദ്യ ഷാപ്പുകൾ നമ്മുടെ രാജ്യത്ത് വ്യാപകമായി കൊടുത്തതിനെപ്പറ്റി ഞാൻ പറഞ്ഞതാണ്. കഴിഞ്ഞ ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പറഞ്ഞു, വളരെ അപകടം പിടിച്ച പണിയാണ്, തോന്നിയിടത്തൊക്കെ വിദേശ മദ്യഷാപ്പുകൾ ആരംഭിക്കാനുള്ള പ്രവണത വളരെ അപകടം പിടിച്ചതാണ്. ശ്രീ. ബിനോയ് ഉൾപ്പെടെയുള്ളവരുടെ വിയോജിപ്പ് എന്താണെന്നുവച്ചാൽ നല്ല കള്ള് എങ്കിലും കൊടുക്കണമെന്നുള്ള സ്വഭാവത്തിലല്ല. ബിനോയ് വിശ്വത്തിന്റേയും ശ്രീ. രാജേന്ദ്രന്റേയും വർത്തമാനം കേട്ടാൽ തോന്നും ഇത്ര ഔഷധ മൂല്യമുള്ള പാനീയം ഈ രാജ്യത്ത് വേറെ കിട്ടാനില്ലെന്ന്. ഇത് വലിയ അപകടം പിടിച്ച കാര്യമാണ്. ഞാൻ പറയുന്നത് ഇതൊന്നും ഉണ്ടാക്കരുത് കാരണം എന്താണെന്ന് അറിയാമോ, ബിനോയ് വിശ്വത്തിന്റെ പാർട്ടി ഇവിടെ ഭരിച്ചപ്പോഴും നിങ്ങൾ ഭരിച്ചപ്പോഴും ഈ നല്ല കള്ളിന്റെ മേൽവിലാസത്തിൽ ഇൻഡ്യൻ മെയിഡ് ഫോറിൻ ലിക്വറിന്റെ മേൽവിലാസത്തിൽ ഇവിടെ എല്ലായിടത്തും കൊടുത്തത് വിഷം കലർന്ന പാനീയങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ്. എം. പുതുശ്ശേരി : സർ, നല്ല കള്ളിന്റെ മേൽവിലാസത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഷാപ്പുകളിൽ മുഴുവൻ വ്യാജ കള്ള് വിതരണം ചെയ്തു എന്ന് ഇപ്പോഴത്തെ പ്രതിപക്ഷ നേതാവും എൽ.ഡി.എഫ്. കൺവീനറുമായ ശ്രീ. അച്ചുതാനന്ദൻ പത്ര സമ്മേളനം നടത്തി ആക്ഷേപം ഉന്നയിച്ചിട്ടുള്ളത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ പറഞ്ഞ വിശ്വത്തിനും അറിയാം, എല്ലാപേർക്കും അറിയാം, ശുദ്ധ കള്ള് വിറ്റിട്ട് എങ്ങനെയാണ് സർ, കച്ചവടം നടത്തുന്നത്. ഇവർ ഈ ബോർഡ് തൂക്കിയിട്ടിട്ട് എന്താണ് പറയുക, അതിൽ കെമിക്കൽസ് ഉപയോഗിക്കുന്നത് ഞാൻ ഒരിക്കൽ കണ്ടു കൈരളി ടി.വി.യിൽ ആണെന്നാണ് തോന്നുന്നത്, ഈ കള്ളവാറ്റിൽ എന്തെല്ലാം സാധനങ്ങളാണ് കലക്കിക്കൊടുക്കുന്നത്. നല്ല കള്ളിന്റെ കെയർഓഫിൽ എന്തിനാണ് ഈ വിഷംകലർത്തി കൊടുക്കുന്നത്. ചെത്ത് തൊഴിലാളികൾക്ക് ജോലിക്കാണ് പ്രശ്നമെങ്കിൽ വേറെ മാർഗ്ഗം കണ്ടുപിടിക്ക്, ബീഡി വലിച്ചിരുന്ന ആളുകൾ ബീഡിവലി ഉപേക്ഷിച്ചപ്പോൾ എന്ത് ചെയ്തു, ദിനേശ് ബീഡിക്കാർ പറഞ്ഞോ, എന്നാൽ നാട്ടുകാർ മുഴുവൻ ബീഡി വലിക്കട്ടെ എന്ന് അവർ വാശിപിടിച്ചോ, ദിനേശ് കമ്പനിക്കാർ ആൾട്ടർനേറ്റീവ് പ്രൊഡക്ഷനിലേക്ക് പോയി, ബീഡി വലി ജനങ്ങൾ കുറയ്ക്കുകയാണ്, ബീഡി തൊഴിലാളികൾക്ക് നിലനിൽക്കാൻവേണ്ടി ആൾക്കാരെ മുഴുവൻ ബീഡി വലിപ്പിക്കാൻ പറ്റുമോ ?

ശ്രീ. ബിനോയ് വിശ്വം : ശ്രീ. ബഷീർ ശുദ്ധമായ കള്ളിനുവേണ്ടിയാണ് തൊഴിലാളി പ്രസ്ഥാനം വാദിക്കുന്നത്. വ്യാജക്കള്ളിനോ വിഷക്കള്ളിനോ വേണ്ടിയല്ല. ഞങ്ങൾ എല്ലാ ഘട്ടങ്ങളിലും പറയുന്നു വ്യാജക്കള്ള് ഉപയോഗിക്കാൻ പാടില്ലായെന്ന്.

ശ്രീ. എ. കെ. ബാലൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു കാര്യം പറഞ്ഞു, കംപ്ലീറ്റ് മദ്യനിരോധനമാണല്ലോ ലീഗിന്റെ നയം, ബൈബിളിൽ കാനായിലെ കല്യാണവുമായി ബന്ധപ്പെട്ട ഒരു സംഭവമുണ്ട്, കല്യാണത്തിന് വീഞ്ഞ് തീർന്നതിനുശേഷം യേശുക്രിസ്തു പറഞ്ഞു, വെള്ളം കൊണ്ടുവാ, ഞാൻ അത് വീഞ്ഞാക്കിത്തരാമെന്ന്, വെള്ളം വീഞ്ഞാക്കുകയും ചെയ്തു, അതുമായി ബന്ധപ്പെട്ടുകൊണ്ട് ഖുറാനിൽ എന്തെങ്കിലും പരാമർശമുണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ബാലന്റെ ചോദ്യം കുൽസിതമായ ചോദ്യമാണ്. ഇതിൽ ഒന്നുമില്ല. എല്ലാ ആത്മീയാചാര്യൻമാരും മനുഷ്യനെ വഴിതെറ്റിക്കുന്ന ഇത്തരം പാനീയങ്ങൾക്ക് എതിരായിട്ടാണ് സംസാരിക്കുന്നത്. ഞാൻ പറയുന്നത്, ഇത് ഇന്നല്ലെങ്കിൽ നാളെ ചെയ്യണം. നിങ്ങൾ ഈ പറയുന്നത് ഒന്നും നടക്കില്ല. ശരിക്കുള്ള മദ്യം കൊടുക്കണം ഇതൊന്നും നടക്കാൻ പോകുന്നില്ല. ശ്രീ. ബിനോയ് തന്നെ ഇവിടെ ഒരു കണക്ക് പറഞ്ഞു, ഇവിടെ ഇറക്കുമതി ചെയ്യുന്നത് മുഴുവൻ എന്തിനാണെന്നുവച്ചാൽ ഇവർക്ക് കച്ചവടം ചെയ്യാനാണ്. നേരെ ചൊവ്വെയുള്ള കച്ചവടമല്ല. എന്ത് സാമ്പത്തിക ലാഭം വന്നാലും ശരി ജനങ്ങളുടെ ആരോഗ്യം കാർന്നുതിന്നുന്ന കുഞ്ഞുങ്ങളെ, സ്ത്രീകളെ, സമൂഹത്തെ മുഴുവൻ ഇഞ്ചിഞ്ചായി കൊല്ലുന്ന വിഷം വിൽക്കുന്നതിന് നമ്മൾ കൂട്ടുനിൽക്കാൻ ഒക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താങ്കൾ ഇപ്പോൾ പറയുന്നത് കള്ള് വ്യവസായം തകരുന്നത് കള്ളിൽ വിഷം ചേർക്കുന്നതുകൊണ്ടാണ്, ബീഡി വ്യവസായം തകരുന്നത് ബീഡി വലിക്കാത്തതുകൊണ്ടാണ് എന്നൊക്കെയാണ്, എനിക്ക് ഇപ്പോൾ സംശയം, നിങ്ങളുടെ ഭരണത്തിൻകീഴിൽ കശുവണ്ടി വ്യവസായം എന്നാണ് തകരുന്നത്. കശുവണ്ടി ഇഷ്ടംപോലെ ആളുകൾ തിന്നുന്നുണ്ട്. കശുവണ്ടി തീറ്റി വർദ്ധിച്ചുവരികയാണ്. ഏറ്റവും നല്ലരുചിയുള്ള സാധനമാണ്. അതുപോലും സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് എന്താണ് കഴിയാത്തത് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇതു കേട്ടാൽ തോന്നും നിങ്ങളുടെ കാലത്ത് കശുവണ്ടിക്ക് വലിയ രക്ഷയായിരുന്നു എന്ന്, ഇതൊക്കെ അന്താരാഷ്ട്ര തലത്തിലുള്ള ചില വ്യാപാരബന്ധങ്ങളുമായി ബന്ധപ്പെട്ട സംഗതികളാണ് നമ്മുടെ മാത്രം കൈയിലല്ല. ഇമ്മാതിരി പൊട്ടുവിദ്യകൊണ്ടൊന്നും ഇവിടത്തെ സമ്പദ്‌വ്യവസ്ഥയെ മാറ്റിയെടുക്കാൻ കഴിയുകയില്ല., ഇവിടെ കേരളത്തിൽ ഇപ്പോൾ നിരാശപ്പെടേണ്ട സംഗതിയില്ല. കേരളത്തിലുള്ള സാഹചര്യങ്ങളെ സംബന്ധിച്ച് ഇവിടെ ഫിനാൻസ് എക്സ്പ്രസിൽ മിനിഞ്ഞാന്ന് ഒരു വാർത്ത വന്നിരുന്നു. research eyes turning towards Kerala's NRI economy ഇവിടെ പൈസയിറക്കാൻ ആളുകൾ വരുന്നുണ്ട്. ഇവിടെ ആളുകൾക്ക് വലിയ പ്രതീക്ഷയായിരുന്നു. ഞാൻ കഴിഞ്ഞ രണ്ടുമൂന്നു ദിവസം മുൻപ് വായിച്ചത് മുന്നൂറ്റി ചിലാനം കോടി ഉറുപ്പിക ഇവിടെ Infrastructure Development on Computer-ന് ചെലവഴിക്കാൻ പോകുന്നു എന്നാണ്, ലോകത്തിലെ ഏറ്റവും കിടയറ്റ ഐ. ടി. കേന്ദ്രമായി കൊച്ചി മാറാൻ പോകുകയാണ്.

നമ്മൾ ചിന്തിക്കേണ്ട കാര്യം, നമ്മുടെ പ്ലസ് പോയിന്റ് എന്താണ്, നമ്മുടെ മൈനസ് പോയിന്റ് എന്താണ് എന്ന് സത്യസന്ധമായി പഠിച്ച് അത് തിരുത്തുന്നതിനാവശ്യമായ കാര്യം ചെയ്യണം. ഈയിടെ ഇവിടെ എം.എൽ.എ.-മാർക്ക് ക്ലാസ്സുണ്ടായിരുന്നു. Bibek Debroy and Levish Bhandari എന്നീ പേരുള്ള രണ്ട് സാമ്പത്തിക വിദഗ്ദ്ധന്മാർ വന്നു. ഇവർ റിസർച്ച് നടത്തി. Confederation of Indian Industries -നുംവേണ്ടി റിസർച്ച് നടത്തിയിട്ട് എത്തിയ ചില നിഗമനങ്ങളുണ്ട്. ഓരോ കേരളീയനും ഗൗരവതരമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. അവർ Indian State-കളെ Rank ചെയ്തു. വൻകിട സ്റ്റേറ്റുകളെ റാങ്ക് ചെയ്തു. General Achievement Category A. നമ്മുടെ പൊസിഷൻ എ. ടോപ്പ്. ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് നമ്മൾ ബി. താഴെയാണ്. ജനറലായ സിറ്റുവേഷനിൽ നമ്മൾ എ-യിൽ നിൽക്കുകയാണെങ്കിൽ ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റിൽ നമ്മൾ ബി-യിലാണ്. ഇത് എങ്ങനെ ഉണ്ടായി. ഓരോ ദിവസവും ഇവിടെ ബഹളമല്ലേ? അടിപിടിയല്ലേ? ആരെങ്കിലും ഈ നാട്ടിലേക്ക് വരുമോ? വരുന്നവരോട് ഇങ്ങോട്ട് വരേണ്ട എന്ന് പറയുന്ന സ്വഭാവത്തിലേക്ക് ഇവിടെ കാര്യങ്ങൾ പോകുകയാണ്. ഇവിടെ നിങ്ങൾ ചൈനയെപ്പറ്റി പറയും. ചൈനയിലേക്ക് ആളുകളെ ആകർഷിക്കുന്ന പ്രധാനപ്പെട്ട ഘടകം അവിടെ ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് വളരെ ഭദ്രമായി വന്നിട്ടുണ്ട്. Infrastructure, A. top most ആണ്. Workers quality, we are on the top. A category ആണ്. Environment വളരെ പിന്നിലാണ്. 'ഡി' ആണ്. അതുപോലെ കൺസ്യൂമർ

LIBRARY ARCHIVES Kerala Legislative Assembly

ഗുഡ്സ് 'ബി' ആണ്. പേഴ്സണൽ ഫിനാൻസ് നമ്മൾ 'എ' കാറ്റഗറിയിലാണ്. ഹൈ വാല്യൂ അഗ്രിക്കൾച്ചർ നമ്മൾ 'എ' കാറ്റഗറിയിലാണ്. ലോ ആന്റ് ഓർഡർ സിറ്റുവേഷൻ നമ്മൾ എ കാറ്റഗറിയിലാണ്. അതുപോലെ കോംപോസിറ്റ് അച്ചീവ്മെന്റ് എ കാറ്റഗറിയിലാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങ് ഇവിടെ വായിച്ച കണക്ക് നമുക്കെല്ലാം സന്തോഷം ഉണ്ടാക്കുന്നുണ്ട്. തൊഴിലാളി പ്രസ്ഥാനത്തിലെ പെർഫോമൻസിനെ പറ്റിയുള്ള പരാമർശം, നമ്പർ വൺ എന്ന് പറഞ്ഞല്ലോ. അങ്ങയുടെ പാർട്ടിയുടെ നേതാവായ വ്യവസായവകുപ്പുമന്ത്രി ഇന്നേ തീയതിവരെ ആ കാര്യം എവിടെയും മിണ്ടിയിട്ടില്ല. ഒന്ന് മിണ്ടിപ്പിക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞങ്ങളുടെ മന്ത്രി ഇവിടത്തെ തൊഴിലാളികളുടെ ക്വാളിറ്റിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ തൊഴിലാളികളുടെ കർമ്മശക്തിയെക്കുറിച്ചൊന്നും ഞങ്ങൾ തെറ്റ് പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഇവിടത്തെ തൊഴിലാളികളുടെ കർമ്മശക്തിയെ ദുരുപയോഗപ്പെടുത്തുന്ന ചില ശക്തികളുണ്ടെന്ന്. ഞാൻ ശ്രീ. ബിനോയ് വിശ്വത്തോട് യോജിക്കുകയാണ്. ഇവിടെ ഒരു വർത്തമാനമുണ്ട്. ഈ നാട്ടിൽ ഇൻവെസ്റ്റ് വരാത്തതിന് കാരണം, ഇവിടത്തെ ആധികാരികമായ കണക്കുകൾ തെളിയിക്കുന്നത്, ഇവിടത്തെ തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ, തൊഴിലാളികൾ ഇവിടെ മെച്ചപ്പെട്ട കൂലിക്കും ആനുകൂല്യത്തിനും വേണ്ടിയൊക്കെ നിൽക്കുന്നുണ്ട് എന്നാണ്. ഇവിടെ പി..ഡബ്ലിയു.ഡി.-യുടെ ജോലി ചെയ്യാൻ തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ വരുന്നുണ്ട്. അവർ രാവിലെ മുതൽ വൈകുന്നേരം വരെ ജോലി ചെയ്യുന്നുണ്ട്. അവരുടെ ജീവിത സാഹചര്യം അങ്ങനെയാണ്. നമ്മുടെ ജീവിത സാഹചര്യം മെച്ചപ്പെട്ട് നിൽക്കുമ്പോൾ ഏറെക്കുറെ കൂലിക്കുവേണ്ടി നമ്മൾ നിൽക്കുന്നുണ്ട് എന്നതല്ലാതെ നമുക്ക് ദോഷങ്ങളില്ല.

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിൽ വ്യവസായം വരാത്തതിനെക്കുറിച്ച് വളരെയേറെ പരിതപിച്ച് സംസാരിക്കുകയാണല്ലോ. പ്രത്യേകിച്ച് രാഷ്ട്രീയ നേതൃത്വത്തിന്റെ മനോഭാവത്തിൽ മാറ്റം വേണമെന്നൊക്കെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈ എടുത്ത് നിയമസഭ നടന്നുകൊണ്ടിരുന്നപ്പോൾത്തന്നെ രണ്ടു വിദഗ്ദ്ധരായ സാമ്പത്തിക വിദഗ്ദ്ധന്മാരെ വിളിച്ച് ഇവിടെ ഒരു ക്ലാസ് നടത്തുകയുണ്ടായി. ബൈബെക് ഡിബ്റോയിയേയും ലാവേഷ് ഭണ്ഡാരിയേയും. പിറ്റേ ദിവസം പ്രതിപക്ഷനേതാക്കന്മാർ സ്പീക്കർക്ക് എഴുതിക്കൊടുത്തു. ഇങ്ങനെ ആഗോളവൽക്കരണത്തെപ്പറ്റി പറയുന്നവരെ ഇവിടെ വിളിച്ചുകൊണ്ടു വരാൻ പറ്റില്ല, ഞങ്ങളെ സ്വാധീനിക്കാൻ ഇടയുണ്ട് എന്ന് പറഞ്ഞ് എഴുതിക്കൊടുത്ത മനോഭാവം മാറാതെ ഈ കാര്യമൊക്കെ നടക്കുമോ ?

[അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. പി. സതീശ് ചന്ദ്രൻ]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞങ്ങൾ സ്പീക്കർക്ക് എഴുതിക്കൊടുത്തത് ശരി തന്നെയാണ്. സ്വാധീനിക്കുന്നു എന്നല്ല, ആഗോളവൽക്കരണത്തിന്റെ വക്താക്കൾ സർക്കാർ ചെലവിൽ എം.എൽ.എ.-മാർ ഉൾപ്പെടെ ഗവൺമെന്റ് ഉദ്യോസ്ഥന്മാരെ വിളിച്ചുകൂട്ടി നിയമസഭയുടെ സൗകര്യം ഉപയോഗപ്പെടുത്തിയത് തെറ്റുതന്നെയാണ്. ആ നടപടി ശരിയല്ലെന്നാണ്. ഞാൻ അത് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു, സ്പീക്കർ പറഞ്ഞു സർക്കാർ ചെലവിലല്ലാതെ രണ്ടു വിദഗ്ദ്ധൻമാർ ഇവിടെ വന്ന് നമ്മളെ പഠിപ്പിക്കുകയാണ്. ഏഴര ലക്ഷത്തോളം രൂപ കിൻഫ്ര ചെലവഴിച്ചാണ് ഈ രണ്ടു വിദഗ്ദ്ധരെ ഇവിടെ കൊണ്ടുവന്ന് കോവളത്ത് ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിപ്പിച്ച് ഇത് നടത്തി നിങ്ങൾ സമ്മാനവും എല്ലാം കൊടുത്തുവിട്ടത്, വിസ്മരിക്കരുത്.

മി. ചെയർമാൻ : സ്പീക്കറുടെ പർവ്യൂവിൽപ്പെട്ട കാര്യങ്ങളൊന്നും സംസാരിക്കരുത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : എക്സ്പെർട്സ് നടത്തുന്ന പഠനങ്ങൾ, ഞാൻ അതിനെ അങ്ങനെ കാണുകയാണ്. സി.ഡി.എസ്.-ന്റെ പഠനം. എക്സ്പെർട്സ് നടത്തുന്ന പഠനത്തെ നമ്മൾ പുച്ഛിക്കേണ്ട കാര്യമില്ല. നമുക്ക് അനുകൂലമായിട്ട് ചിലപ്പോൾ അവർ പറയണമെന്നില്ല. അവർ സയന്റിഫിക്കായ മാനദണ്ഡമുപയോഗിച്ച് ചില സംഗതികൾ ചെയ്യുകയാണ്. ഇത് ചെയ്യുന്ന സമയത്ത് ആഗോളവൽക്കരണത്തെപ്പറ്റിപറയുന്നു, ആഗോളവൽക്കരണത്തിന്റെ വക്താക്കൾ, എന്നെല്ലാം പറയുന്നത് വളരെ അപ്രായോഗികമായ ചില വാദമുഖങ്ങളാണ്. ഞാൻ പറയുന്ന ഒരു കാര്യം കേരളത്തിന്റെ ഗ്രൗണ്ട് റിയാലിറ്റീസ് മനസ്സിലാക്കി ഇവിടത്തെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഉതകുന്ന തരത്തിൽ എല്ലാ മേഖലയിലും ഊന്നൽ നൽകണം എന്നതിനെക്കുറിച്ച് ചിന്തിക്കണമെന്നല്ലാതെ പൊടിക്കൈകൊണ്ടൊന്നും ഇവിടെ മാറാൻ പോകുന്നില്ല. ധനകാര്യ മാനേജുമെന്റ് കൂടുതൽ ഊന്നൽ കൊടുക്കുന്ന മേഖല ഏതാണെന്ന് ഗൗരവമായി പിരിശോധിച്ച് ആ മേഖലയെപ്പറ്റി ഗഹനമായ ചിന്തകളും പഠനങ്ങളും നടത്തണം. അതല്ലാതെ മറ്റ് ഏത് മാർഗ്ഗംകൊണ്ടും ഇവിടെ ഒന്നും ചെയ്യാൻ കഴിയില്ല. ഞങ്ങളൊക്കെ കൈകാര്യം ചെയ്യുന്ന കാര്യങ്ങളെടുത്ത് നോക്കുകയാണെങ്കിൽ ഗവൺമെന്റിന്റെ നടപടിക്രമത്തിന്റെ കാലതാമസംകൊണ്ട് എത്രമാത്രം പണമാണ് ഈ രാജ്യത്തിന് നഷ്ടം വന്നത്. Modernisation of Government Programme ഞാൻ ഈയിടെ വായിച്ചു. ഇത് എന്തിനാ വച്ച് താമസിപ്പിക്കുന്നത്. എത്രയെത്ര നല്ല ആശയങ്ങളാണ് അതിൽ വന്നിട്ടുള്ളത്. എത്ര നിർദ്ദേശങ്ങൾ. ഗവൺമെന്റ് പദ്ധതികളുടെ നവീകരണംകൊണ്ട് സത്യത്തിൽ ഒരുപാട് പ്രശ്നങ്ങൾക്ക് നമുക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയും. പ്രോജക്ടുകൾ

നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ ഫലമായി നികുതിദായകന്റെ ചുമലിൽ ഭാരം കെട്ടിവയ്ക്കുന്ന വിധത്തിലുള്ള സംവിധാനം ഒഴിവാക്കാൻ എത്ര കാര്യങ്ങൾ ചെയ്യാൻ പറ്റും. ധനകാര്യ മാനേജുമെന്റിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും ഫലപ്രദമായി സാമ്പത്തിക മാനേജുമെന്റിനെപ്പറ്റി ചിന്തിച്ച് ഇത്തരം വഴികൾ കണ്ടെത്തണമെന്നാണ് എനിക്ക് വിനീതമായി ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ നമ്മുടെ ധനം ചോരുന്ന വഴികളെപ്പറ്റി ദുർവ്യയം എങ്ങനെ ഒഴിവാക്കാമെന്ന് ഗൗരവമായിട്ട് ചിന്തിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു

ഫൈനാൻസ് ബില്ലിലെ ഒരു പ്രധാനപ്പെട്ട ഇനം, വിദേശ മദ്യത്തിന്റെ വിൽപ്പനയ്ക്ക് അധിക നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തേയും യഥാർത്ഥ വിദേശ മദ്യത്തേയും രണ്ടായി തിരിച്ച്, വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മദ്യത്തിന്റെ വിൽപ്പനക്ക് ലൈസൻസ് ഏർപ്പെടുത്തുക എന്നുള്ളതാണ് നിർദ്ദേശം. മൊത്ത വിൽപ്പനയ്ക്ക് ഹോൾസെയിലിന് 25 ലക്ഷം രൂപയാണ്. റീട്ടെയിലിന് 10 ലക്ഷം രൂപയാണ്. ഇതുപോലെ വിദേശ മദ്യം ഉൾപ്പെടെ കൊടുക്കുന്ന കടകൾക്ക് 10 ലക്ഷം രൂപയാണ് ഫീസ് കൊടുക്കേണ്ടത്. ഇക്കാര്യം കഴിഞ്ഞ പ്രാവശ്യം ബിൽ അവതരിപ്പിച്ച് ഗവൺമെന്റ് അംഗീകാരം നേടിയിട്ടുള്ളതാണ്. പക്ഷേ, കഴിഞ്ഞ കൊല്ലം ഇത് നടപ്പിലാക്കിയില്ല. റൂൾസ് ഇല്ലാത്തതുകൊണ്ട് ഒന്നും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സംസ്ഥാനത്തിന് റവന്യൂ നഷ്ടം ഉണ്ടായി. അതുവഴി ചെയ്തത് ഈ വർഷത്തേക്ക് ഭേദഗതി കൊണ്ടുവരികയായിരുന്നു കഴിഞ്ഞ പ്രാവശ്യത്തെ ബില്ലിൽ. ഒരു വർഷത്തെ എന്ന നിലയിൽ ഇപ്പോൾ ഭേദഗതിയുടെ ഭാഗമായി 25 ലക്ഷം രൂപ, 10 ലക്ഷം രൂപ ഉൾപ്പെടെ, ആ നിലയിൽ ലൈസൻസ് ഫീസ് ചുമത്തുമ്പോൾ ഇത് തിരിച്ചെടുക്കാൻ വേണ്ടിയാണ്, ആ നിർദ്ദേശം ഗൗരവപൂർവം പരിശോധിക്കേണ്ടതാണ്. കാരണം ആദ്യം വാഹന നികുതി 50 ശതമാനം വർദ്ധിപ്പിക്കാൻ വേണ്ടി തീരുമാനിച്ചു. അതുപോലെ മുമ്പ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി, ബ്രഹ്മാവ് പറഞ്ഞാലും ഞാൻ ഇതിൽനിന്നും പിന്തിരിയില്ല എന്ന് പറഞ്ഞ് കൊണ്ട് വന്ന ടേണോവർ ടാക്സിന്റെ കാര്യം നമ്മുടെ സഭ തന്നെ ചർച്ച ചെയ്തിട്ടുണ്ട്. അതും പിന്നീട് പിൻവലിച്ചു. അപ്പോൾ കൊണ്ടുവരുന്നതും നിയമനിർമ്മാണത്തിന്റെ ഭാഗമായിട്ട് നടപ്പിലാക്കാൻ തീരുമാനിക്കുന്നതുമായ കാര്യങ്ങളിലേക്ക് ശക്തിമത്തായ ഇടപെടൽ ഉണ്ടാകുമ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കൈക്കൂലിയുടെ ശാസ്ത്രവും അഴിമതിയുടെ കലയും ഒത്തിണങ്ങിയ മെയ്വഴക്കത്തോടെ നടപ്പിലാക്കുന്ന ഒരു നിർദ്ദേശമാണോ ഇതെന്ന് ആരെങ്കിലും സംശയിച്ചാൽ ആ സംശയിക്കുന്നവരെ കുറ്റം പറയാൻ സാധിക്കില്ല. നിയമമുണ്ടായിട്ടും നികുതി പിരിക്കാതിരിക്കുക, അല്ലെങ്കിൽ ഈ പറയുന്ന രീതിയിലുള്ള കാര്യങ്ങൾ പിരിക്കാതിരിക്കുക, എന്നിട്ട് വീണ്ടും ഡെമോക്ലിസിന്റെ വാൾ പോലെ ഇവരുടെ മേൽ ഭീഷണിയായിട്ട് ഇത്

LIBRARY ARCHIVES Kerala Legislative Assembly

തുങ്ങിക്കിടക്കുക. വിലപേശുന്നതിന് വേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനം ഇതിന്റെ പിന്നിലുണ്ടോയെന്ന് ആരെങ്കിലും സംശയിച്ചിട്ടുണ്ടെങ്കിൽ ആ സംശയിക്കുന്നവരെ കുറ്റം പറയാൻ സാധിക്കാത്ത നിലയാണ് ഉള്ളത് എന്നാണ് കഴിഞ്ഞ പ്രാവശ്യത്തെ നിയമനിർമ്മാണത്തിന് ശേഷം നടപ്പിലാക്കിയതും ഇപ്പോൾ വീണ്ടും കൊണ്ടുവരുന്നതുമൊക്കെയായിട്ട് ബന്ധപ്പെട്ട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, എൻട്രൻസ് ടാക്സുമായി ബന്ധപ്പെട്ടതാണ്. മുൻപ് 34 ഇനത്തിനാണ് എൻട്രൻസ് ടാക്സ് ഉണ്ടായിരുന്നത്. പുതിയതായിട്ട് ഇപ്പോൾ 9 എണ്ണം കൂടി ചേർത്തിരിക്കുകയാണ്. ആ 9 എണ്ണത്തിൽ, ഇപ്പോൾ ഇൻഫർമേഷൻ ടെക്നോളജിയാണ് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുതിയ ശാസ്ത്ര സാങ്കേതിക വിദ്യ എന്ന നിലയിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ കമ്പ്യൂട്ടർ പേപ്പറാണ് 35-ാമത്തെ ഇനത്തിൽ കൂട്ടിചേർത്തിട്ടുള്ളത്. ഇപ്പോഴാണെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി അതിന്റെ ഭാഗമായിട്ടുള്ള എല്ലാ വ്യവസായവും ഉൾപ്പെടെ വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. അപ്പോൾ ഈ 35 എണ്ണം ഇതിനകത്ത് ഉൾപ്പെടുത്തുന്നത് ഗൗരവതരമായ പ്രശ്നം സൃഷ്ടിക്കുമെന്നാണ് അതുസംബന്ധിച്ച് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെ 38, Medical Equipments, Hospital Equipments, Surgical Equipments ഉൾപ്പെടെയുള്ളതാണ്. അതിന്റെയും ഭാഗമായിട്ട് ഈ എൻട്രൻസ് ടാക്സ് വരുന്നുണ്ട്. അത് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നിലപാട് സ്വീകരിക്കണം. 39, റെഡിമെയ്ഡ് സാധനങ്ങൾ ഉൾപ്പെടെയുള്ളതാണ്. ഈ വർദ്ധനവ് കൊണ്ടുവരുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിച്ച് അത് ഒഴിവാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. എൻട്രി ടാക്സ് ഷെഡ്യൂളിൽ ടാക്സ് ഈടാക്കേണ്ടതിന്റെ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ പറഞ്ഞ 34 എണ്ണം. ആ 34 എണ്ണത്തിന്റെ കൂടെയാണ് 9 എണ്ണം കൂടി ചേർക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിപ്പോൾ ഗവൺമെന്റിന് നിയമനിർമ്മാണത്തിന്റെ ഭാഗമായിട്ട് മാത്രമേ ഉൾപ്പെടുത്താനും അതുപോലെതന്നെ വേർപെടുത്താനും സാധിക്കൂ. അത് ലെജിസ്ലേച്ചറിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു അവകാശമാണ്. എന്നാൽ ഈ നിയമം പാസ്സാകുന്നതോടുകൂടി ഇതിനകത്ത് 12-ാമത്തെ പേജിൽ, ബഹുമാന്യരായ മെമ്പർമാർ പരാമർശിച്ചത് തന്നെയാണ്. അതിൽ 12-ാമത്തെ പേജിൽ ക്ലാസ് 4, സബ്ക്ലാസ് 7-ൽ ആക്റ്റിലെ സെക്ഷൻ 20 പ്രകാരം, ഞാനത് വായിക്കുന്നില്ല. നിരക്ക് വർദ്ധിപ്പിക്കുന്നില്ലെങ്കിലും ഏതൊക്കെ ഉൾപ്പെടുത്തണം, ഏതൊക്കെ ഉൾപ്പെടുത്തണ്ട എന്ന് തീരുമാനിക്കാൻ, ഒഴിവാക്കാനും മാറ്റം വരുത്താനും ഉൾപ്പെടുത്താനുമുള്ള അവകാശം നൽകുകയാണ്. ഇത് അവസാനം എക്സിക്യൂട്ടീവിന്റെ കയ്യിലേക്ക് ലെജിസ്ലേച്ചറിനുണ്ടായിരുന്ന അവകാശം എത്തിച്ചേരുക എന്നുള്ള അപകടമാണ് ഉണ്ടാവുക. അതുകൊണ്ട് ഇത് തീർച്ചയായിട്ടും മാറ്റം വരുത്തുന്നതിനാവശ്യമായ നിലപാട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. നാനൂറോളം സെയിൽസ് ടാക്സ് ഓഫീസർമാരും എഴുനൂറ്റി അൻപതോളം അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസർമാരുമാണ് ഈ ഡിപ്പാർട്ട്മെന്റിൽ പ്രധാനമായിട്ട് ജോലി ചെയ്യുന്നത്. ഇന്റലിജൻസ്

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. രാഷ്ട്രീയ സമ്മർദ്ദം തന്നെയാണ് ഇതിന് വിലങ്ങായിട്ട് നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സംസാരിക്കുമ്പോൾ, ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥൻമാർ ഇല്ല, ഉദ്യോഗസ്ഥൻമാരെല്ലാം തന്നെ അഴിമതിയുടെ കല കൈകാര്യം ചെയ്യുന്നവരാണെന്ന് പറയുകയുണ്ടായി. നിരവധി സത്യസന്ധരായ ഉദ്യോഗസ്ഥൻമാർ നമ്മുടെ ഗവൺമെന്റ് സർവ്വീസിലുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെല്ലാം ഇവിടെ ചൂണ്ടികാണിച്ചതുപോലെ വ്യത്യസ്ത രീതിയിലുള്ള നടപടിയാണ് ഏറ്റുവാങ്ങേണ്ടി വരുന്നത്. കേരളം ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. സാധനങ്ങൾ നല്ലതുപോലെ വാങ്ങി ഉപയോഗിക്കുന്ന ഒരു ജനതയാണ് ഇവിടെയുള്ളത്. ഇവരുടെ കയ്യിൽ നിന്ന് വാങ്ങുന്ന സെയിൽസ് ടാക്സ്, അതുപോലും ഗവൺമെന്റിന് അടയ്ക്കാൻ തയ്യാറാകുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കട പരിശോധിക്കുന്നതിന് യാതൊരു നിലപാടും ഇപ്പോൾ അംഗീകരിക്കുന്നില്ല. കട പരിശോധിക്കുന്നതിന് വന്നാൽ അങ്ങനെ വരുന്നവരെ ഞങ്ങൾ തിരിച്ചയയ്ക്കില്ല എന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി പരസ്യമായ നിലപാടെടുത്തിട്ടുണ്ട്. കട പരിശോധിക്കാൻ വരുന്നവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും വൻകിട കച്ചവടക്കാരെ സംഘടിപ്പിച്ചുകൊണ്ട് ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഒരവസ്ഥ ഇപ്പോൾ നിലനിൽക്കുകയാണ്. 3939 കോടി രൂപ അധികം പിരിച്ചുവെന്നാണ് വളരെ ഗൗരവപൂർവ്വം പ്രഖ്യാപിക്കുന്നത്. അതിൽ അത്ഭുതകരമായി യാതൊന്നുമില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചതിന്റെ ഭാഗമായിട്ടുള്ള 600 കോടി രൂപയുടെ വർദ്ധന അങ്ങ് തന്നെ സ്വരൂപിച്ചിട്ടുള്ളതാണ്. യഥാർത്ഥത്തിൽ നികുതി വകുപ്പിന്റെ കാര്യക്ഷമത കൊണ്ടല്ല ഈ വർദ്ധനവ് ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടികാണിക്കാനാണ് ഇത്രയും കാര്യങ്ങൾ പറഞ്ഞത്. പിന്നെ അധികമായിട്ട് ചുമത്തിയിട്ടുള്ള വിൽപ്പന നികുതി കൂടി ചേർത്തപ്പോഴാണ് സ്വാഭാവികമായിട്ടും ഈ വർദ്ധനവ് നേടാൻ കഴിഞ്ഞത്. 2232.78 കോടി രൂപ യഥാർത്ഥത്തിൽ ഇപ്പോൾ പിരിച്ചെടുക്കാൻ ബാക്കിയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഗവൺമെന്റിന്റെ തന്നെ അവകാശവാദം അംഗീകരിച്ചാൽ 433.33 കോടി രൂപ മിച്ചം വരുമെന്നാണ് ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചത്. 'വാറ്റ്' 500 കോടി രൂപ നഷ്ടമുണ്ടാക്കുമെന്നാണ് അന്ന് കണ്ടിരുന്നത്. ഇപ്പോൾ ആ 500 കോടി രൂപ നഷ്ടം ഉണ്ടാകുന്നില്ല. അതുപോലെ ഇവിടെ ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെ ചൂണ്ടിക്കാണിച്ചു, 854 കോടി രൂപയുടെ കാര്യം, അതിൽ ചെറിയ തർക്കമുണ്ട്, ഏതായാലും ഗവൺമെന്റ് തന്നെ പറഞ്ഞ കണക്കാണ് ഉദ്ധരിക്കുന്നത്. 854 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തത് തിരിച്ച് പിടിക്കുകയാണ്. ഇങ്ങനെയെല്ലാം വരുമ്പോൾ അധിക നികുതി ഇല്ലാതെ തന്നെ വലിയ ബാദ്ധ്യത ഒഴിച്ചുകൊണ്ട് ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കുന്നതാണ്. യു.ഡി.എഫ് ഭരണകാലത്ത് മൂലധന ചെലവ് കുറഞ്ഞുവരികയാണെന്ന് ഇപ്പോൾ എല്ലാവരും വ്യക്തമാക്കിയിരിക്കുകയാണ്. മലയാള മനോരമ തന്നെ ഇതുസംബന്ധിച്ച് വ്യക്തമായ ഒരു ചിത്രം ഇന്നലെ അവതരിപ്പിച്ചു. എപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ടിരിക്കുന്നത്, എൽ.ഡി.എഫ്-ന്റെ കാലത്ത് വലിയ രീതിയിൽ സാമ്പത്തികമായ പ്രശ്നമായിരുന്നു എന്നാണല്ലോ ? കൃത്യമായ കണക്കുകൾ വച്ചുകൊണ്ട് തന്നെ ഞാൻ പറയുകയാണ്. മൂലധന ചെലവ് 1998-99-ൽ 3100 കോടിയായിരുന്നു, അതിൽ ചെലവഴിച്ചത് 3153.89 കോടി രൂപയാണ്. അതൊരു സർവ്വകാല റിക്കോർഡായിരുന്നു. വളരെ വ്യക്തതയോടുകൂടി പറയാൻ കഴിയും. 102 ശതമാനമാണ്. അന്ന് വാർഷിക പദ്ധതിക്കുവേണ്ടി ചെലവഴിക്കേണ്ട തുകയുടെ അധികം, അതായത് 3153.89 കോടി രൂപ ചെലവാക്കി. അതായത് 102 ശതമാനം. 1999-2000-ൽ 3250 കോടി രൂപയായിരുന്നു നീക്കിവച്ചത്. അതിൽ 3094.95 കോടി രൂപ ചെലവാക്കി. 95 ശതമാനം. 2000-01-ൽ 3555 കോടി രൂപയായിരുന്നു. അതിൽ 2953.60 കോടി രൂപ ചെലവാക്കി. 84 ശതമാനം. 2001-02-ൽ 3015 കോടി രൂപയായിരുന്നു, അതിൽ 2531 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു. അതായത് 75 ശതമാനത്തിൽ കുറവ്. ഈ രീതിയിൽ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 102 ശതമാനം വരെ വാർഷിക പദ്ധതിക്ക് വേണ്ടി ചെലവാക്കിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 75 ശതമാനവും അതിൽ കുറവുമായിട്ടാണ് ചെലവാക്കുന്നതെന്നുള്ള കാര്യം മലയാള മനോരമ തന്നെ വ്യക്തമായി ഇന്നലെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 9-ാം പഞ്ചവൽസര പദ്ധതിയിൽ 16,100 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 10-ാം പഞ്ചവൽസര പദ്ധതിയിൽ 24,000 കോടി രൂപയാണ്. അതായത് വാർഷിക പദ്ധതിയിൽ 4800 കോടി രൂപ വരും. ഒരു കൊല്ലം 4800 കോടി രൂപ ചെലവാക്കേണ്ടതാണ്. 3015 കോടി രൂപയും രണ്ടാം വർഷത്തെ 4430 കോടി രൂപയുമാണ് ഇപ്പോൾ ചെലവാക്കാൻ തീരുമാനിച്ചത്. അങ്ങനെ വന്നാൽ തന്നെ അത് 7445 കോടി രൂപയാണ്. 7445 കോടി രൂപ ചെലവാക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ തന്നെ നിങ്ങളുടെ തീരുമാനം അനുസരിച്ച് 9600 കോടി രൂപ ചെലവാക്കും. അതിൽ തന്നെ ചെലവാക്കുന്നതിൽ കുറവ്. 2155 കോടി രൂപയാണ് യഥാർത്ഥത്തിൽ ചെലവാക്കിയത്. കഴിഞ്ഞ കൊല്ലത്തിന്റെ അനുഭവം തന്നെ പരിശോധിച്ച് നോക്കിയാൽ 500 കോടി രൂപ അതിൽ കുറവാണ്. ആ 500 കോടി രൂപയുടെ കുറവ് കൂടി വരുമ്പോൾ യഥാർത്ഥത്തിൽ 50 ശതമാനം മാത്രമേ ചെലവാക്കുന്നുള്ളു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവം. അതുപോലെ 5 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുന്നതിന് വേണ്ടി ബഡ്ജറ്റിൽ 201 കോടി രൂപ നീക്കിവയ്ക്കുമെന്ന് ചൂണ്ടികാണിച്ചിരുന്നു. നീക്കിവച്ച 201 കോടി രൂപയിൽ ഒരു നയാപൈസ പോലും ചെലവാക്കിയിട്ടില്ല. കൃഷിക്ക് പ്രത്യേക പാക്കേജിന്റെ ഭാഗമായിട്ട് 215 കോടി രൂപ ചെലവാക്കാൻ തീരുമാനിച്ചതാണ്. ചെലവാക്കിയിട്ടില്ല. കേന്ദ്രത്തിൽ നിന്ന് 72 കോടി ലഭിക്കുമായിരുന്നത് ലാപ്സാക്കി കളയുകയും ചെയ്തു. തൊഴിലില്ലായ്മാ വേതനം കൊടുക്കാൻ വേണ്ടി 112 കോടി രൂപ ഗവൺമെന്റ് ബാക്കിവച്ചിരിക്കുകയാണ്. കുടിശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ വേണ്ടി 26,03,440 രൂപ ബാക്കി വച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. കോൺട്രാക്റ്റർമാർക്ക് 728 കോടി രൂപ കൊടുക്കാൻ ബാക്കിവച്ചിരിക്കുകയാണ്. എൽ.ഡി.എഫ്-ന്റെ കാലത്ത് ആകെ കടം 7759.59 കോടി ആയിരുന്നത് ഇപ്പോൾ യു.ഡി.എഫ്-ന്റെ കാലത്ത് 6306 കോടി രൂപയാണ്. എൽ.ഡി.എഫ്-ന്റേത് മൊത്തം 5 കൊല്ലത്തെയാണ്. എ.ജി.യുടെ കണക്കനുസരിച്ച് 2001 മാർച്ച് വരെയുള്ള മൊത്തം കടം 23,919 കോടി രൂപയാണ്. 2002-ൽ 31,057.25 കോടി രൂപ ഇപ്പോൾ കടമായിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അതായത് 2003 ഇപ്പോൾ 33,708 കോടി രൂപയായിട്ട് വർദ്ധിച്ചിരിക്കുന്നു. ആരോഗ്യ നികുതി, സഞ്ചാര നികുതി, വിദ്യാഭ്യാസ നികുതി, ക്രമസമാധാന നികുതി, വിനോദസഞ്ചാര നികുതി, കുടിവെള്ള നികുതി തുടങ്ങി ജനങ്ങളുടെ നേരെ നികുതികളുടെ പെരുമഴ തന്നെയാണ് ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്നത്. 6000 കോടിരൂപയുടെ പുതിയ നികുതികൾ ജനങ്ങളുടെ മേൽ അടിച്ചേല്പിച്ചിരിക്കുകയാണ്. പ്രവാസി മലയാളികളുടെ, ഈ കേരളത്തിലുള്ള വാണിജ്യബാങ്കുകളുടെ നിക്ഷേപം 24,487 കോടിയാണ്. 5.25 ശതമാനം പലിശയാണ് ഇപ്പോൾ അവർക്ക് കൊടുക്കുന്നത്. ഈ വിദേശ ഇന്ത്യാക്കാരുടെ 24,487 കോടി രൂപ, വിദേശത്ത് പോയിട്ട് പണിയെടുത്ത് ഉണ്ടാക്കുന്ന സമ്പത്ത് ഇവിടെ ബാങ്കിൽ നിക്ഷേപിക്കുന്നതിന് പകരം അത് സ്വാഭാവികമായിട്ട് ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തിയാൽത്തന്നെ ഗവൺമെന്റിന് സാമ്പത്തിക സ്ഥിതിയിൽ വമ്പിച്ച മാറ്റം വരുത്താൻ സാധിക്കുമെന്ന നിർദ്ദേശംകൂടി ചൂണ്ടിക്കാണിക്കുകയാണ്. സർക്കാരിന്റെ ശമ്പള ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്. ഇപ്പോൾ സർക്കാർ സർവ്വീസിൽ നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത് കാരണം ശമ്പളച്ചെലവ് കുറഞ്ഞ് കുറഞ്ഞ് വരികയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം മലയാള മനോരമ ചൂണ്ടിക്കാണിച്ചതാണ്. 24,000 ടൺ കോഴി അതിർത്തികടന്ന് ഇങ്ങോട്ട് വരുമ്പോൾ 48 കോടി രൂപയുടെ.....

മി. സ്പീക്കർ : അത് കാലത്തെ പറഞ്ഞതല്ലേ, Your time is over, please conclude ....yes..... 15 മിനിറ്റ് കൂടുതൽ തന്നു. Please co-operate.

ശ്രീ.. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ജൂലായ് മാസം ആകുമ്പോൾ സാധാരണ പദ്ധതി ചെലവിന്റെ 12 ശതമാനം തീരും. ആ 12 ശതമാനത്തിനുപകരം ഒരു 3 ശതമാനം മാത്രമേ തീർന്നിട്ടുള്ളൂ. മലയാള മനോരമ ചൂണ്ടിക്കാണിച്ചതാണ്. ഇവിടെ റവന്യൂ കമ്മിയും ധനകമ്മിയും .....

മി. സ്പീക്കർ : ഒരു പോയിന്റ് പറയണമെന്ന് പറഞ്ഞത് പറഞ്ഞില്ലേ. പ്ളീസ് കൺക്ളൂഡ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, റവന്യൂകമ്മിയും ധനകമ്മിയും ക്രമാതീതമായി വർദ്ധിച്ചു. ഇത് ഫിനാൻസ് മാനേജ്മെന്റിന്റെ ഗൗരവതരമായ പ്രശ്നമാണ്. അതുകൊണ്ട് ഇതിനെ പിന്താങ്ങുവാൻ ഞങ്ങൾക്ക് ആവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ധനകാര്യ ബില്ലിനെക്കുറിച്ച് ഡിസെന്റിംഗ് നോട്ട് എഴുതിയ ഡോക്ടർ തോമസ് ഐസക്കും ശ്രീ. ടി.കെ.ബാലനും, ഈ നികുതി പിരിവിനെക്കുറിച്ച് പൊതുവെ ഒരു അഭിപ്രായം പറഞ്ഞതല്ലാതെ നികുതി പിരിക്കുന്നതിലുള്ള വിഷമം അവർ സൂചിപ്പിച്ചില്ല. പക്ഷേ അതിന്റെ ഇടയിൽ നികുതി പിരിക്കുന്നത് ശരിയല്ലായെന്നൊരു തോന്നലുണ്ട്. ഈ ഗവൺമെന്റ് നികുതി പിരിക്കാതെ എങ്ങനെയാണ് വികസന പ്രവർത്തനം നടത്തുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കലൊക്കെ ഇങ്ങനെ അല്ലാതെ എങ്ങനെയാണ് ചെയ്യുക എന്നുള്ളത് മനസ്സിലാകുന്നില്ല. വിമർശനം ക്രിയാത്മകമാണെങ്കിൽ 100 ശതമാനം അതിനെ സ്വാഗതം ചെയ്യാം. ഇവിടെ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾ, നികുതി പിരിച്ചിട്ടുണ്ട്. നികുതി പിരിക്കാതെ ഒരു ഗവൺമെന്റിനും മുന്നോട്ട് പോകാൻ സാധ്യമല്ല. കോടതിയിൽ കേസ് എന്ന് പറയുന്നത് കഴിഞ്ഞ 14 - 15 വർഷക്കാലമായി ബാക്കി കിടക്കുന്ന കേസുകളാണ്. ആ കേസിലാണ് ഒരു വലിയ ശതമാനം തീർന്നുവെന്നു പറഞ്ഞത്. ഇനിയും ബാക്കിയുണ്ട്. ഇനിയും കേസ് കൂടികൂടി വരികയും ചെയ്യും. അതുകൊണ്ട് ബോധപൂർവ്വം ഗവൺമെന്റ് ഇളവ് കൊടുക്കാൻവേണ്ടി ചെയ്യുന്നതല്ല. ഇവിടെ പ്രധാനമായി പറഞ്ഞ ഒരു കാര്യം ലോക്കൽ ബോഡീസിന് പ്ലാൻ ഫണ്ട് കൊടുക്കുന്നത് ഗവൺമെന്റ് തിരിച്ച് പിടിക്കുന്നു എന്നുള്ളതാണ്. 1996 മുതൽ നിലവിലുള്ള ഒരു സംവിധാനത്തിന്റെ തുടർച്ചയാണ് ഈ പ്രാവശ്യം വന്നിട്ടുള്ളത്. ഞാൻ കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ പറഞ്ഞു 1996- ൽ 373 കോടി രൂപ, 1997-ൽ 670 കോടി രൂപ, 1998- ൽ 1549 കോടിരൂപ, 1999-ൽ 1,369 കോടിരൂപ, 2000-ൽ 2,870 കോടിരൂപ, 2001 -ൽ 1,906 കോടിരൂപ, 2002 - ൽ 824 കോടി രൂപ എന്നിങ്ങനെ പി. ഡി. അക്കൗണ്ടിലുള്ളത് തിരിച്ചു പിടിച്ചിട്ടുണ്ട്. ഇതിന് എവിടെയെങ്കിലും ഒരു പൂർണ്ണ വിരാമം ഇടാതെ ഒരു ഗവൺമെന്റിനും മുന്നോട്ട് പോകാൻ സാധിക്കുകയില്ല. കാരണം ഗവൺമെന്റ് പ്ലാൻ ഫണ്ട് കൊടുക്കുന്നത് വിത്ഡ്രോ ചെയ്ത് ട്രഷറി പബ്ലിക്ക് അക്കൗണ്ടിലും പി.ഡി.അക്കൗണ്ടിലും ഇട്ട് അതിന്റെ യൂട്ടിലൈസേഷൻ കാണിക്കാതെ മുന്നോട്ട് പോകുന്നത് നമുക്ക് തുടർന്നു കൊണ്ടുപോകാൻ സാധിക്കുകയില്ല, പഞ്ചായത്തുകൾക്ക് സാദ്ധ്യമല്ല. ബ്ലോക്കുകൾക്ക് സാദ്ധ്യമല്ല, ജില്ലാ പഞ്ചായത്തുകൾക്ക് സാധ്യമല്ല. അല്ലാതെ ബോധപൂർവ്വം ഇവിടത്തെ വികസന പ്രവർത്തനങ്ങൾ കുറയ്ക്കണമെന്നോ; അല്ലെങ്കിൽ കർബ് ചെയ്യണമെന്നോ വിചാരിക്കുന്നില്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റിൽ ഇത് ചർച്ച ചെയ്തു. ഈ പ്രയാസങ്ങൾ എന്താണെന്ന് മനസ്സിലാക്കി ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ പറ്റുമോ എന്ന് ആലോചിക്കാൻവേണ്ടി ഞാനും തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയും ഗ്രാമവികസന വകുപ്പു മന്ത്രിയും ഉൾപ്പെട്ട ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇന്ന് വൈകുന്നേരം 4 മണിക്ക് ഈ കമ്മിറ്റി യോഗം കൂടുന്നുണ്ട്, അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്, എന്തെങ്കിലും മാറ്റം വരുത്താൻ പറ്റുമോ എന്നുള്ളത് ആലോചിക്കാം. we want change in the system, അത് എല്ലാവരും അംഗീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ തിരിച്ചുപിടിക്കാൻ തീരുമാനിച്ച ഫണ്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ തിരിച്ചു പിടിക്കാനായിട്ടാണല്ലോ പറയുന്നത്. ഇത് എങ്ങനെ സംഭവിച്ചു ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ നമ്മൾ വേറെ ഒരു ദുഷ്ട വിചാരമോ അല്ലെങ്കിൽ തിരിച്ചുപിടിച്ച് പ്രവർത്തനം നടത്താതിരിക്കണമെന്നോ ആഗ്രഹിക്കുന്നില്ല. ഇത് ദീർഘകാലമായി നടന്നുവരുന്നതാണ്. ഇങ്ങനെവന്നാൽ ഫിനാൻഷ്യൽ മാനേജമെന്റിനെ അത് ബാധിക്കും, മാത്രമല്ല ഈ ഫണ്ട് വേണ്ട വിധത്തിൽ ചെലവഴിക്കുന്നില്ലായെന്നുള്ള പരാതി ഓഡിറ്റ് റിപ്പോർട്ടിൽ കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി സി. ആന്റ് എ.ജി. റിപ്പോർട്ടിൽ വരുന്നു. നമുക്ക് അതിന് ഒരു മാറ്റം വേണ്ടേ. അതുകൊണ്ടാണ് ഇത് പഞ്ചായത്തുകൾക്ക്, ലോക്കൽ ബോഡീസിന്, അവരുടെ ongoing works-ന് ഇതുകാരണം വലിയ വിഷമമുണ്ടെങ്കിൽ ഇന്ന് ഉച്ചയ്ക്കുശേഷം ആലോചിച്ച് അതിനുവേണ്ട മാറ്റങ്ങൾ വരുത്താം.

ശ്രീ. കെ. പി.രാജേന്ദ്രൻ : സർ, ഇത് ,കേരളത്തിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളേയും ബ്ലോക്കുകളേയും മുനിസിപ്പാലിറ്റികളേയും, കോർപ്പറേഷനുകളേയുമൊക്കെ ബാധിക്കുന്നതല്ലേ. ഈ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് അടുത്ത വർഷമെങ്കിലും നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ജില്ലാ പഞ്ചായത്തുൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണാധികാരികളുമായി ചർച്ച ചെയ്ത് ഇത് ഇംപ്ലിമെന്റ് ചെയ്യാൻ സഹായകരമായ രീതിയിലുള്ള ഒരു ഉത്തരവ് പിന്നെ ഇറക്കിയാൽ പോരെ. ഇപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് ആദ്യം ക്യാൻസൽ ചെയ്തുകൊണ്ട് തീരുമാനം എടുക്കണം

ശ്രീ. കെ. ശങ്കരനാരായണൻ : ക്യാൻസൽ ചെയ്യാൻ പറ്റില്ല. ഈ കൊല്ലം അവസാനം ഒന്നുപറയും, അടുത്ത കൊല്ലം അവസാനം ഒന്നുപറയും. നാളെ നാളെ എന്നൊരു നാളില്ലെങ്കിൽ എന്നുള്ള മട്ട് പറ്റില്ല. നമുക്ക് അതിനൊരു കട്ട് ഓഫ് ഡേറ്റ് വേണം. ഉച്ചയ്ക്കുശേഷം ചർച്ച് ചെയ്ത് പോസിറ്റീവ് അപ്രോച്ച് എടുക്കാം.

മി. സ്പീക്കർ : ഫിനാൻഷ്യൽ മാനേജ്മെന്റ് എന്ന് പറയുന്നത് മാർച്ച് 31-നകത്ത് തീർത്തില്ലെങ്കിൽ ചെലവഴിക്കാൻ ഒക്കുകയില്ലല്ലോ. ലാപ്സാവുകയല്ലേ പതിവ്. It is an accepted financial management through out the world.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞങ്ങൾ പബ്ളിക്ക് അക്കൗണ്ട്സ് കമ്മിറ്റിയിൽ പരിശോധിച്ചപ്പോൾ 1984 മുതലുള്ളത് സപ്ളിമെന്ററി ഡിമാന്റ്സ് ഈ സഭയിൽ അവതരിപ്പിച്ച് റീകൺസിലിയേഷൻ നടത്തേണ്ടുന്ന കാര്യങ്ങൾ ഉൾപ്പെടെ, നമ്മൾ അനുവാദം കൊടുക്കേണ്ടതുൾപ്പെടെ നടത്താത്തതുസംബന്ധിച്ച് എ.ജി.യുടെ വലിയ ഒബ്ജക്ഷൻസ് വന്നു. പി.എ.സി. വളരെ വിശദമായി പരിശോധിച്ചു. ഇപ്പോഴും വിദ്യാഭ്യാസ വകുപ്പിന്റെ ആൾക്കാർ വന്ന്.....

മി. സ്പീക്കർ : You answer to my point , You answer to my point, പി.എ.സി. പരിശോധിച്ചതൊന്നും ഇവിടെ പ്രസക്തമല്ല. come to my point.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, മാർച്ച് 31 എന്ന് കട്ട് ഓഫ് ഡേറ്റ് വച്ചാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും.....

മി. സ്പീക്കർ : കട്ട് ഓഫ് ഡേറ്റ് വയ്ക്കുകയല്ലല്ലോ, അതിനല്ലെ നിയമം, കട്ട് ഓഫ് ഡേറ്റ് ആരെങ്കിലും വയ്ക്കുകയാണോ... No..No...I am not against. പണം കൊടുക്കുകയോ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങളോ നടക്കട്ടെ. I am not against, but this is financial management എന്നുപറയുന്നത് മാർച്ച് 31-ാം തീയതിയ്ക്കകം ചെലവായില്ലെങ്കിൽ ആ പണം മുഴുവൻ ലാപ്സാകും എന്നുള്ളതാണ്. യെസ്.... അതെല്ലാം വേറെ കാര്യം. ഞാൻ എതിരല്ലായെന്ന് പറഞ്ഞില്ലേ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാന ഗവൺമെന്റിന് പണം തരുന്നതുപോലെയാണ് സംസ്ഥാന ഗവൺമെന്റ് ലോക്കൽ ബോഡീസിന് പണം കൊടുക്കുന്നത്. ഇങ്ങനെ വരുമ്പോൾ കേന്ദ്ര ഗവൺമെന്റ് പണം തരുന്നത് മാർച്ച് 31-ന് ചെലവാക്കാതിരുന്നാൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് ? ആ ഒരു മാനദണ്ഡത്തിലാണോ ലോക്കൽ ബോഡീസിന് പണം കൊടുക്കുന്നത്.

12.NOON]

മി. സ്പീക്കർ : ഏത് ഫണ്ട് ആയാലും മാർച്ച് 31 നകം ചെലവാക്കിയില്ലായെങ്കിൽ ലാപ്സായിപ്പോകും.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞത് ശരിയാണ്. മാർച്ച് 31 ആണ് ഫിനാൻഷ്യൽ ഇയറിന്റെ അവസാനം. കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ തരുന്ന ഫണ്ട് സംസ്ഥാന ഗവൺമെന്റ് മാർച്ച് 31 നുള്ളിൽ ചെലവാക്കിയില്ലായെങ്കിൽ ലാപ്സായിപ്പോകും. നമുക്ക് ഒരു ഫിനാൻഷ്യൽ ഡിസിപ്ലിൻ വേണ്ടേ ? നമുക്ക് ഫിനാൻഷ്യൽ ഡിസിപ്ലിൻ ഉണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുമ്പോൾ അതിനെ തകർക്കുവാൻ ശ്രമിച്ചാൽ ഒരു ഗവൺമെന്റിനും മുന്നോട്ടു പോകുവാൻ കഴിയുകയില്ല. കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി തുടർന്നു വരുന്ന മിസ് മാനേജ്മെന്റിന് ഒരു പൂർണ്ണ വിരാമം ഇടുന്നതിനു വേണ്ടിയാണ്. ലോക്കൽ ബോഡീസിന്റെ അധികാരത്തെ കർബ് ചെയ്യണമെന്ന് ചിന്തിക്കുന്നില്ല, ആഗ്രഹിക്കുന്നില്ല, അങ്ങനെ ചെയ്യാൻ പോകുന്നില്ല.....(ബഹളം) .....(ബഹളം) വച്ചിട്ടൊന്നും കാര്യമില്ല. Let me finish.....(ബഹളം)....ഡോക്ടർ ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിച്ചാലല്ലേ അടുത്ത കാര്യത്തിലേക്ക് കടക്കുവാൻ പറ്റുകയുള്ളൂ. നിങ്ങൾ പറഞ്ഞതിന് ഡോക്ടർ തോമസ് ഐസക് പറഞ്ഞതിന്, ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതിനുവരെ മറുപടി പറയണം. അതിന്റെ ഇടയിൽ ഇങ്ങനെ ചോദിച്ചാൽ ഞാൻ എങ്ങനെയാണ് ഉത്തരം പറയുന്നത്. ഇതിന്റെ അവസാനമൊന്നും ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ നികുതി പിരിവിനെക്കുറിച്ചു പറഞ്ഞു. 2003-04 ലെ നികുതി പിരിവിന്റെ ലക്ഷ്യം ..... (ബഹളം).....ഞാൻ പറയാം ഡോക്ടർ. I will reply last,That's all. 2003-2004 കാലഘട്ടത്തിൽ 19

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം വർദ്ധനവാണ്. അതല്ലാതെ നേരത്തേ പറഞ്ഞകൂട്ടത്തിൽ 14 ശതമാനമല്ല. ഓരോ കാര്യത്തിലും നമുക്ക് ക്ളാരിറ്റി വേണമല്ലോ. തിരുവനന്തപുരത്തെ വില്പന നികുതി കോംപ്ളക്സിനെക്കുറിച്ച് ശ്രീ. ടി.കെ.ബാലൻ പറഞ്ഞു. ശരിയാണ്. കോടതിയിൽ കേസുണ്ട്. ആ കേസ് നമ്മൾ വാദിക്കുന്നുണ്ട്.....(ബഹളം) .....ഞാൻ അന്വേഷിക്കാം. വേറെയൊരു കാര്യം നികുതിവെട്ടിപ്പ് ഫലപ്രദമായി തടയാൻ പ്രവേശന നികുതി ചുമത്തേണ്ടതായി വരും. ഒമ്പത് ഐറ്റത്തിന് ഇപ്പോൾ ടാക്സ് വർദ്ധിപ്പിച്ചു എന്നു പറഞ്ഞു. ഇത് Cooking Gas-ന് അല്ല. automative LPG യ്ക്കാണ് കൂട്ടിയിരിക്കുന്നത്..... .(ബഹളം) ..... Yes. I agreed. But this is not for the Cooking Gas. പതിനാലാമത്തെ പേജിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. Automative LPG ഞാൻ പറയുന്നത് ക്ളാരിറ്റിയോടുകൂടിയാണ്. അഭിപ്രായ വ്യത്യാസമില്ലാതെ പോകട്ടെ. ഇതുകഴിഞ്ഞ് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞത് പദ്ധതി ചെലവിനെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ഡോക്ടർ തോമസ് ഐസക് ചില കണക്കുകൾ പറഞ്ഞു. അദ്ദേഹം കണക്ക് പറഞ്ഞ് കുഴയ്ക്കുവാൻ ഭയങ്കര വിദഗ്ദ്ധനാണ്. അദ്ദേഹം കണക്ക് പറഞ്ഞ് കുഴച്ച് കുഴച്ച് കഴിഞ്ഞകാലം മുഴുവൻ കുഴച്ചു. ആകെ തെറ്റിപ്പോയി. 1996-1997-ൽ 2180.7 കോടി രൂപയാണ് പദ്ധതി ചെലവ്. 1997-98-ൽ 2867.62 കോടി രൂപ. 1998-99-ൽ 3159.89 കോടി രൂപ 2000-2001 2953.51 കോടി രൂപ. 2001-2002-ൽ 2531 കോടി രൂപ 2002-2003 ൽ 3426 കോടി രൂപ. ഒരു കാര്യം ഇതിൽ ആലോചിക്കേണ്ടത് എന്താണെന്നുവച്ചാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ സൗമ്യമായി രമ്യമായി പോകേണ്ടത് ഭരണകക്ഷിയുടെ മാത്രം ചുമതലയല്ല. പ്രതിപക്ഷത്തിനുംകൂടി ചുമതലയുണ്ട്. പഞ്ചായത്തിന്റെ ലോക്കൽ ബോഡീസിന്റെ കാര്യം പറഞ്ഞു. വലിയ ശതമാനം പ്രതിപക്ഷത്തിരിക്കുന്നവർ, പഴയ രാഷ്ട്രീയ കക്ഷികളുടെയും, വളരെ കാര്യമായി ആലോചിക്കേണ്ടതല്ലേ. ബഹുമാനപ്പെട്ട ശ്രീ. ടി. കെ. ബാലൻ വളരെ രസകരമായ ഒരു കാര്യം പറഞ്ഞു. ഇവിടെ കൊണ്ടുവരുന്ന ഐ.എം.എഫ്.എൽ-ന്റെ 95 ശതമാനം കേരളത്തിലെ കമ്പനികളിൽ ഉല്പാദിപ്പിക്കുന്നതാണ്. കഴിഞ്ഞ പ്രാവശ്യം ഞാൻ വിശദമായി പറഞ്ഞതാണ്. 95 ശതമാനം ഇവിടെ ഉല്പാദിപ്പിക്കുന്നതാണ്. ഇവിടെ ഇപ്പോൾ മല്ലയ്യ വന്നതിനെക്കുറിച്ചു പറഞ്ഞു. അദ്ദേഹത്തിന് സ്വന്തം പ്ളെയിനുണ്ട്. ഇന്റർനെറ്റുണ്ട്. ഞാൻ കാണാൻ പോയില്ല ഞാൻ അതിൽ അഭിമാനിക്കുന്നു. കാരണം നമുക്ക് അങ്ങനത്തെ ഇടപാടൊന്നും വേണ്ട. ഇതേമാതിരി മര്യാദയ്ക്ക് ജീവിച്ച് കുപ്പായത്തിൽ അഴുക്കാകാതെ പോയാൽ വേണ്ടില്ല എന്നു വിചാരിച്ചിട്ടാണ്. അങ്ങനെയൊന്നും ഒരാവശ്യവുമില്ല. അവരൊക്കെ കമ്പനി നടത്തുന്നുണ്ടെങ്കിൽ നടത്തട്ടെ. കേന്ദ്ര ഗവൺമെന്റ് കൊണ്ടു വന്ന നിയമമാണ് നമ്മൾ കൊണ്ടു നടക്കുന്നത്. ഇപ്പോൾ തല്ക്കാലം അതിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടില്ല. ബഹുമാനപ്പെട്ട ബിനോയ് വിശ്വത്തിന്റെ പ്രസംഗം മലമ്പുഴയിലെ മെയിൻ കനാൽ തുറന്നു വിട്ടമട്ടിലായിരുന്നു. അദ്ദേഹം അനവധി കാര്യങ്ങളും പറഞ്ഞു. അതിൽ നമ്മൾ അംഗീകരിക്കാവുന്നത് അംഗീകരിക്കാം. പക്ഷേ ഒരു കാര്യം ഇവിടെ Indian made foreign liquor ഇവിടെ കള്ളെന്നു പറയുന്നവൻ മുഴുവനും നല്ലവനൊന്നുമല്ല. ഇവിടെനിന്ന് കിട്ടുവാൻ ഇന്ന് ആത്മാർത്ഥമായി ശ്രമിച്ചാൽ കിട്ടുകയില്ല. ബഹുമാനപ്പെട്ട വിശ്വംതന്നെ അതിന്റെ സോൾ ഏജൻസി

LIBRARY ARCHIVES Kerala Legislative Assembly

എടുത്താലും അത് കിട്ടുവാൻ പ്രയാസമാണ്. അങ്ങേക്ക് അത് പറ്റുകയില്ല. തരാനും വിചാരിച്ചിട്ടില്ല. ഇവിടെ ഐ.എം.എഫ്.എല്ലിന്റെ വ്യാജമദ്യം തടയണമെങ്കിൽ, കുറച്ച് കുറയണമെങ്കിൽ കുറച്ചു മദ്യം ആളുകൾക്ക് കിട്ടിയാൽ മാത്രമേ പറ്റുകയുള്ളൂ. നമ്മൾ അതിൽ വലിയ സിദ്ധാന്തമൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നല്ല മദ്യം കൊടുക്കണമെന്നുള്ളത് ശരിതന്നെ. മറ്റ് ചില സ്റ്റേറ്റുകളിലൊക്കെ വളരെ ചുരുങ്ങിയ ചെലവിൽ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം എന്നു പേര് പറഞ്ഞ് ചെറിയ പൈസയ്ക്ക് കൊടുക്കുന്ന ഒരു സിസ്റ്റം വന്നിട്ടുണ്ട്. അതൊന്ന് പരീക്ഷിച്ചു നോക്കിക്കൂടെ ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട കോടിയേരി അത് പരിശോധിച്ചു നോക്കണമെന്ന് നമ്മൾ ആലോചിക്കുന്നുണ്ട്. നമുക്കിപ്പോൾ ഒന്നുരണ്ട് ബ്രൂവറീസ് ഉണ്ട്. ആ ബ്രൂവറീസിൽ നമുക്കത് ഉല്പാദിപ്പിക്കുവാൻ പറ്റുമോ എന്ന് ആലോചിക്കുന്നുണ്ട്. എങ്കിൽ നമുക്കത് മാർക്കറ്റിൽ കൊണ്ടുവന്ന് വിറ്റാൽ അതിന് കുറച്ച് വ്യത്യാസം ഉണ്ടാകും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഒരുപാട് അമെന്റ്മെന്റ്സ് ഉണ്ട്.

ശ്രീ. ബിനോയ് വിശ്വം : ശുദ്ധമായ കള്ള് വില്ക്കണം ശരിതന്നെ. ഗവൺമെന്റ് ഈ കള്ള് ഉപേക്ഷിക്കുമോ ? ഞങ്ങൾക്ക് അതറിയണം.

ശ്രീ. കെ. ശങ്കരനാരായണൻ : നല്ല കള്ള് വില്ക്കുന്നതു സംബന്ധിച്ച്, ഇപ്പോൾ കള്ള്ഷാപ്പിന്റെ കാര്യം വന്നപ്പോൾ ഞാൻ പ്രതിപക്ഷവുമായി ആലോചിച്ചു. ഈ കാര്യങ്ങൾ നമുക്ക് ആലോചിച്ച് ചെയ്യാം. ഇതിൽ പ്രത്യേകമായ യാതൊരു സിദ്ധാന്തവുമില്ല. എന്നെ സംബന്ധിച്ച് ഒറ്റ സിദ്ധാന്തം മാത്രമേയുള്ളൂ. ഗവൺമെന്റിന് തരാനുള്ള ടാക്സ് ഏതു കച്ചവടക്കാരായാലും തരണം. കാരണം കൺസ്യൂമറിൽനിന്ന് വാങ്ങിക്കുന്ന ടാക്സാണ്. ആ ടാക്സ് കിട്ടിയേ പറ്റൂ. ആര് എതിർത്താലും ശരി. എതിർത്താൽ തന്നെ ആത്മാർത്ഥമായി എതിർക്കില്ല എന്ന് എനിക്കറിയാം. പ്രതിപക്ഷമാകുമ്പോൾ കുറച്ച് എതിർപ്പൊക്കെ പറയണമല്ലോ എന്നു വിചാരിച്ച് പറയുന്നു അല്ലാതെ ഇവിടെ യാതൊരു സിദ്ധാന്തവുമില്ല. ആ കാര്യത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. മറ്റ് കാര്യങ്ങളൊന്നും പറയാനില്ല.

ഡോ. തോമസ് ഐസക് : സർ, നമ്മൾ തമ്മിൽ ഉണ്ടായ തർക്കം 96 ശതമാനം പ്ലാൻ എക്സ്പെൻഡിച്ചർ കഴിഞ്ഞ വർഷം ഉണ്ടായി എന്ന് പറഞ്ഞു. അല്ല എന്ന് ഞാൻ തെളിവ് വച്ചു. രണ്ട്. എൽ.ഡി.എഫ്. ഭരിച്ചപ്പോൾ ഒരു വർഷം, 1998-99 ആണ് അങ്ങ് പറഞ്ഞത്, മൊത്തം തുകയെക്കുറിച്ചുള്ള തർക്കം 49 ശതമാനം പ്ലാൻ എക്സ്പെൻഡിച്ചറേ ഉണ്ടായുള്ളൂ എന്ന്, അതല്ല എന്ന് ഞാൻ പറഞ്ഞു. ഇന്ന് ഉച്ചയ്ക്ക് ചർച്ച നടക്കുന്നതുകൊണ്ട് ഒരു പുതിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇറക്കിയിട്ടുള്ള ഉത്തരവ് പ്രകാരം പുതിയ ഒരു സിസ്റ്റമുണ്ടാക്കുമെന്ന് പറഞ്ഞല്ലോ. ഈ ഇംപ്ലിമെന്റേഷൻ ഓഫീസർ ആരാണെന്ന് നിർവ്വചിക്കുന്ന രണ്ട് ജി.ഒ.കളുണ്ട്.13 ജി.ഒ.കളിൽ അതും പിൻവലിക്കപ്പെട്ടിരിക്കുകയാണ്. സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇപ്പോൾ എന്താണ് പ്രശ്നമെന്ന് അറിയാമോ? വർക്കിംഗ് ഗ്രൂപ്പ് വിളിച്ചാൽപ്പോലും ഇംപ്ലിമെന്റേഷൻ ഓഫീസർ ചെല്ലുന്നില്ല. അവർ ഇംപ്ലിമെന്റേഷൻ ഓഫീസർമാരല്ല. ഈ ജി.ഒ. പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫീസർമാർ ആരാണെന്ന് പറഞ്ഞിട്ടില്ല. ആരാണെന്ന് നിർവ്വചിച്ച ജി.ഒ. പോലും നിങ്ങൾ പിൻവലിച്ചിരിക്കുകയാണ്. അതാണ് ഇതിന്റെ അസംബന്ധം.

ശ്രീ. കെ.ശങ്കരനാരായണൻ : ഇതിലെ പ്രധാന വശം എന്നുപറയുന്നത് അതല്ല. ലോക്കൽ ബോഡീസിന് കൊടുക്കുന്ന ഫണ്ട്സ് ലോക്കൽ ബോഡീസ് ശരിക്കും ഉപയോഗിക്കുന്നുണ്ടോയെന്നതാണ് പ്രശ്നം. ഗവൺമെന്റ് അത് നടപ്പിലാക്കണം, ഈ പണം കിട്ടുന്നത് അതിനുവേണ്ടി തന്നെ ചെലവാക്കണം, അല്ലാതെ കൊണ്ടുപോയി സൂക്ഷിക്കാൻ പറ്റില്ല, ഒരു ബാങ്കിലും സൂക്ഷിക്കാൻ പറ്റില്ലായെന്നാണ് പറയുന്നത്. മുഖ്യമന്ത്രി അതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഉച്ചയ്ക്കുശേഷം അത് ചർച്ച നടത്തി കഴിയുന്നത്ര പോസിറ്റീവായിട്ട് ചെയ്യാം.

Mr.Speaker: Shri E.T. Mohammed Basheer, do you press your amendment ?

Shri E.T. Mohammed Basheer : No.

Mr. Speaker : The amendment moved by Shri E.T. Mohammed Basheer is, by leave, withdrawn.

Shri M.V. Govindan Master , do you press your amendment ?

Shri M.V. Govindan Master : Yes

Mr. Speaker : Those for the amendment .....

Those against the amendment .....

The amendment moved by Shri M.V. Govindan Master is, put and lost.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

മി. സ്പീക്കർ: ഒരുപാട് അമെന്റ്മെന്റ്സ് ഉണ്ട്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ടത് മാത്രം പറയണം

(ശ്രീ. കോവൂർ കുഞ്ഞുമോന് വേണ്ടി ശ്രീ. കെ. പി.രാജേന്ദ്രൻ ഭേദഗതികൾ അവതരിപ്പിച്ചു)

Shri K.P. Rajendran : Sir, I move the following amendments :

86 : In section 3 (2a) of the Abka 3 of the Abkari Act proposed to be inserted by clause 2 (1) (d) for the words " w a r e h o u s e established" the words "place established as warehouse" shall be substituted.

87 : In the new clause (5) of section 3 of the Abkari Act proposed to be inserted by clause 2 (1) (b) insert the words "or mixing" between the words "addition" and "of flavouring."

96 : In the new clause 25 of section 3 of the Abkari Act proposed to be inserted by clause 2 (1) (d) for the words.

"warehouse established" the words "place established as warehouse" shall be substituted.

96 : Section 14 (b) of the Abkari Act, 1077, proposed to be amended by Clause 2 (2) shall be redrafted as follows :

"(b) establish public warehouses or authorise the establishment of private warehouses wherein liquor may be deposited and kept with payment of duty under a licence granted under the Act".

99 : In Section 17 of the Act 1 of 1077 proposed to be inserted by Clause 2 (3) after (c) the following shall be added as (d)
"(d) As per the rules made under the provisions of this Act and notified by the Government from time to time.

103 : In section 17 of the Abkari Act, proposed to be substituted by clause 2(3) after (c) add the following :

"(d) As per the rules made under the provisions of this Act, the duty shall be levied and collected at such rates as may be fixed by the Government from time to time".

139 : Section 18 (4)(b) of the Abkari Act proposed to be amended by sub- clause 2 (4) (b) shall be redrafted as follows :

(b) When levied in the form of gallonage fee Rs. 20 per bulk litre or Rs. 9092 per bulk gallon

LIBRARY ARCHIVES Kerala Legislative Assembly

117 : In sub section 2 of section 18 of the Abkari Act, proposed to be substituted by clause 2 (4) (c) in column 2 of item No.(i) for the figure "200" the word 300 shall be substituted :

In column 2 of item number (ii) shall be redrafted as follows: "Rs.3 per gram or Rs.2799.10 seer"

In column 2 of item number (iii) for the figure "50" the figure "10" shall be substituted.

136 : In item (9) of Sub-section 4 of section 18 of Abkari Act, proposed to be inserted by clause 2 (4) (c) under the heading Luxury Tax in item number (i) for the figure and word "Rs.15,000 (Rupees Fifteen Thousand)" the figure and words"Rs. 25,000 (Rupees Twenty-Five thousand)" shall be substituted.

In item No. (ii) for the figure and words "Rs.12,000 (Rupees Twelve thousand)" the figure and words "Rs.18,000 (Rupees Eighteen thousand)" shall be substituted.

In item No. (iii) for the figure and words "Rs. 1,000 (Rupees One thousand)" the figure and words "Rs. 1,500 (Rupees One thousand and five hundred)" shall be substituted.

In Item No. (iv) for the figure and words "Rs.1,500 (Rupees One thousand and five hundred only)" the figure and words "Rs. 2,000 (Rupees Two thousand)" shall be substituted.

146: In item (c) of sub-section (4) of section 18 of the Abkari Act proposed to be amended by clause 2 (4) (c), in item No. (i) for the figure and words "Rs. 25,00,000 (Rupees Twenty-five lakhs)" the figure and words "Rs. 30,00,000 (Rupees Thirty lakhs)" shall be substituted and in item No. (ii) for the figures and words "Rs. 10,00,000 (Rupees Ten lakhs)" the figures and words "Rs. 15,00,000 (Rupees Fifteen lakhs)" shall be substituted.

ഞങ്ങൾ നേരത്തെ കുറെ കാര്യങ്ങൾ പറഞ്ഞല്ലോ. ഇനി മിനിസ്റ്റർ മറുപടി പറയുമ്പോൾ ഒന്നുരണ്ടു കാര്യങ്ങൾക്കുകൂടി വഴങ്ങിത്തന്നാൽ മതി. രണ്ടാം വകുപ്പാണ് ഇതിൽ ഏറ്റവും പ്രധാനമായി വരുന്നത്. ഇത് നമ്മൾ പറയുന്നത് നിയമം പാസ്സാക്കി വച്ചാൽ പിന്നെ ആ നിയമത്തിന്റെ അടിസ്ഥാനത്തിലേ ഇതൊക്കെ വ്യാഖ്യാനിക്കൂ. അതുകൊണ്ടാണ് ഇത് സൂചിപ്പിക്കുന്നത്. കൂട്ടിക്കലർത്തുന്നത് വരുമ്പോൾ രണ്ട് വ്യത്യസ്തമായ വീര്യത്തിലുള്ള രണ്ട് സ്പിരിറ്റ് കൂട്ടിക്കലർത്തൽ. ആ കൂട്ടിക്കലർത്തൽ, മിക്സിംഗ് ചെയ്യുന്നിടത്ത് ഫ്ളേവറിംഗ്, ഈ കൂട്ടിക്കലർത്തൽ എന്തിനാണ് ? സ്പിരിറ്റ് കൊണ്ടുവന്ന് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വീര്യം കുറയ്ക്കാൻ അല്ലെങ്കിൽ പല രീതിയിലുള്ള മദ്യത്തിലേക്ക് അത് മാറ്റിയെടുക്കുന്നതിന് അതിന്റെ കളർ, ഫ്ളേവർ, മണം, രുചി എല്ലാം വരും. അത് കൃത്യമായി നിർവ്വചിച്ചിട്ടില്ലായെങ്കിൽ, ഈ കൂട്ടിക്കലർത്തലിലാണ് വ്യാപകമായ തോതിലുള്ള അഴിമതി നടക്കുന്നത്, നേരത്തെ നമ്മൾ പറഞ്ഞ പല വിഷയങ്ങളും വരുന്നത് അവിടെയാണ്. അപ്പോൾ കൂട്ടിക്കലർത്തുന്നത് എന്നതിൽ വളരെ വ്യക്തതയുണ്ടാകണം. അവിടെയാണ് വ്യാജ മദ്യ നിർമ്മാണം നടക്കുന്നത്.

മി. സ്പീക്കർ : അതൊക്കെ മനസ്സിലായി.

ശ്രീ. കെ. പി. രാജേന്ദ്രൻ : മനസ്സിലായിട്ടില്ലായെന്നുവച്ച് ഞാൻ പറഞ്ഞതാണ്.

മി. സ്പീക്കർ : ഇപ്പോൾ എല്ലാവർക്കും അറിയാം. കുട്ടികൾക്ക് വരെ അറിയാം. സ്പിരിറ്റ് നൂറു ശതമാനം ആൽക്കഹോളാണ്. അത് കൂട്ടിക്കലർത്തിയാണ് വയ്ക്കുന്നത്, ഡയലൂട്ട് ചെയ്തതാണ്, എന്നൊക്കെ.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതുപോലെ വെയർഹൗസിംഗും വളരെ പ്രധാനപ്പെട്ടതാണ്. മുമ്പ് അബ്കാരി ആക്ടിൽ തന്നെ ഇതു സംബന്ധിച്ച് ചില ഭേദഗതികളുണ്ടായി. ഗോഡൗണുകളും അതുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. ഇത് സൂക്ഷിച്ച് വയ്ക്കുന്ന സ്ഥലങ്ങൾ, അതിലും ക്ലാരിറ്റിയോടുകൂടി നിർവ്വചിക്കണം. സംഭരിച്ച് സൂക്ഷിച്ച് വയ്ക്കുന്ന സ്ഥലങ്ങളിൽ അവിടെ കൊടുക്കുന്നതിന്റെ അളവ് ഉൾപ്പെടെ, അവിടെ ഏൽപ്പിക്കുന്നതിന്റെ അളവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ. കാരണം അവിടെ കൊടുക്കുന്ന അളവല്ല പിന്നീട് തിരിച്ച് വരുമ്പോൾ. മിക്സിംഗിലും സൂക്ഷിച്ചുവയ്ക്കുന്നിടത്തും ആണ് വ്യാജമദ്യത്തിന്റെ നിർമ്മാണം. ശ്രീ. മുഹമ്മദ് ബഷീർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞതുപോലെയുള്ള നല്ല ശുദ്ധമായ കളളിൽ ഉൾപ്പെടെ അല്ലെങ്കിൽ അതിന്റെ ഡെൻസിറ്റി കുറച്ചുകൊണ്ടുവന്ന് മദ്യം കൊടുക്കുന്നത് ഉൾപ്പെടെ പലതരത്തിലുള്ള കലർപ്പും വിഷവും വരുന്നത് അവിടെയാണ്. അതുകൊണ്ട് ക്ലാരിറ്റിയുണ്ടാകണം.

Shri. M.VJayarajan: Sir, I move the following amendments :

101: In Section 17 of the Abkari Act proposed to be substituted by Clause 2 Sub Clause (3) add the following Sub Clause after the Sub Clause (c) as (d) "(d) permitted under Section 7"

109 : In the column 2 against item No. (i) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) for the figure and words "Rs. 200 per proof litre" substitute the figure and words "Rs.300 per proof litre"

110 : In column 2 against item No. (i) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) for the figure and words "200 per cent" substitute the figure and words "250 per cent".

LIBRARY ARCHIVES Kerala Legislative Assembly

118 : In item No. (iii) of Section 18 (2) of the Abkari Act, 1077 proposed to be amended by clause 2 (4) (c) delete the word "Part" in the first column and insert the word "Part" in between the words "half year" or "thereof" in the second column.

121 : In the explanation to sub-section 4 (2) of section 18 of Abkari Act proposed to be amended by clause (2) (4) (c) insert the words "of excise or countervailing duty" in between the words "with duty" and "at a rate"

137 : The Table to section 18 (4) of the Abkari Act of 1077 proposed to be amended by clause 2 (4) (C) shall be recast as follows :

LUXURY TAX

(a) when levied in the form of a fee for Licence for sale of foreign liquor (Indian made)

1. for licence for sale of foreign liquor in whole sale	Rs.20,000 (Rupees Twenty thousand only) for a year or part thereof
2. for licence for sale of foreign liquor in hotels or restaurants	Rs.15,000 (Rupees Fifteen thousand only) for a year or part thereof
3. for licence for sale of medicated wines	Rs.15,000 (Rupees Fifteen thousand only) for a year or part thereof
4. for licence for sale of foreign liquor in non-proprietary club to members	Rs. 10,000 (Rupees Ten thousand only) for a year or part thereof
(b) when levied in the form of Gallonage fee	Rs.15 (Rupees Fifteen) per bulk litre
(c) When levied in the form of a fee for licence for the sale of foreign liquor (foreign made)	
1. in whole sale	Rs.30,00,000 (Rupees Thirty Lakhs) for a year or part thereof.
2. in retail	Rs. 15,00,000 (Rupees Fifteen lakhs)
3. in hotels or restaurants	Rs. 30,00,000 (Rupees Thirty lakhs) for a year or part thereof

LIBRARY ARCHIVES Kerala Legislative Assembly

4. in non-proprietary clubs to its members	Rs. 15,00,000 (Rupees fifteen lakhs) for a year or part thereof
5. in Seamen's and Marine Officers club to its members	Rs. 15,00,000 (Rupees Fifteen lakhs) for a year or part thereof

(d) When levied in the form of gallonage fee

1. Foreign liquor (foreign made) other than beer and wine	Rs. 300 (Rupees Three hundred) per bulk litre.
2. For foreign made beer and wine	Rs. 30 (Rupees Thirty) per bulk litre.

156: In section 29, sub-section (1) of the Abkari Act, proposed to be amended by sub-clause (5) of clause 2 shall be recast as follows : "29 Power to make rules. (1) The Government may, by notification in the Gazette, make rules for the purposes of carrying out the provisions of this Act".

156-ൽ വ്യക്തമായിട്ടുള്ള ഡെഫിനിഷൻ വേണമെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ആവശ്യം. Illicit liquor ലൈസൻസില്ലാതെ പ്രാദേശികമായി ഉണ്ടാക്കുന്ന മദ്യമാണ് വ്യാജ മദ്യം എന്നപേരിൽ അറിയപ്പെടുന്നത്. അതിന് ഇപ്പോൾ നിർവ്വചനമില്ല. മലയാള വർഷം 1077-ൽ ഇംഗ്ലീഷ് വർഷം 1902-ൽ നിർമ്മിച്ച നിയമമാണ്. അന്ന് Illicit liquor -ന്റെ പ്രശ്നമില്ല. ഇന്നാണെങ്കിൽ പല പേരുകളിൽ അറിയപ്പെടുന്നത് Illicit liquor ആണ്. ആനമയക്കി, കൊട്ടുവടി ഇങ്ങനെയൊക്കെ ഒരുപാട് വ്യാജ മദ്യം, അതിന് വ്യക്തമായ നിർവ്വചനമില്ലായെങ്കിൽ ഈ വ്യാജ മദ്യം എന്താണെന്ന് കണ്ടെത്തുന്നതിന് പ്രയാസമാകും. അതാണ് ഒന്ന്. സെക്കൻഡ്സിനെ സംബന്ധിച്ച് വ്യക്തമായ നിർവ്വചനം വേണം. സെക്കൻഡ്സ് എന്നുപറയുന്നതിന് ഞാൻ ഇവിടെ കൊടുത്തിട്ടുള്ള നിർവ്വചനം നിശ്ചിത നികുതിയും ഡ്യൂട്ടിയും അടയ്ക്കാതെ ഉപഭോക്താക്കൾക്ക് നൽകുന്ന മദ്യമാണ്. ഈ നിർവ്വചനമില്ലാത്തതിന്റെ ഫലമായി ടാക്സ് കൊടുക്കാതെ വെട്ടിച്ചുകൊണ്ടുവരുന്ന മദ്യം മൊത്തമായി നമുക്ക് പിടിക്കാൻ കഴിയുന്നില്ല. അത് റസ്റ്റോറന്റുകളിലൊക്കെ വിൽക്കുന്ന ഒരു സ്ഥിതിയുണ്ട്. ഉപഭോക്താക്കൾക്ക് ചുരുങ്ങിയ വിലയ്ക്ക് കൊടുക്കുകയാണ്. അതിന്റെയൊക്കെ ഫലമായി കൺസ്യൂമർഫെഡിന്റേയും ബിവറേജസ് കോർപ്പറേഷന്റേയും കീഴിലുള്ള സ്ഥാപനങ്ങളിൽപ്പോലും ഇത് വരുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അതുകൊണ്ട് വ്യക്തമായ നിർവ്വചനം വേണം. അത് 2-ാം ക്ലാസ്സിൽ 10 (B) ആയി ചേർത്താൽ മതി. പിന്നെ എന്റെ നിർവ്വചനത്തിൽ ഞാൻ ഉന്നയിക്കുന്ന പ്രശ്നം തേർഡ്സിനെ സംബന്ധിച്ചും വ്യക്തമായ നിർവ്വചനം വേണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്ന അഭിപ്രായം foreign made foreign liquor-ന്റേയോ Indian made foreign liquor-ന്റേയോ ടൈറ്റിൽ കൃത്രിമമായി നേടിയിട്ട് നിയമവിരുദ്ധമായി നിർമ്മിക്കുന്ന മദ്യമാണ് തേർഡ്സ് എന്നുപറയുന്നത്. അത് 2-ാമത്തെ ക്ലാസ്സിൽ 10(C) ആയി പുതിയതായി ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇങ്ങനെ നിർവ്വചനം വന്നില്ലായെങ്കിൽ ഫലത്തിൽ ഉണ്ടാകാൻ പോകുന്നത് മാക്ഡവലിന്റെയൊക്കെ സാധനം അവരുടെ ടൈറ്റിലിൽ മണിച്ചനെപ്പോലെയുള്ള ആളുകൾ വ്യാപകമായി ഉണ്ടാക്കി വിൽക്കുന്നതിലേക്ക് കാര്യങ്ങൾ എത്തും. അതുകൊണ്ട് നിർവ്വചനം കൃത്യമായി വേണം. കമ്മീഷണറുടെ സ്ഥാപനവും നിയന്ത്രണാധികാരവും സംബന്ധിച്ച് വ്യക്തമായി പതിനാലാം വകുപ്പിൽ നിലവിലുള്ള നിയമത്തിൽ പറയുന്നുണ്ട്. അത് റീ-കാസ്റ്റ് ചെയ്യണം. ഇപ്പോഴുള്ള വ്യവസ്ഥ പഴുതുകൾ ഒട്ടേറെയുള്ളതാണ്. അത് കുറ്റമറ്റതാക്കണം. കുറ്റമറ്റതാക്കാൻ വേണ്ടി എന്റെ പ്രൊപ്പോസലുണ്ട്. അങ്ങ് സമയം നിയന്ത്രിക്കുന്നതുകൊണ്ട് ഞാൻ അത് പറയുന്നില്ല. എന്റെ പ്രധാനപ്പെട്ട മറ്റൊരു ഭേദഗതി ഡ്യൂട്ടി ഏർപ്പെടുത്താനുള്ള വ്യവസ്ഥ. അത് നിലവിലുള്ള അബ്കാരി നിയമത്തിലെ പതിനേഴാം വകുപ്പിൽ ആണുള്ളത്. ഏതൊക്കെ ഘട്ടങ്ങളിൽ ഡ്യൂട്ടി ഏർപ്പെടുത്താമെന്നുള്ളത് പറയുന്നുണ്ട്. അത് നിലവിൽ ഏഴ് ഘട്ടങ്ങളിലാണ്. ഇംപോർട്ട് ചെയ്യുമ്പോൾ, എക്സ്പോർട്ട് ചെയ്യുമ്പോൾ, ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ, മാനുഫാക്ചർ ചെയ്യുമ്പോൾ, രണ്ട് ഘട്ടങ്ങളിൽ ലൈസൻസ് കൊടുക്കുമ്പോൾ, വില്പന നടക്കുമ്പോൾ അങ്ങനെ ഏഴ് ഘട്ടങ്ങളിൽ നികുതി ഏർപ്പെടുത്താവുന്നതാണ്. അത് മാറ്റി അത് മൂന്ന് ഘട്ടങ്ങളിലാക്കി ചുരുക്കിയിരിക്കുകയാണ്. എക്സ്പോർട്ട് ചെയ്യുമ്പോൾ നികുതി ചുമത്താനുള്ള വ്യവസ്ഥ...

മി. സ്പീക്കർ : ഈ ചർച്ച കേട്ടാൽ ഇത് അബ്കാരി ആക്ടാണെന്ന് തോന്നുമല്ലോ ? ഫിനാൻസ് ബില്ലാണെന്ന് തോന്നുന്നില്ലല്ലോ.

ശ്രീ. എം. വി. ജയരാജൻ : ഫിനാൻസ് ബില്ലിൽ അബ്കാരി ആക്ടിൽ വരുത്തിയ മാറ്റങ്ങളാണ്. അത് സംബന്ധിച്ച് പറയാതിരിക്കാൻ കഴിയില്ല. അത് എക്സ്പോർട്ട് ചെയ്യുമ്പോൾ നികുതി ചുമത്താനുള്ള വ്യവസ്ഥ കൊണ്ടുവരണം. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്റെ 101-ന്റെ കാര്യം അങ്ങ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടാവും. ഇപ്പോൾ സുപ്രീംകോടതിയിൽ ഒരു കേസുണ്ട്. ആ കേസിൽ നമ്മുടെ സംസ്ഥാന ഖജനാവിലേക്ക് വരേണ്ടുന്ന 500 കോടി രൂപയെ ചോദ്യം ചെയ്തുകൊണ്ടാണ് മദ്യ രംഗത്തുള്ള അബ്കാരികൾ പോയിട്ടുള്ളത്. ഈ വിധത്തിൽ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥയാണ് അംഗീകരിക്കുന്നതെങ്കിൽ തീർച്ചയായും സംസ്ഥാനത്തിന് 500 കോടി രൂപ നഷ്ടപ്പെടാൻ ഇടയാകും. ഞാൻ അതിൽ പറയുന്ന ഒരു കാര്യം നിലവിലുള്ള നിയമത്തിലെ ഏഴാം വകുപ്പിൽ പറയുന്നത് പ്രകാരം തന്നെ വ്യവസ്ഥ കൊണ്ടുവരണം. അതിൽ കയറ്റുമതി ചെയ്യുമ്പോൾ നികുതി ഈടാക്കാൻ വേണ്ടിയുള്ള വ്യവസ്ഥയുണ്ട്. അത് എങ്ങോട്ടേയ്ക്കാണ് കൊണ്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ എത്തിച്ചതിനുശേഷം എക്സൈസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് വേണം. സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ യഥാർത്ഥത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന് ഇത് കടത്തിക്കൊണ്ടുപോയോയെന്ന് തിരിയുകയുള്ളൂ. ഇപ്പോൾ ആ നികുതിയുടെ വ്യവസ്ഥ ഒഴിവാക്കി. എന്നിട്ട് ബോണ്ട് മാത്രം മതിയെന്ന് വ്യവസ്ഥ ചെയ്യുന്നു. ബോണ്ട് മാത്രം വച്ചുകഴിഞ്ഞാൽ കയറ്റുമതി ചെയ്യുന്നവർ അങ്ങോട്ട് കൊണ്ടുപോയി അവിടെ എത്തിച്ചോയെന്ന് എക്സൈസ് ഡിപ്പാർട്ടുമെന്റിന് സൂക്ഷ്മമായി പരിശോധിക്കാനുള്ള സൗകര്യമില്ലാതെ അത് വ്യാപകമായി മദ്യക്കടത്ത് പ്രോൽസാഹിപ്പിക്കുന്നവർക്ക് അനുകൂലമായി ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി മാറുമെന്നുള്ളതാണ് എന്റെ അഭിപ്രായം.109-ലും 110-ലും ഉള്ള പ്രശ്നം ഇൻഡ്യൻ മെയ്ഡ് ഫോറിൻ ലിക്കറിന് എക്സൈസ് ഡ്യൂട്ടി ചുമത്താനുള്ള വ്യവസ്ഥ നിലവിലുള്ളത് ഒരു ലിറ്ററിന് 200 രൂപയോ 200% ന് തുല്യമായ തുകയോ ആണ്. അത് വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ പ്രൊപ്പോസൽ. അത് ഖജനാവിലേക്ക് കാശ് കിട്ടുന്ന ഒരു വഴിയാണ്. എന്റെ റേറ്റൊക്കെയുണ്ട് അങ്ങ് പറയുന്നതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. 118-ാമത്തെ കാര്യം ഇപ്പോൾ ഉള്ളതു പ്രകാരമാണെങ്കിൽ ലിറ്റർ ഒന്നിന് വൃക്ഷക്കരം ചുമത്തുന്നതു സംബന്ധിച്ചാണ്. ഇപ്പോഴുള്ള അർദ്ധവാർഷിക തുക 50 രൂപയാണ്. അത് വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അതിൽ Printing error ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒന്നു ശ്രദ്ധിച്ചാൽ തരക്കേടില്ല. 118 Â Printing error എന്താണെന്നുവച്ചാൽ half year or part thereof ആ പാർട്ട് എന്നു പറയുന്നത് വരേണ്ട സ്ഥലത്തല്ല വന്നത്. എന്റെ 118-ാം നമ്പർ ഭേദഗതിയിൽ മുഖ്യമായും ഉള്ളത് Printing error തിരുത്തണമെന്നുള്ളതും വൃക്ഷക്കരത്തിന്റെ .....

Mr. Speaker : It can be done without an amendment.

ശ്രീ. എം. വി. ജയരാജൻ: 121-ാം നമ്പർ ഭേദഗതിയാണ് മറ്റൊന്ന്. അതിലുള്ള പ്രശ്നം ഡ്യൂട്ടി ഓഫ് എക്സൈസും ഉണ്ട്, കൗണ്ടർ വെയ്ലിംഗ് ഡ്യൂട്ടിയും ഉണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന ലിക്കറിനാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ ഇത് ഡ്യൂട്ടി എന്നു മാത്രം പറഞ്ഞാൽ പോര. ഇപ്പോൾ ഉള്ളത് ഡ്യൂട്ടി എന്നുള്ളത് മാത്രമാണ് ....duty of excise or countervailing duty എന്നു തന്നെ വ്യക്തമായി പറയണമെന്നുള്ളതാണ്. 137 ഉം നിലവിലുള്ള ഷെഡ്യൂൾ മാറ്റണമെന്നുള്ളതാണ്. ഫോറിൻ മെയ്ഡ് ലിക്കറിന് ഇപ്പോൾ ടാക്സ് ഏർപ്പെടുത്താൻ വ്യവസ്ഥയില്ല. Indian made liquor -ന് ടാക്സ് ഏർപ്പെടുത്താനേ വ്യവസ്ഥയുള്ളൂ. അതുകൊണ്ട് ലക്ഷ്വറി ടാക്സ് ഫോറിൻ മെയ്ഡ് ലിക്കറിന് ഏർപ്പെടുത്താൻ സംവിധാനം ഉണ്ടാകണമെന്നുള്ളതാണ്. അതും സംസ്ഥാന സർക്കാരിന്റെ ഖജനാവിലേക്ക് മുതൽ തുക വർദ്ധിപ്പിക്കാൻ, നികുതി വർദ്ധിപ്പിക്കാൻ കഴിയുന്ന, വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന നമ്മുടെ പ്രൊപ്പോസലാണ്. 156-ൽ, ഇതിനകത്ത് വളരെ ആർബിട്രറിയായിട്ട് ഒരുകാര്യമുണ്ട്. നമ്മുടെ സർക്കാരിന് മുൻകാല പ്രാബല്യത്തോടുകൂടി റൂളുണ്ടാക്കാൻ വ്യവസ്ഥ നൽകുകയാണ്. ബഹുമാനപ്പെട്ട ഫിനാൻസ് വകുപ്പുമന്ത്രി ശ്രദ്ധിക്കുമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഒരു നിയമത്തിലും ഈ റൂൾ ഉണ്ടാക്കാൻ, അതും മുൻകാല പ്രാബല്യത്തോടുകൂടി റൂൾ ഉണ്ടാക്കാൻ സർക്കാർ അധികാരം കൊടുത്തിട്ടില്ല എന്ന് കാണാം. ഇത് ദുർവിനിയോഗം ചെയ്യും. അങ്ങയെ മുന്നിൽ നിർത്തി ഈ ചട്ടത്തിന്റെ പുറകിൽ നിന്ന് ഉദ്യോഗസ്ഥൻമാർ ഈ ചട്ടത്തിലൂടെ, ഇങ്ങനെയാണ് നിങ്ങൾ വ്യവസ്ഥ കൊണ്ടു വരുന്നതെങ്കിൽ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് മുൻകാല പ്രാബല്യത്തോടെ റൂളുണ്ടാക്കാനുള്ള വ്യവസ്ഥ ഈ നിയമത്തിൽ കൊടുത്തുകൂടാ. നിയമം ഉണ്ടാക്കാനുള്ള അധികാരം നിയമ നിർമ്മാണ സഭയ്ക്കാണ്. ചട്ടം ഉണ്ടാക്കാനുള്ള അധികാരം നമുക്ക് നിയമ നിർമ്മാണ സഭയുടെ ഭാഗമായി സബോർഡിനേറ്റ് ലെജിസ്ലേഷനും അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയ്ക്കുമാണ്. പക്ഷെ മുൻകാല പ്രാബല്യം കൊടുക്കുകയാണ്. അതുകൊണ്ട് അതീവ ഗൗരവമാണ്. അങ്ങ് ഗൗരവമായി ശ്രദ്ധിച്ച് 156-ാം നമ്പർ ഭേദഗതി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

Shri P. Jayarajan : Sir, I move the following amendments :

102 : In section 17 of the Abkari Act, 1077, proposed to be substituted by clause 2 Sub Clause (3) add the following after (c) :

"(d) Permitted under section 11 to be transported or".

111 : In column 2 to item No. (i) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) for the figure and words "200 per cent" substitute the figure and words "300 per cent".

113 : Section 18 (2) of the Abkari Act proposed to be amended by sub clause 4 (c) of clause 2, in item (ii), second column the figure 1" shall be substituted by the figure "1.25".

116 : In Section 18 (2) of the Abkari Act, 1077 proposed to be amended by clause 2 (4) (c) in the second column of item (iii) for the figure "50" the figure "75" shall be substituted.

122 : In the explanation to sub-section (2) of section 18 of the Abkari Act 1077 proposed to be amended by sub clause (4) (c)of clause 2 add the words " in the manner prescribed" at the end.

138 : The table to Section 18 (4) of the Abkari Act proposed to be inserted by Clause 2 (4) (c) shall be redraft as follows :

LIBRARY ARCHIVES Kerala Legislative Assembly

LUXURY TAX

(a) When levied in the form of a fee for sale of foreign liquor (Indian made)

1. for licence for sale of foreign liquor in whole sale	Rs.25,000 (Rupees Twenty Five thousand only) for a year or part thereof
2. for licence for sale of foreign liquor in hotels or restaurants	Rs.20,000 (Rupees Twenty thousand only) for a year or part thereof
3. for licence for sale of foreign liquor in hotels and restaurants	Rs.17,000 (Rupees Seventeen thousand only) for a year or part thereof.
4. for licence for sale of foreign liquor in non-proprietary club to members	Rs. 15,000 (Rupees Fifteen thousand only) for a year or part thereof.
(b) when levied in the form of gallonage fee	Rs.20 per bulk litre.
(c) When levied in the form of a licence fee for sale of foreign liquor (foreign made)	
1. In whole sale	Rs.35,00,000 (Rupees Thirty-five Lakhs) for a year or part there of
2. In retail	Rs.20,00,000 (Rupees Twenty lakhs) for a year or part there of
3. in hotels or restaurants	Rs. 35,00,000 (Rupees Thirty-five lakhs) for a year or part thereof
4. in non-proprietary clubs to its members	Rs. 20,00,000 (Rupees Twenty lakhs) for a year or part thereof

LIBRARY ARCHIVES Kerala Legislative Assembly

5. in seamen's and Marine officers club to its members	Rs. 20,00,000 (Rupees Twenty lakhs) for a year or part thereof

(d) When levied in the form of gallonage fee

1. Foreign liquor (foreign made) other than beer and wine	Rs. 500 (Rupees Five hundred) per bulk litre.
2. For foreign made beer and wine litre.	Rs. 35 (Rupees Thirty-five) per bulk

ഞാൻ എന്റെ 124-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നില്ല. 102 നെ സംബന്ധിച്ച് പറയാനുള്ളത് ഈ അബ്കാരി നിയമത്തിൽ 17-ാം വകുപ്പ് നികുതി ചാർജ് ചെയ്യാനുള്ള വകുപ്പാണ്. അതനുസരിച്ച് മദ്യത്തിന്റെ ഇറക്കുമതി കയറ്റുമതി ട്രാൻസ്പോർട്ട് തുടങ്ങി ഏഴ് വ്യത്യസ്ത തലങ്ങളിലേതെങ്കിലും ഒന്നിൽ നികുതി അടക്കായ്നുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. 17-ാം വകുപ്പ് (ഡി) ഉപവകുപ്പനുസരിച്ച് മദ്യത്തിന്റെ ട്രാൻസ്പോർട്ടിംഗ് ഘട്ടത്തിൽ നികുതി ഈടാക്കുന്നതിന് സർക്കാരിന് അവകാശം ഉണ്ടായിരുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബിൽ അനുസരിച്ച് ഈ അവകാശം ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് രണ്ട് കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഒന്ന് സർക്കാരിന്റെ നികുതി ചുമത്തുന്നതിന് ഇപ്പോഴുള്ള അവകാശം നീക്കം ചെയ്യുന്നത് ശരിയല്ല. അത് നിലനിർത്തണം. രണ്ട് ട്രാൻസ്പോർട്ടിംഗ് പെർമിറ്റ് എടുക്കുന്നതിന് 500 രൂപ ഫീസ് കൊടുക്കണം. 100 കണക്കിന് ലോഡ് മദ്യമാണ് ഡിസ്റ്റിലറികളിൽ നിന്നും ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്നത്. നിലവിലുള്ള സപ്ലൈ ഏജൻസിയായ ബിവറേജസ് കോർപ്പറേഷൻ പെർമിറ്റ് എടുക്കുന്നില്ല. ട്രാൻസ്പോർട്ട് പെർമിറ്റ് നിർബന്ധമായും വാങ്ങുകയും പെർമിറ്റ് അടയ്ക്കേണ്ട ചുമതല ഡിസ്റ്റിലറികൾക്ക് നൽകുകയും ചെയ്താൽ അത് ഖജനാവിന് ലക്ഷക്കണക്കിന് ഉറുപ്പികയുടെ വരുമാനം ഉണ്ടാകും. ഡിസ്റ്റിലറികളെ വഴിവിട്ട് സഹായിക്കുന്ന സമീപനമാണ് എക്സൈസ് ഡിപ്പാർട്ടുമെന്റും ബിവറേജസ് കോർപ്പറേഷനും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണം. അങ്ങനെ അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഈ സമീപനം അവസാനിപ്പിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

Shri T. K. Balan : Sir, I move the following amendments :

104 : In section 17 of the Abkari Act, proposed to be substituted by clause 2 (3) after (c) add the following :

"(d) Sold in any part of the State or

(e) issued from a distillery, brewery, winery or other manufacturing or warehouse licenced or established under section 12 or Section 14 or"

LIBRARY ARCHIVES Kerala Legislative Assembly

108 : In column 2 of item (1) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) for the figure and words "Rs. 200 per proof litre" substitute the figure and words "Rs. 250 per proof litre".

112 : In column 2 to item No. (i) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) add the following words at the end "whichever is higher"

114 : In column 2 to item No. (ii) of section 18 (2) of the Abkari Act 1077 proposed to be amended by clause 2 (4) (c) for the words and figures "Re. 1 per gram or Rs. 933.10 seer" substitute the words "Rs. 1.50 per gram".

115 : In sub section (2) of Section 18 of the Abkari Act, 1077 proposed to be amended by clause 2 (4) in the second column of item (iii) for the figure "50" substitute the figure "60".

128 : In the second column of item (i) of sub-section 4, under the heading Luxury Tax Section 18 of Abkari Act, 1077 proposed to be amended by clause 2 (4) (c)

Substitute the figure "25,000" for the figure "15,000" and substitute the words "Twenty Five thousand" for the words "Fifteen Thousand".

131 : In the second column of item (ii) under the heading Luxury Tax in sub-section (4) (a) of section 18 of the Abkari Act 1077, proposed to be amended by clause 2 (4) (C)

substitute the figure and words "Rs. 15,000 (Rupees Fifteen Thousand only)" for the figure and words "Rs. 12,000 (Rupees Twelve thousand only)".

ആദ്യത്തെ 17-ാം വകുപ്പു പ്രകാരം നികുതി ചാർജ്ജ് ചെയ്യുന്നതിനുള്ള വ്യാപകമായ അധികാരം ഗവൺമെന്റിനുണ്ടായിരുന്നു. അതിപ്പോൾ കർട്ടെയിൽ ചെയ്തുകൊണ്ട് മദ്യ വിൽപ്പനക്കാരെ, ഡിസ്റ്റിലറിക്കാരെ, വെയർഹൗസിലുള്ള ആളുകളെ, ഇവർക്കെല്ലാം തന്നെ പ്രേരണ നൽകുന്ന രൂപത്തിലാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ ഏത് ഭാഗത്ത് വിൽക്കുന്നതിനും അബ്കാരി ആക്ടിലെ 17-ാം വകുപ്പ് അതുപോലെ തന്നെ നിലനിർത്തണം. അതിന് ഇത്തരത്തിലുള്ള ഒരു അമെന്റുമെന്റ് വേണ്ട എന്നുള്ളതാണ് മറ്റൊരു കാര്യം. 108-നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അത് ഞാൻ മൂവ് ചെയ്യുകയാണ്. പിന്നെ 112 വളരെ സ്പെസിഫിക് ആയിട്ട് പറയുകയാണ്. ഇതിൽ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

whichever is higher ഏതാണ് അധികം എന്നു പറയുകയാണ്. അത് or എന്നു പറഞ്ഞ് അവിടെ നിർത്തുകയാണ്. അത് whichever is higher എന്ന് തീർച്ചയായിട്ടും അങ്ങനെ വയ്ക്കേണ്ടതാണ്. അല്ലെങ്കിൽ 200 ഉറുപ്പികയോ അല്ലെങ്കിൽ അതിന്റെ 200% പറഞ്ഞ് whichever is higher പറഞ്ഞിട്ടില്ലെങ്കിൽ ഏതും എടുത്ത് ഉപയോഗിക്കാമെന്നുള്ളതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

Shri M. A. Vaheed: Sir, I move the following amendments :

105 : In section 18 (1) of the Abkari Act, 1077, proposed to be amended by clause 2 (4)(b) (i) for the words "such duty of excise or countervailing duty may be levied and collected" substitute the words "such duty of excise or countervailing duty may be levied"

106 : Section 18 (1) of the Abkari Act, 1077, proposed to be amended by clause 2 (4) (b) (iv) shall be recast as follows :

(f) in the case of import of spirits, beer or intoxicating drugs in such manner as may be prescribed, shall be changed as in the case of import of spirits or, beer, or any other liquor or intoxicating drugs in such manner as may be prescribed".

106-ൽ ക്ലാസ് റീകാസ്റ്റ് ചെയ്യണമെന്നുള്ളതാണ്.

Shri A.K. Balan : Sir, I move the following amendments :

107 : In Section 18 (2) of the Abkari Act, 1077 proposed to be substituted by clause 2 (4) (c) for the words "at such rates as may be fixed by Government from time to time by notification in the Gazette, not exceeding the rates specified below" the words "at the rates specified below"shall be substituted.

119 : In the Table in section 18 (2) of the Abkari Act, 1077 proposed to be substituted by clause 2 (4) (c) –

(1) In column (2) against entry (i) for the word and figure "Rs.200" substitute the word and figure "Rs.250"

LIBRARY ARCHIVES Kerala Legislative Assembly

(2) in column (2) against entry (ii) for the word and figure "Rs. 1" substitute the word and figure "Rs.2"

(3) In column (2) against entry (iii) for the word and figure "Rs.50" substitute the word and figure "Rs. 75"

134: In Section 18 sub-section (4) (a) of the Abkari Act proposed to be substituted by clause 2 (4) (c) in the entries under the heading "luxury tax" for "Rs. 15,000" substitute figure "Rs. 18,000". For figure "Rs. 12,000" substitute the figure "Rs. 14,000". For the figure "Rs. 1000" substitute the figure "Rs. 1250" and for the figure "Rs.1500" substitute the figure "Rs. 1650".

148 : In column (2) against entries (i) to (v) of Section 18 (4) (C) of the Abkari Act, 1077, proposed to be substituted by clause 2 (4) (c), for the figures "25,00,000" substitute the figures "28,50,000", for the figures "Rs.10,00,000" substitute the figures "Rs. 15,00,000" for the figures "Rs.25,00,000" substitute the figures "Rs. 28,00,000", for the figures "10,00,000", substitute the figures "12,00,000", for the figures "Rs. 10,00,000" substitute the words "Rs. 13,00,000".

സർ, ഇതിനെപ്പറ്റി ഒരൊറ്റ വാക്കിൽ നിർത്താം. പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ ഫാക്ടറി ഒന്ന് രക്ഷപ്പെടുത്തണമെന്നാണ് ഇതിന്റെ ഭാഗമായിട്ട് എനിക്ക് പറയാനുള്ളത്.

Shri K.P. Mohanan: Sir, I move the following amendments :

120: In Section 18 (2) of the Abkari Act, 1077 proposed to be amended by clause 2 (4) (c), the entry against item (i) shall be amended as "225 percent of the value of the liquor" and in the entry against item (iii) the word and figure "Rs.50" shall be substituted by the word and figure "Rs.30".

135 : In column (2) against entries (i) to (iv) of section 18 (4) (a) of the Abkari Act 1077, proposed to be substituted by clause 2 (4) (c) shall be amended as follows :

(a) Substitute "Rs.25,000" For "15,000".
(b) Substitute "Rs.20,000" For "12,000".
(c) Substitute "Rs.1,500" For "1,000".
(d) Substitute "Rs.2,500" For "1,500".

LIBRARY ARCHIVES Kerala Legislative Assembly

147 : The table of section 18 (4) (c) of the Abkari Act, 1077 proposed to be ameded by clause 2 (4) (c), shall be recast as follows :

(i) In whole sale	Rs.35,00,000 (Rupees Thirty-five lakhs) for a year or part thereof
(ii) In retail	Rs.20,00,000 (Rupees Twenty lakhs) for a year or part thereof
(iii) In hotels or restaurants	Rs. 35,00,000 (Rupees Thirty-five lakhs) for a year or part thereof
(iv) In non-proprietary clubs to its members	Rs.15,00,000 (Rupees Fifteen lakhs) for a year or part thereof
(v) In seamen's and Marine officers club to its members	Rs.10,00,000(Rupees Ten lakhs) for a year or part thereof.

150 : In section 18(4) (d) of the Abkari Act, 1077, proposed to be inserted by clause 2 (4) (c), items (i) and (ii) shall be recast as follows :

(i) Foreign liquor (Foreign made) other than beer and wine	Rs.300 (Rupees Three hundred) per bulk litre.
(ii) For Foreign made beer and wine	Rs. 40 (Rupees Forty only) per bulk litre.

നാവികരുടേയും നാവിക ഉദ്യോഗസ്ഥൻമാരുടേയും ക്ളബ്ബിന്റേയും, അതുപോലെ ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri Kodiyeri Balakrishnan : Sir, I move the following amendments :

123 : Section 18(2) of the Abkari Act 1077 proposed to be amended by clause 2 (4) (c) shall be recast as follows :

"(2) the duty of excise or countervailing in the sub- section (1) shall be levied and collected at the rate specified below :

Duty of Excise	Maximum Rates
(i) Duty of excise on liquors (Indian made)	(Rs.250 per proof litre or an amount equal to 200 per cent the value of the liquor)

LIBRARY ARCHIVES Kerala Legislative Assembly

(ii) Duty of excise on intoxicated drugs.	Rs. 2 per gram or Rs.933.10 seer
(iii) Duty of excise in form of tax part on trees tapped for toddy	Re.1 per tree per half year or thereof

126: In sub item (a) (i) of the schedule to sub-section (4) of section 18 of the Abkari Act of 1077 proposed to be amended by clause 2 (4) (c), for the figure "15,000" substitute the figure "15,550".

130 : In Section 18 (4) (a) (ii) of Abkari Act, proposed to be amended by clause 2 (4) (C) for the figure "12,000" substitute the figure "12,550".

132 : In Section 18(4) (a) (iii) of the Abkari Act, proposed to be amended by clause 2 (4) (C), for the figure "1,000" substitute the figure "1,550".

133 : In Section 18 (4) (a) (iv) of the Abkari Act, proposed to be amended by clause 2 (4) (C) for the figure "1,500" substitute the figure "1,750".

140 : In item (b) to the schedule to sub-section (4) of section 18 of the Abkari Act proposed to be substituted by clause 2(4) (c), for the figure "10" substitute the figure "12".

141 : In sub-item (c) (i) of the new sub-section (4) of section 18 of the Abkari Act, 1077 proposed to be amended by clause 2 (4) (c), for the figure "25,00,000" substitute the figure"27,00,000".

142 : In sub-item (c) (ii) in the schedule to sub-section (4) of section 18 of the Abkari Act, 1077 proposed to be amended by clause 2 (4) (c), for the figure "10,00,000" substitute the figure "12,00,000".

143 : In sub-item (c) (iii) in the schedule to sub-section (4) of section 18 of the Abkari Act, 1077 proposed to be amended by clause 2 (4) (c) , for the figure "25,00,000"substitute the figure "26,00,000"

144 : In sub-item (c) (iv) of the schedule to sub-section (4) of section 18 of the Abkari Act, 1077 proposed to be amended by clause 2 (4) (c), for the figure "10,00,000"substitute the figure "11,00,000".

145 : In sub-item (v) of item (c) in the schedule to sub-section (4) of section 18 of the Abkari Act, 1077 proposed to be amended by clause 2 (4) (c), for the figure "10,00,000" substitute the figure "10,50,000".

LIBRARY ARCHIVES Kerala Legislative Assembly

149 : In Section 18 (4) of Abkari Act, 1077 proposed to be substituted by clause 2 (4) (c) item (b) coming after item(c) shall be renumbered as item (d) and the figures against each of the sub-items (i) and (ii) shall be substituted as "275" and "35" respectively.

ഞാൻ ഈ രണ്ടാം വകുപ്പിന് 12 ഭേദഗതികളാണ് നിർദ്ദേശിച്ചത്. അതെല്ലാം കൂടി ഒന്നിച്ച് ചുരുക്കി ഞാൻ പറയാം. അബ്കാരി ആക്ടിന്റെ 18-ാം വകുപ്പിന്റെ രണ്ടാം ഉപ വകുപ്പനുസരിച്ച് ഈ വിദേശ മദ്യത്തിന്റേയും മറ്റും എക്സൈസ് ഡ്യൂട്ടിയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. Indian made foreign liquor-ന് ഒരു ലിറ്ററിന് 200 രൂപയോ അല്ലെങ്കിൽ വിലയുടെ 200 % മോ ഈടാക്കാനാണ് വ്യവസ്ഥയുള്ളത്. ഈ തുക 250 രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് എന്റെ ഒന്നാമത്തെ ഭേദഗതി. അതുപോലെ തന്നെ intoxicating drugs-നുള്ള എക്സൈസ് ഡ്യൂട്ടി ഒരു രൂപ എന്നത് രണ്ടു രൂപയാക്കണം. മറ്റൊന്ന് കള്ളുൽപ്പാദനത്തിനുവേണ്ടി ചെത്തുന്ന ഓരോ തെങ്ങിനും 50 രൂപ എന്നതാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. അത് അർദ്ധ വാർഷികത്തിന് ഒരു രൂപ എന്ന ക്രമത്തിൽ ആക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. ഇതുവന്നാൽ വലിയ പ്രത്യാഘാതം കള്ളുചെത്ത് വ്യവസായ രംഗത്ത് ഉണ്ടാകും. ഇപ്പോൾ കള്ളുചെത്ത് വ്യവസായം തന്നെ തകരുകയാണ്. കള്ളുചെത്ത് മേഖലയിലെ ഇന്നത്തെ പ്രതിസന്ധി രൂക്ഷമാണ്. വൃക്ഷക്കരം വർദ്ധിപ്പിക്കുകവഴി കൂടുതൽ പ്രതിസന്ധിയിലാകുന്ന സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്.

നാമമാത്രമായ വൃക്ഷക്കരം ഈടാക്കിക്കൊണ്ട് കള്ള്ചെത്ത് വ്യവസായത്തെ പ്രോൽസാഹിപ്പിക്കുകയാണ് അതുകൊണ്ട് വൃക്ഷക്കരം ഒരു രൂപ എന്നാക്കി മാറ്റണം. അതുപോലെതന്നെ ഫോറിൻ ലിക്കറിനുള്ള എക്സൈസ് ഡ്യൂട്ടി, മയക്കുമരുന്നിനുള്ള എക്സൈസ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിക്കണം. അവിടെയാണ് വർദ്ധനവ് വേണ്ടത്. യഥാക്രമം 200 രൂപയിൽ നിന്ന് 250 രൂപയാക്കണം. 1 രൂപ 2 രൂപയായി വർദ്ധിപ്പിക്കണം. നികുതി കൂടുതൽ ഈടാക്കാൻ കഴിയുന്ന മേഖലകളിൽ നിന്ന് കൂടുതൽ ഈടാക്കിക്കൊണ്ട് ഈ കള്ളു ചെത്തു വ്യവസായത്തെ സഹായിക്കുകയാണ് വേണ്ടത്. കഴിഞ്ഞ വർഷം സഭ പാസ്സാക്കിയ 2002-ലെ ധനകാര്യ ബില്ലിൽ വിദേശമദ്യത്തിന്റേയും മറ്റും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്. 2003 മാർച്ച് 31 വരെ മാത്രമേ ഇതിന് കാലാവധി ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് ഈ നികുതി വർദ്ധനവ് ഈ ധനകാര്യബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു ലിറ്റർ വിദേശ മദ്യത്തിന് 200 രൂപയാണ് എക്സൈസ് ഡ്യൂട്ടി നിശ്ചയിച്ചതെങ്കിലും അത് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. അതിന് ആവശ്യമായ ചട്ടങ്ങൾ തയ്യാറാക്കുന്നതുകൊണ്ടാണ് വർദ്ധനവ് പ്രാബല്യത്തിൽ വരുത്താൻ കഴിയാതെ പോയത്. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്ന ജീവൻ രക്ഷാ ഔഷധങ്ങൾ. നിത്യോപയോഗ സാധനങ്ങൾ ഇവയുടെ നികുതി ഉടനെ വർദ്ധിപ്പിച്ചു. ഉടൻ പ്രാബല്യത്തിൽ വന്നു. വിദേശ മദ്യത്തിന്റെ വർദ്ധനവ് കോൾഡ് സ്റ്റോറേജിൽ വയ്ക്കുകയും ചെയ്തു. ഇത് എന്തിനു ചെയ്തു. നിയമത്തിൽ വരുത്തിയിരിക്കുന്ന വർദ്ധനവ് ഒരു തുറുപ്പു ചീട്ട് ആയിട്ട് ഉപയോഗിച്ചുകൊണ്ട് ബന്ധപ്പെട്ടവർ അബ്കാരി ലോബിയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

എന്തോ ചിലത് ചെയ്തു എന്നതുകൊണ്ടാണ് അത് നടക്കാതെ പോയത്. എന്തുകൊണ്ട് നികുതി വർദ്ധനവിന് പ്രാബല്യം നൽകിയില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകുന്ന സന്ദർഭത്തിൽ എങ്കിലും വിശദീകരിക്കാൻ ബഹുമാനപ്പെട്ട ചെയർ നിർദ്ദേശം കൊടുക്കണം. വിദേശ മദ്യത്തിന്റെ മൊത്ത വ്യാപാര ലൈസൻസിനുള്ള ഹോൾസെയിൽ ലൈസൻസിംഗ് ഫീസ് 15,000 രൂപയിൽ നിന്ന് വർദ്ധിപ്പിക്കാൻ കഴിയും. അങ്ങനെ ആ മേഖലയിൽ വർദ്ധനവ് വരുത്തി കള്ളുചെത്തു വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനു സഹായകമാകുമെന്നാണ് ഞാൻ 2-ാമത്തെ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. അതു സംബന്ധിച്ച് മന്ത്രി പരിശോധിച്ചുകൊണ്ട് മറുപടി പറയണം.

Shri K. P. Satheesh Chandran: Sir, I move the following amendment:

127 : In the second column of item (i) under the heading luxury tax in sub-section (4) of section 18 of Abkari Act proposed to be amended by sub clause (4) (c) of clause 2;

Substitute the figure and words " Rs. 20,000 (Rupees twenty thousand)" for the figure "15,000 (Rupees fifteen thousand) only"

ഫോറിൻ ലിക്കറിന്റെ ഹോൾസെയിൽ ലൈസൻസിംഗ് ഫീ ഒരു വർഷത്തേയ്ക്കോ, അതുപോലെ വർഷത്തിന്റെ ഭാഗമായി വരുന്നതോ 15,000 രൂപ എന്നത് 20,000 രൂപയായി ഉയർത്തണമെന്നുള്ളതാണ്. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ.....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഇതിൽ 2-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പല അമെന്റ്മെന്റുകളും തുല്യ സ്വഭാവമുള്ളതാണ്. പക്ഷെ, ഇതിൽ ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 112, 114 എന്നീ ഭേദഗതികളും, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 118, 121 എന്നീ ഭേദഗതികളും സ്വീകരിക്കുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിക്കാത്ത 125 -ാം നമ്പർ ഭേദഗതി ഞാൻ ഓറൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു.

125 : In the column (2) under against sub-item (i) in section 18 (4)(a) proposed to be amended by clause 2 (4) (c) delete the word "only"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു വാചകം ഇപ്പോൾ നമ്മൾ ഒരു സീലിംഗ് റേറ്റാണ് നിശ്ചയിച്ചിട്ടുള്ളത്. ആ റേറ്റ് ഇപ്പോൾ പലതുകൊണ്ടും കൂട്ടാൻ ബുദ്ധിമുട്ട് വരുന്നതാണ്. ഇവിടെ ഇപ്പോൾ I.M.F.L. ന്റെ വിലതന്നെ കൂടുതലാണെന്നുള്ള ഒരു വാദമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഇത്ര വിലയില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ട് കള്ളക്കടത്ത് വരുന്നു എന്നുള്ള ഒരു വാദവുമുണ്ട്. അതുകൊണ്ട് വില കൂട്ടാനോ മറ്റെന്തെങ്കിലും അഡ്ജസ്റ്റ്മെന്റ് നടത്താനോ കഴിയുമെന്ന് തോന്നുന്നില്ല. പക്ഷെ, ഇന്നത്തെ സീലിംഗ് റേറ്റ് അതേപോലെ നിർത്തുന്നതാണ് നല്ലത്. 126-മത്തെ ഭേദഗതി സീലിംഗ് റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ നിൽക്കട്ടെ എന്നാണ്. എക്സൈസ് ഡ്യൂട്ടി ഇപ്പോൾത്തന്നെ 100 ശതമാനമുണ്ട്. അത് 200 ആക്കുന്നുവെന്ന് പറഞ്ഞാൽ അതിന്റെ വില 100 രൂപയ്ക്കുള്ള സാധനം 300 രൂപയാകും. ഇപ്പോൾ നമുക്ക് 100 രൂപയുടെ സാധനത്തിന് 100 രൂപ എക്സൈസ് ഡ്യൂട്ടിയും 90 രൂപ ടാക്സും ഉണ്ട്. ഇനി പെട്ടെന്ന് കൂട്ടിയാൽ വില വർദ്ധനവ് കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പിന്നെയും കള്ളക്കടത്തിനുള്ള അവസരമുണ്ടാകും. അതുകൊണ്ടാണ് അങ്ങനെ അംഗീകരിക്കാൻ പ്രയാസമായിട്ടുള്ളത്. വൃക്ഷക്കരത്തിന്റെ കാര്യം അത്രയധികമൊന്നുമില്ല. വേണമെങ്കിൽ പിന്നെ ആലോചിച്ച് ചെയ്യാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 118, 121 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 112, 114 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ എം. വി. ജയരാജൻ, ശ്രീ ടി കെ ബാലൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച മറ്റ് ഭേദഗതികളും ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. കെ. പി. മോഹനൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. കെ. പി. സതീശ് ചന്ദ്രൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 -ാം വകുപ്പ്

Shri K. P. Rajendran : Sir, I move the following amendments:

157 : In section 4 (3) of the Kerala Tax on Luxuries Act, 1976, proposed to be amended by Sub Clause (1) of clause 3. For the words "or a Bank notified by Government in this behalf" shall be substituted by the words "or a nationalised bank notified by the Government in this behalf".

167 : In section 9 (1) (C) of the Kerala Tax on Luxuries Act, 1976, proposed to be amended by clause 3 (2) for the words "Cost Accountant" the words "Sales Tax Practitioner" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ മന്ത്രിയുടെ വിശദീകരണം വേണ്ട കാര്യമാണ്. 4 -ാം വകുപ്പിന്റെ 3 -ാം ഉപവകുപ്പിൽ ഗസറ്റ് വിജ്ഞാപനം ചെയ്ത സബ് സെക്ഷൻ...ഗവൺമെന്റ് ഒരു ട്രഷറിയിലല്ലാതെ...ഒരു ബാങ്ക് എന്നു പറയുന്നുണ്ട്. "ഗവൺമെന്റ് ഇക്കാര്യത്തിൽ വിജ്ഞാപനം ചെയ്ത ഒരു ബാങ്കിൽ" ഇതാണ് കൊണ്ടു വന്നിരിക്കുന്ന ഭേദഗതി. ഒരു ബാങ്കിൽ എന്നു പറയുന്നത് ശരിയായ നിലപാടാണോ. സ്പെസിഫിക്കായിട്ട് ഒന്നുകിൽ Nationalised bank അല്ലെങ്കിൽ scheduled bank അല്ലെങ്കിൽ ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ എന്നു പറയണ്ടേ. ഒരു ബാങ്ക് എന്ന് ചേർക്കുമ്പോൾ പല രീതിയിലുള്ള അഴിമതിക്ക് വഴി വയ്ക്കുകയില്ലേ. കാരണം വലിയ സംഖ്യ നിക്ഷേപിക്കുന്നത് ട്രഷറിക്കു പുറമെ ഒരു ബാങ്കിൽ നിക്ഷേപിക്കുക എന്നു വരുമ്പോൾ ഗവൺമെന്റ് പണം ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിക്കാതെ കൈയിൽ വയ്ക്കുന്നതിനെക്കുറിച്ചൊക്കെ വലിയ തോതിലുള്ള വ്യാപകമായ ആരോപണങ്ങളും ആക്ഷേപങ്ങളും ഉയർന്നു വന്ന സാഹചര്യത്തിൽ ഈ ബാങ്ക് നിക്ഷേപം തന്നെ ട്രഷറിയിൽ നിക്ഷേപിച്ചാൽ ട്രഷറിയിൽ നിന്നെടുക്കാനുള്ള പ്രയാസമുണ്ടാകും. പല തരത്തിലുള്ള നിരോധനം, ട്രഷറി ബാനൊക്കെ വരുന്നതിന്റെ പ്രശ്നം മനസ്സിലാക്കാം, പക്ഷെ, ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ഈ ബാങ്കിൽ നിന്ന് കിട്ടുന്ന പലിശ വളരെ മാറിക്കൊണ്ടിരിക്കുകയാണ്. വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് വലിയ തോതിലുള്ള നഷ്ടംകൂടി സംഭവിക്കുകയില്ലേ, ഏതെങ്കിലും പ്രത്യേകമായ ഒരു ബാങ്കിൽ മാത്രം നിക്ഷേപിക്കുന്ന സ്ഥിതി വരുമോ. ഞാൻ ആശങ്ക പ്രകടിപ്പിക്കുകയാണ്. കൂടുതൽ അഴിമതിക്ക് വഴി തുറക്കില്ലേ. ഇതാണ് എന്റെ ഒരു ഭേദഗതി. മറ്റൊന്ന് കോസ്റ്റ് അക്കൗണ്ടന്റ് എന്നു പറയുന്നുണ്ട്. സെയിൽസ് ടാക്സ് പ്രാക്ടീഷണർമാർ ഉണ്ട്. രജിസ്റ്റർ ചെയ്ത ചാർട്ടേർഡ് അക്കൗണ്ടന്റുമാർ പാസ്സായി പ്രാക്ടീസ് ചെയ്യുന്നവരുണ്ട്. നമ്മുടെ ധാരാളം അഡ്വക്കേറ്റ്സൊക്കെ ഇത് പ്രാക്ടീസ് ചെയ്യുന്നവരാണ്. ഇതിൽ കോസ്റ്റ് അക്കൗണ്ടന്റ് എന്നു മാത്രം വരുമ്പോൾ അത് ചിലർക്കുവേണ്ടി മാത്രം എന്നതു വരില്ലേ. മറിച്ച് ധാരാളം ആളുകൾ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് അവസരമുണ്ടാക്കികൊടുത്തുകൂടേ. ഈ രീതിയിൽ കൊടുത്താൽ അത് വിവേചനമായിരിക്കുകയില്ലേ. ഇതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : വക്കീലന്മാർക്ക് ഇപ്പോൾ ഹാജരായിക്കൂടാ എന്നാണോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അല്ല.

മി. സ്പീക്കർ : അപ്പോൾ വക്കീലന്മാർക്ക് ഹാജരാകാം.

Shri Kodiyeri Balakrishnan : Sir, I move the following amendments:

159 : In clause 3 (1) for the words "or a Bank notified by Government in this behalf" substitute the words "or a Nationalised Bank or State Co-operative Bank notified by Government in this behalf".

LIBRARY ARCHIVES Kerala Legislative Assembly

164 : In clause 3 (2) the words "or Cost Accountant" shall be deleted.

ഇതിൽ ഞാൻ പറയുന്നത് 3 -ാം വകുപ്പിൽ 76-ലെ Kerala Tax on Luxuries Act അനുസരിച്ച് proprietor കളക്ട് ചെയ്യുന്ന ടാക്സ് ട്രഷറിയിൽ അടയ്ക്കണം. ഇപ്പോൾ ട്രഷറി എന്ന വാക്കുകൾക്കു ശേഷം അല്ലെങ്കിൽ, ഈ കാര്യത്തിൽ സർക്കാർ വിജ്ഞാപനം ചെയ്ത ഒരു ബാങ്ക് എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഞാൻ നിർദ്ദേശിച്ചിരിക്കുന്നത് നാഷണലൈസ്ഡ് ബാങ്കുകളിലോ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലോ അടയ്ക്കാം എന്നാക്കി മാറ്റണമെന്നാണ്. 164-ാം നമ്പർ ഭേദഗതി 'ചാർട്ടേർഡ് അക്കൗണ്ടന്റ് 'എന്ന വാക്കിനു ശേഷം അല്ലെങ്കിൽ 'കോസ്റ്റ് അക്കൗണ്ടന്റ്' എന്ന് ആണ്. ഇതിൽ പറയുന്നത്. എന്റെ നിർദ്ദേശം ചാർട്ടേർഡ് അക്കൗണ്ടന്റ് മതി എന്നുള്ളതാണ്.

Shri A. K. Balan: Sir, I move the following amendment:

161 : In sub-clause 3 (1) for the words "or a Bank notified by Government in this behalf", "or a Co-operative Bank notified by Government in this behalf' shall be substiuted. 'Bank' എന്നുള്ളത് 'a bank 'എന്ന് മാറ്റണം.

Shri P. J. Joy: Sir, I move the following amendment:

163 : In section 4 sub-section (3) of the Kerala Tax on Luxuries Act 1976 proposed to be amended by sub-clause (1) of clause 3 after the words "by Government" add the words "in the Gazette".

Shri P. Narayanan: Sir, I move the following amendment:

166 : In section 9(1)C of the Kerala Tax on Luxuries Act, 1976 proposed to be amended by clause 3(2) for the words, "Cost Accountant" substitute the words "Approved Tax practitioners".

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ബാങ്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നാഷണലൈസ്ഡ് ബാങ്കാണ്. അല്ലാതെ ഒരു ബാങ്കല്ല. ചാർട്ടേർഡ് അക്കൗണ്ടന്റിനും കോസ്റ്റ് അക്കൗണ്ടന്റിനും ഒരേ കാളിഫിക്കേഷനാണുള്ളത്. ഈകാൽ പ്രാക്ടീഷണേഴ്സാണ്. They are doing the practice. That is acceptable. സ്വീകാര്യമായിട്ടുള്ളതാണ്. അഡ്വക്കേറ്റ്സ് പ്രാക്ടീഷണേഴ്സ് ഇപ്പോൾത്തന്നെയുണ്ട്. അതുകൊണ്ട് ലീഗൽ പ്രാക്ടീഷണേഴ്സ് ഇപ്പോൾത്തന്നെ ഈ ആക്ടുമായി ബന്ധപ്പെട്ട അതോറിറ്റിസിനുമേൽ ഹാജരാകുന്നുണ്ട്. അതുകൊണ്ട് മറ്റ് ഭേദഗതികൾ ആവശ്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഏത് ബാങ്ക് എന്നുള്ളത് നാഷണലൈസ്ഡ് ബാങ്ക് എന്നാക്കിയാൽ മതി. അതിന് വേറൊരു ഭേദഗതി മതി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങനെയൊരു ഭേദഗതിയുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ : ബാങ്ക് എന്ന് ഉദ്ദേശിച്ചത്, നാഷണലൈസ്ഡ് ബാങ്കാണ്.

മി. സ്പീക്കർ : ആണ്. Atleast you bring an oral amendment. പക്ഷേ അത് പറയുന്നതല്ലേ നല്ലത്.

ശ്രീ. കെ. ശങ്കരനാരായണൻ : നാഷണലൈസ്ഡ് ബാങ്ക് എന്നുള്ളത് അക്സപ്റ്റ് ചെയ്യാം.

മി. സ്പീക്കർ : ആരുടേതാണ്?

ശ്രീ. കെ. ശങ്കരനാരായണൻ : ശ്രീ. കോടിയേരി ബാലകൃഷ്ണന്റേതാണ്.

മി. സ്പീക്കർ : അമന്റ്മെന്റ് നംപർ എത്രയാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 159.

മി. സ്പീക്കർ : 159 ആണോ മിനിസ്റ്റർ?

ശ്രീ. കെ. ശങ്കരനാരായണൻ : ഞാൻ പറഞ്ഞത്, ഈ ബാങ്ക് എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ചത് നാഷണലൈസ്ഡ് ബാങ്കാണ്. അതുകൊണ്ട് 159-ാം നമ്പർ ഭേദഗതി അക്സപ്റ്റ് ചെയ്യേണ്ട കാര്യമില്ല. നാഷണലൈസ്ഡ് ബാങ്ക് എന്നുള്ളത് ഞാൻ ഓറലായിട്ട് മൂവ് ചെയ്യുന്നു.

In clause 3 (1) for the words "or a Bank notified by Government in this behalf", substitute the words "or a Nationalised Bank or State Co-operative Bank notified by Government in this behalf".

മി. സ്പീക്കർ : ബാങ്ക് എന്നതിനു മുമ്പ് നാഷണലൈസ്ഡ് ബാങ്ക് എന്ന് ചേർക്കേണ്ടതാണ് അല്ലേ?

മിനിസ്റ്റർ അവതരിപ്പിച്ച ഓറൽ അമന്റ്മെന്റിനെ

അനുകൂലിക്കുന്നവർ,.....

പ്രതികൂലിക്കുന്നവർ,.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ.കെ. ബാലൻ, ശ്രീ. പി. നാരായണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ,.....

പ്രതികൂലിക്കുന്നവർ,.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. കെ.പി.രാജേന്ദ്രൻ : Sir, I move the following amendments:

168 : In section 2 (g) of Act 15 of 1994, proposed to be amended by clause 4 (1) (ii), the words "use consumption, or" shall be deleted.

205 : In the schedule of Act of 1994, proposed to be inserted by clause 4 (8) (d) the serial numbers 35, 37, 38 and 42 and entries against them shall be deleted and re-numbered accordingly.

206 : In the schedule of Act 15 of 1994 proposed to be inserted by clause 4 (8) (d) serial numbers 35, 37 and 38 shall be deleted and re-numbered accordingly.

എൻട്രി ടാക്സിനെ സംബന്ധിച്ച് രണ്ട് വാക്ക് പറയാനുണ്ട്, 168-ാം നംപർ ഭേദഗതിയിൽ ഉപയോഗിക്കുന്ന വാക്കിനെ സംബന്ധിച്ചേയുള്ളൂ. 205-ഉം 206-ഉം നേരത്തെ ഡിസന്റിംഗ് നോട്ട് അവതരിപ്പിച്ച അംഗങ്ങളും ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും സംസാരിച്ചപ്പോൾ സൂചിപ്പിച്ചതാണ്. ഇപ്പോൾ 34 നമ്പരാണ് പട്ടികയിലുള്ളത്. എൻട്രി ടാക്സ് സംബന്ധിച്ച് വളരെ ചർച്ചകൾക്കുശേഷം ധാരാളം എതിർപ്പുകളൊക്കെ അന്ന് ഉണ്ടായി. അവസാനം നിശ്ചയിച്ച 34 ഇന പട്ടികയിൽ ഇത്രകൂടി വരുമ്പോൾ ഇത് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നു എന്നതുകൊണ്ട് കൂടുതൽ ജനങ്ങൾ, പ്രത്യേകിച്ച് സാധാരണക്കാർ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് നികുതി കൂടുതൽ വന്നാൽ അത് വല്ലാതെ അവരെ ബാധിക്കും. മറിച്ച് ആഡംബരമായി ഉപയോഗിക്കുന്ന സാധനങ്ങൾക്ക് കൂടുതൽ ടാക്സ് ചുമത്തേണ്ടതിന് ചുമത്താം. "വാറ്റ്"-ന്റെ ചർച്ച വന്നപ്പോഴും ഞങ്ങൾ ആ കാര്യം ചൂണ്ടിക്കാണിച്ചതാണ്. ഉദ്യോഗസ്ഥന്മാർ ടാകസ് നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ ഇടപെടേണ്ട വിഷയമാണ്. വലിയ തോതിൽ ആഡംബരമായി ജീവിക്കുന്നവർ കൂടുതൽ വില കൊടുത്തു വാങ്ങുന്ന സാധനങ്ങൾക്ക് ടാക്സ് കുറയുകയാണ്. അതിനൊക്കെ നികുതി കുറച്ചുകൊണ്ടുവരികയാണ്. അത് സംബന്ധിച്ച് വാറ്റ്-ന്റെ ചർച്ചയിൽ വളരെ പ്രകടമായി കണ്ടതാണ്. അതൊക്കെ താഴോട്ടു കൊണ്ടുപോയി. അതു മാത്രമല്ല, മൾട്ടി നാഷണൽ കമ്പനികളുടെ, കുത്തക കമ്പനികളുടെ പ്രോഡക്ട്സിനാണ് നികുതി കുറയുന്നത്. മറിച്ച് നമ്മുടെ നാട്ടിലെ ചെറുകിട വ്യവസായികളും ചെറുകിട ഉൽപ്പാദകരും സഹകരണ സംഘങ്ങളും കുടുംബശ്രീ

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകളുമൊക്കെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ടാക്സ് കൂടുകയാണ്. ടാക്സ് നിശ്ചയിക്കുന്നതിൽ വലിയ തോതിൽ വിവേചനമുണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് ഇതു പറയുന്നത്. ഇതിൽ ഏതൊക്കെയാണ് ജനങ്ങൾക്ക് കൂടുതൽ ദ്രോഹമുള്ളത് അതൊക്കെ ഒഴിവാക്കണം. പ്രത്യേകിച്ച് കമ്പ്യൂട്ടർ, കുട്ടികൾക്ക് ഉൾപ്പെടെ വ്യാപകമായി നടപ്പാക്കുന്നുണ്ട്. വ്യവസായ വകുപ്പിൽ അക്ഷയ പദ്ധതി മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതിയാണ്. എം.എൽ.എ.മാർ, എം.പി.മാർ ഒക്കെ സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ കൊടുക്കുന്നുണ്ട്. കമ്പ്യൂട്ടർ പഠനം വ്യാപകമായിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ തലത്തിൽ മാത്രമല്ല ഇപ്പോൾ 5-ാം ക്ളാസ് മുതൽ തുടങ്ങുകയാണ്, യു.പി. ലെവലിൽത്തന്നെ ആരംഭിക്കുകയാണ്. അങ്ങനെ വരുമ്പോൾ കുട്ടികൾക്ക് കമ്പ്യൂട്ടർ ഫീസും കൊടുക്കണം. ഞാൻ ഉദാഹരണമായിട്ട് ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. കാസ്റ്റിക് സോഡയും അതുപോലുള്ള സാധനങ്ങളുടെ കാര്യവും പറഞ്ഞു. അങ്ങ് മെഡിക്കൽ കാര്യത്തിൽ കൂടുതൽ അറിവുള്ളയാളാണല്ലോ? ഇപ്പോൾ തന്നെ ഹോസ്പ്പിറ്റലുകളിൽ വലിയ നികുതിയിളവ് കൊടുത്തിട്ടാണ് നമ്മുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹൈടെക് ആശുപത്രികളിൽ പുതിയ എം.ആർ.ഐ. സ്കാൻ വളരെ വിലപിടിച്ച, നാലുകോടി അഞ്ചുകോടി രൂപ വിലവരുന്ന മെഷിൻ ഇറക്കുന്നതിൽ ധാരാളം ഇളവുകൾ കൊടുക്കുന്നുണ്ട്. പക്ഷേ നടക്കുന്നത് എന്താണ്? ഇളവുകൾ അനുസരിച്ച് സാധനങ്ങൾ കൊണ്ടുവന്നാൽ ജനങ്ങളുടെമേൽ കൂടുതൽ ടാക്സ് ചുമത്തും. ഇതുകൂടി വന്നാൽ ഇരട്ടി ആവില്ലേ? അതുകൊണ്ട് അങ്ങേയ്ക്കുകൂടി മനസ്സിലാകുവാൻ പറയുകയാണ്, ഇതിൽ ചിലത് ഒഴിവാക്കേണ്ടത് ഒഴിവാക്കണം. അതാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : Sir, I move the following amendments:

169 : In sub-section (1) of section 3 of the Kerala Tax on Entry of goods into Local Areas Act, 1994, proposed to be amended by clause 4 (2), delete the words "by Government by notification, on the purchase value of goods".

190 : The new section 20, proposed to be added by clause 4 (7) shall be deleted.

കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട് അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള നികുതിയേക്കാൾ അധികരിക്കുന്ന ഒരു നികുതി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കാമെന്നാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാരിന് നോട്ടിഫിക്കേഷൻ മുഖേന നിശ്ചയിക്കുവാനുള്ള അധികാരം കൊടുക്കുന്നത് അപകടമാണ് എന്നാണ് എനിക്ക് തോന്നുന്നത്. പകരം സെയിൽസ് ടാക്സ് ആക്ട് അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള തോതിൽ ടാക്സ് ഈടാക്കണം. ഇത് ദുരുപയോഗപ്പെടുത്താൻ സാഹചര്യമുള്ളതുകൊണ്ടാണ് എന്റെ 169-ാം നമ്പർ ഭേദഗതിയിൽ ഞാൻ നിർദ്ദേശിച്ചത്. ഈ ബില്ലിലെ ഏറ്റവും അപകടകരമായ ഒരു ഭേദഗതിയാണ് 20-ാം വകുപ്പിൽ വരുത്തിയിരിക്കുന്നത്. The Kerala Tax on Entry of goods into Local Areas Act-ലുള്ള ഏത് എൻട്രികൂടി ചേർക്കാനും

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകളയാനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാവുകയാണ് സെക്ഷൻ 20-ൽ ചെയ്യുന്നത്. ഇതനുസരിച്ച് സർക്കാരിന് അധികാരം നൽകിയാൽ ഷെഡ്യൂൾതന്നെ ഇല്ലാതാകും. അങ്ങനെ വന്നാൽ സഭ അറിയാതെ ടാക്സ് കൊണ്ടുവരാനുള്ള അധികാരം ഗവൺമെന്റ് സ്വയം ഏറ്റെടുക്കുകയാണ്. ഇത് അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഗവൺമെന്റ് ഏത് തരത്തിലും മിസ്യൂസ് ചെയ്യാനുള്ള സാദ്ധ്യതയുണ്ട് എന്നുള്ളതുകൊണ്ടാണ് അത് ഒഴിവാക്കാൻ എന്റെ 190-ാം നമ്പർ ഭേദഗതികൊണ്ട് ഞാൻ നിർദ്ദേശിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി : Sir, I move the following amendment:

171 : In section 3 (1) of Act 15 of 1994, proposed to be amended by clause 4 (2), for the words "purchase value" the words "cost price" shall be substituted.

Purchase value എന്നതിനു പകരം Cost price എന്നാക്കി മാറ്റണമെന്ന ഭേദഗതിയാണ്.

ശ്രീ. ടി. കെ. ബാലൻ : Sir, I move the following amendments:

186 : In section 10 of the Kerala Tax on Entry of goods into Local Areas Act, 1994 proposed to be amended by clause 4 (5) after the words "or any" add the word "nationalised".

201: In clause 4 (8) (c), for the words "serial number" the word "entries" shall be substituted.

201-ൽ സീരിയൽ നമ്പർ എന്നാണ് പറഞ്ഞത്. യഥാർത്ഥത്തിൽ അതൊരു എൻട്രിയാണ്. ആ എൻട്രി ഒരു സാധനത്തിനെ ഉദ്ദേശിച്ചാണല്ലോ? അത് സീരിയൽ നമ്പർ എന്നുപറയുവാൻ പറ്റില്ല. എൻട്രി എന്നുതന്നെ പറഞ്ഞ് അത് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : Sir, I move the following amendment:

191: Delete sub-clause (7) of clause (4).

ശ്രീ. എം. വി. ജയരാജൻ : Sir, I move the following amendments:

193: Section 20 sub-section (1) of the Kerala Tax on Entry of Goods into Local Areas Act, 1994 proposed to be added by clause 4 (7) shall be recast as follows:

"(1) The Government may, by notification in the Gazette omit any entry in the schedule to this Act, but not so as to change the rate in any case".

LIBRARY ARCHIVES Kerala Legislative Assembly

193-ൽ ഞാൻ ഉന്നയിക്കുന്ന വിഷയം സഭയുടെ അധികാരമാണ്, എൻട്രി ടാക്സ് ചുമത്താനും ഒഴിവാക്കാനും കൂട്ടിച്ചേർക്കാനുമുള്ള അവകാശം ഇപ്പോൾ സർക്കാർ എടുക്കുകയാണ്. Government may by notification എന്നുപറഞ്ഞ് ഗവൺമെന്റ് എടുക്കുകയാണ്. അതു ശരിയല്ല. അത്തരം ഒരധികാരം കവർന്നെടുക്കുന്ന നടപടി ശരിയല്ല. ഈ സഭയുടെതന്നെ അവകാശത്തെ കവർന്നെടുക്കുകയാണ്. ഞാൻ ഇതു പറയുവാൻ കാരണം, കഴിഞ്ഞ വർഷം ഈ സഭയിൽ ഫൈനാൻസ് ബിൽ പാസ്സാക്കിയപ്പോൾ അന്ന് റൂൾ ഫ്രെയിം ചെയ്തുകൊണ്ട് ആവശ്യമായിട്ടുള്ള ഷെഡ്യൂൾ അനുസരിച്ച് നികുതി ഈടാക്കാമെന്നാണ് പറഞ്ഞത്. പക്ഷേ ഒരു വർഷമായിട്ടും ഈ റൂൾ ഫ്രെയിം ചെയ്തിട്ടില്ല. അതിന്റെ മാത്രം ഫലമായി 100 കോടി രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള പശ്ചാത്തലത്തിൽ നിയമസഭയുടെ അധികാരം കൂടി ഗവൺമെന്റിന് ആർബിട്രറിയായിട്ട് കൊടുത്താൽ യഥാർത്ഥത്തിൽ വരുമാനം നഷ്ടപ്പെടാനാണ് ഇടവരുക. അതുകൊണ്ട് അത്തരം നിലപാട് എടുത്തുകൂടാ. ഒരു എക്സിക്യൂട്ടീവ് ഉത്തരവുവഴി എൻട്രി ടാക്സ് ചുമത്താനും ഒഴിവാക്കാനും കൂട്ടിച്ചേർക്കാനും ഗവൺമെന്റിന് അധികാരം കൊടുക്കുന്ന നടപടി ശരിയല്ല അഥവാ അങ്ങനെ എടുക്കുവാൻ ആഗ്രഹമുണ്ടെങ്കിൽതന്നെ അതിൽ ഒരു പ്രൊവിഷൻകൂടി വയ്ക്കണം but not so as to change the rate in any case എന്ന്. നമ്മൾ ഇവിടെ തീരുമാനിക്കുന്ന റേറ്റ് നിങ്ങൾക്ക് കുറയ്ക്കുവാനോ കൂട്ടുവാനോ ഉള്ള വിധത്തിൽ ഒരു ആർബിട്രറിയായിട്ട് അധികാരം ഉപയോഗിച്ചുകൂടാ എന്നതുകൊണ്ടാണ് വളരെ സദുദ്ദേശപരമായിട്ടുള്ള ഭേദഗതി ഞാൻ കൊണ്ടുവന്നിട്ടുള്ളത്. അത് സ്വീകരിക്കണമെന്നതാണ്. അതോടൊപ്പം മെഡിക്കൽ എക്യുപ്മെന്റ്സിന്, ഹോസ്പിറ്റൽ എക്യുപ്മെന്റ്സിന് ഇപ്പോൾ എൻട്രി ടാക്സ് ഈടാക്കുന്നുണ്ട്. ഇതിലുള്ള വ്യവസ്ഥ പ്രകാരം അത് ഒഴിവാക്കണം. ആരോഗ്യ മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സർക്കാരിന്റെ തന്നെ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് മെഡിക്കൽ എക്യുപ്മെന്റ്സ് ഇങ്ങോട്ടുകൊണ്ടുവരുന്നത്. അതിലുള്ള എൻട്രിടാക്സ് ഒഴിവാക്കണമെന്നുള്ളതാണ് ഞാൻ ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194 : Sub-section (1) of 20 of the Kerala Tax on Entry of Goods in to Local Areas Act, 1994, proposed to be added by sub-clause (7) of clause 4 shall be recast as follows:

"(1) The Government may, by notification in the Gazette amend any entry in the schedule to this Act but not so as to add any item or enhance the rate in any case".

211. Entry numbers 38 and 39 proposed to be added in the schedule to Act 15 of 1994 by clause 4(8) (d) shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിൽ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഭേദഗതി Power to amend the Schedule :- "(1) The Government may, by notification in the Gazette, add, omit or amend any entry in the Schedule to this Act, but not so as to enhance the rate in any case", എന്നാണ്. അത് ഇവിടെ സൂചിപ്പിച്ചതുപോലെ സഭയുടെ അധികാരം കവർന്നെടുക്കലാണ്. ഉദ്യോഗസ്ഥന്മാർക്ക് അമിതമായിട്ടുള്ള അധികാരം നൽകലാണ്. അതുകൊണ്ട് ഈ ഷെഡ്യൂളിൽ ഒഴിവാക്കാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാൻ പാടില്ല. എന്റെ ഭേദഗതി "(1) The Government may, by notification in the Gazette amend any entry in the schedule to this Act but not so as to add any item or enhance the rate in any case" എന്നാണ്. അതുപോലെ ഷെഡ്യൂളിൽ 38-ഉം 39-ഉം ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ്.

ശ്രീ. കെ.പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202 : Delete clause 4 (8) (d).

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ശ്രീ. ടി.കെ. ബാലൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. കൂടാതെ 179, 187 എന്നീ ഭേദഗതികൾ ശ്രീ. ആര്യാടൻമുഹമ്മദ് അവതരിപ്പിച്ചിട്ടില്ല. ആ ഭേദഗതികൾ ആവശ്യമുള്ളതാണ്. അതു ഞാൻ ഓറലായി അവതരിപ്പിക്കുകയാണ്.

179 : In sub-section (1) of section 9A of Act 15 of 1994 proposed to be amended by clause 4 (4) (1)(ii), for the word "goods" substitute the words "and the goods".

187: In section 20 (2) of Act 15 of 1994 proposed to be amended by clause 4 (7) (2) (1), delete the words "on behalf of Government" and (2) add the word "or" after the word "omission".

ഇവിടെ ആശുപത്രി ഉപകരണങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ആശുപത്രി ഉപകരണങ്ങൾക്ക് എൻട്രി ടാക്സ് വച്ചില്ലെങ്കിൽ ബുദ്ധിമുട്ടാണ്. വൻകിട ആശുപത്രികളൊക്കെ നടത്തുന്നത് ഫൈവ് സ്റ്റാർ സ്റ്റൈലിലാണ്. അവർ വളരെയധികം ഫീസും വാങ്ങിക്കുന്നുണ്ട്. അവിടെ കൊണ്ടുവരുന്ന സാധനങ്ങൾക്ക് ടാക്സ് വാങ്ങിക്കുന്നതിന് ഒരു തെറ്റുമില്ല. അവർക്കു തന്നെ അതിൽ യാതൊരു വിരോധവുമില്ല. റെഡിമെയ്ഡ് സാധനങ്ങൾ തമിഴ്നാട്ടിൽ നിന്ന് ധാരാളം വരുന്നുണ്ട്. അതിനും നമുക്ക് ടാക്സ് ഇല്ലാതിരിക്കാൻ പറ്റില്ല. അതു നമുക്ക് പിൻവലിക്കാൻ ബുദ്ധിമുട്ടാണ്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 179,187 എന്നീ ഓറൽ അമെൻഡ്മെന്റുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. ടി.കെ. ബാലൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു..

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി.ടി. അഹമ്മദ് അലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം.വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എം. വി. ജയരാജൻ : സർ 193-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു. എൻട്രി ടാക്സ് ഒഴിവാക്കാൻ ആർബിട്രറിയായി ഉദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുത്തുകൂടാ.

(സഭ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ -38

1. Shri V.S. Achuthanandan
2. Shri. Manjalamkuzhi Ali
3. Shri. A. A. Azees
4. Shri. Kodiyeri Balakrishnan
5. Shri. A. K. Balan
6. Shri. T. K. Balan
7. Shri. Binoy Viswam
8. Shri. V. K. Chandran
9. Shri. V. Chenthamarakshan
10. Shri. T. K. Devakumar
11. Shri. P.C. George
12. Smt. Girija Surendran
13. Shri. V. Govindan Master
14. Shri. K. K. Jayachandran
15. Shri. M.V. Jayarajan
16. Shri. P. Jayarajan
17. Shri. V. C. Kabeer

LIBRARY ARCHIVES Kerala Legislative Assembly

18. Shri. M. Kumaran
19. Shri. K. V. Kunhiraman
20. Shri. Kovoor Kunjumon
21. Shri. V. K. C. Mammed Koya
22. Shri. Mathai Chacko
23. Shri. K. P. Mohanan
24. Shri. Pirappancode Murali
25. Shri. P. Narayanan
26. Dr. A. Neelalohithadasan Nadar
27. Shri. K. Radhakrishnan
28. Shri. Mankode Radhakrishnan
29. Shri. N. Rajan
30. Shri. K. P. Rajendran
31. Shri. Raju Abraham
32. Shri. T. P. Ramakrishnan
33. Shri. Saju Paul
34. Shri. K. P. Satheesh Chandran
35. Shri. A.C. Shanmughadas
36. Smt. P. K. Sreemathi Teacher
37. Shri. P.S. Supal
38. Dr. Thomas Isaac

പ്രതികൂലിക്കുന്നവർ - 70

1. Shri. Cherkalam Abdulla
2. Shri. Kalathil Abdulla
3. Shri. P. K. Abdu Rabb
4. Shri. C. T. Ahammed Ali
5. Shri. A. P. Anilkumar
6. Shri. A. K. Antony
7. Shri. N. D. Appachan
8. Shri. E. M. Augusthy
9. Shri. Babu Divakaran
10. Shri. P. K. K. Bava

LIBRARY ARCHIVES Kerala Legislative Assembly

11. Shri. T. V. Chandramohan
12. Shri. K. A. Chandran
13. Shri. M. A. Chandrasekharan
14. Shri. Dominic Presentation
15. Shri. M. P. Gangadharan
16. Shri. P. P. George
17. Shri. Prayar Gopalakrishnan
18. Smt. K. R. Gouri Amma
19. Shri. M. M. Hassan
20. Shri. V. K. Ebrahim Kunju
21. Shri. Johny Nelloor
22. Shri. K. C. Joseph
23. Shri. Joseph M. Puthusseri
24. Shri. P. J. Joy
25. Shri. Varkala Kahar
26. Shri. G. Karthikeyan
27. Shri. K. K. Nair
28. Shri. P. K. Kunhalikutty
29. Dr. M. A. Kuttappan
30. Shri Ludy Luiz
31. Shri. C. Mammutty
32. Shri. E. T. Mohammed Basheer
33. Shri. A. K. Moni
34. Shri. C. Moyinkutty
35. Shri. C. P. Muhammed
36. Shri. M. K. Muneer
37. Shri. K. Narayana Kurup
38. Shri. Ezhukone Narayanan
39. Shri. Oommen Chandy
40. Shri. M. K. Paulson Master
41. Shri. V. J. Poulose
42. Shri. Adoor Prakash

LIBRARY ARCHIVES Kerala Legislative Assembly

43. Shri. T. N. Prathapan
44. Shri. Thiruvanchoor Radhakrishnan
45. Shri. T. U. Radhakrishnan
46. Smt. Radha Raghavan
47. Shri. M. V. Raghavan
48. Shri. K. K. Ramachandran Master
49. Shri. Therampil Ramakrishnan
50. Shri U. C. Raman
51. Shri Thampanoor Ravi
52. Shri. N. Sakthan
53. Shri. K. Sankaranarayanan
54. Smt. Malethu Sarala Devi
55. Shri. V. D. Satheesan
56. Prof. Savithri Lekshmanan
57. Shri. K. K. Shaju
58. Shri. Kadavoor Sivadasan
59. Smt. Sobhana George
60. Shri. Stephen George
61. Shri. K. Sudhakaran
62. Shri. D. Sugathan
63. Shri. C. F. Thomas
64. Prof. K. V. Thomas
65. Shri. P. T. Thomas
66. Shri. Thomas Chazhikadan
67. Shri. Umesh Challiyil
68. Shri. M. A. Vaheed
69. Shri. K. C. Venugopal
70. Shri. K. P. Viswanathan

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ 38

പ്രതികൂലിക്കുന്നവർ 70

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 219-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

219 : In sub-clause (2) of Clause 1, after the words and figures "1st day of April, 1984" and before the words "and the remaining provisions of this Act", the words and figures "sub-section (2) of section 4 shall be deemed to have come into force on the 1st day of July, 2003" shall be inserted.

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

82 : In the long title after the words "financial proposals" the words "to increase the revenue" shall be added.

83 : In Preamble after the words "financial proposals" the words "to increase the revenue " shall be added.

84 : In Preamble after the words "financial proposals of the Government of Kerala" the words "to levy tax" shall be added.

സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ആശുപത്രി ഉപകരണങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ഇതൊക്കെ അവർ അംഗീകരിച്ചതാണെന്ന് പറയുകയുണ്ടായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : അവർ അംഗീകരിച്ചതെന്നല്ല ഞാൻ പറഞ്ഞത്. ലക്ഷ്വറിയായിട്ട് നടത്തുന്ന ഹോസ്പിറ്റലിലേക്ക് കൊണ്ടുവരുന്ന മെഷിനറിക്ക് ടാക്സ് പിരിക്കാതിരിക്കുന്നത് ശരിയല്ല, അതു വേണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അല്ലാതെ അവർ അംഗീകരിച്ചതാണെന്നല്ല ഞാൻപറഞ്ഞത്. അവർക്ക് അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ടാക്സ് വേണം. ഞാൻ പറഞ്ഞത്, ആഡംബര വസ്തുക്കളുടെയും ഉയർന്ന വരുമാനക്കാർ ഉപയോഗിക്കുന്ന സാധനങ്ങളുടെയുമൊക്കെ ടാക്സ് കുറയുകയും സാധാരണക്കാരുടെ മേൽ വരുന്ന ടാക്സൊക്കെ വർദ്ധിക്കുകയുമാണ്. ഗവൺമെന്റ് അധിക സാമ്പത്തിക ബാധ്യത ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ് ; to increase the revenue അതുപോലെതന്നെ to levy tax ആണ് ഉദ്ദേശിക്കുന്നത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, പ്രധാനപ്പെട്ട ഭേദഗതികളെല്ലാം അംഗീകരിച്ചിട്ടുണ്ട്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും

പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇത് നടപ്പിലാക്കുന്നതിന്റെ ഫലമായി നമ്മുടെ പ്രാദേശിക ഗവൺമെന്റുകളെന്ന് അറിയപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം സ്തംഭിക്കും. അധികാര വികേന്ദ്രീകരണം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെന്ന് ഇതുവരെ പേരുണ്ടായിരുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ ഇവകളെല്ലാം തന്നെ പ്രാദേശിക ഗവൺമെന്റുകളെന്ന പേരിൽ ഗവൺമെന്റുകളായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോടെന്നപോലെ സംസ്ഥാന ഗവൺമെന്റുകൾ ഈ പ്രാദേശിക ഗവൺമെന്റുകളോട് നീതി ചെയ്യേണ്ടതാണ്. ഗ്രാമ നഗര വികസനങ്ങളുടെ അത്യന്തം പ്രാധാന്യമർഹിക്കുന്ന വികസനത്തിനുള്ള തുകയാണ്, 1039 കോടി രൂപ നൽകിയിട്ട് 900 കോടി രൂപ തിരിച്ചെടുക്കുകയാണ്. അതിന്റെ ഫലമെന്താണ്? നമ്മുടെ ഗ്രാമനഗര വികസനംതന്നെ തകരുകയാണ്. അതിനു പറയുന്ന ന്യായം മാർച്ച് 31-നുള്ളിൽ ചെലവു ചെയ്തിരിക്കണമെന്നുള്ളതാണ്. മാർച്ച് 31-നുള്ളിൽ ചെലവു ചെയ്യണമെന്നുണ്ടെങ്കിൽ അതനുസരിച്ച് നേരത്തേതന്നെ ഗഡുക്കൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ ഗഡുക്കൾ കൊടുക്കാൻ തയ്യാറാകാത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക്, അല്ലെങ്കിൽ പ്രാദേശിക ഗവൺമെന്റുകൾക്ക്, നഗര ഗ്രാമ വികസനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ഈ സ്ഥാപനങ്ങൾക്ക്, അതിന് സഹായകരമായ നിലയിൽ പണം സമയത്ത് കൊടുക്കാതിരിക്കുക, അവസാനം കൊടുത്തത് തിരിച്ചു പിടിക്കുക. ഇതിന്റെ ഫലമായി നമ്മുടെ 14 ജില്ലകളിലുമുള്ള ആയിരക്കണക്കിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്ന സമീപനമാണ് ഈ ബിൽ നടപ്പിലാകുന്നതിന്റെ ഫലമായി വരുന്നത്. അത്യന്തം ദേശദ്രോഹപരമായ ഭാഗമാണത്. രണ്ടാമത്, എൻട്രി ടാക്സ് എന്ന പേരിൽ ഇത് ഉൾക്കൊള്ളിക്കുന്നത്. നടപ്പിലാക്കുമ്പോൾ വരാൻ പോകുന്നതും അതാണ്. നിയമസഭയുടെ അംഗീകാരമില്ലാത്ത സർക്കാരിന്റെ നോട്ടിഫിക്കേഷൻ വഴി ഇതിലെ ഭാഗങ്ങളിലേതിലെങ്കിലും നികുതി ഒഴിവാക്കാം. അതുപോലെതന്നെ നിശ്ചയിച്ചിട്ടുള്ളത് പിരിക്കാതിരിക്കാം. എന്നെ സംബന്ധിച്ചിടത്തോളം ഈ കഴിഞ്ഞ രണ്ടു കൊല്ലത്തെ ഗവൺമെന്റിന്റെ അനുഭവങ്ങളിൽ പറയാനുള്ള ഒരു പ്രധാന കാര്യം, നമ്മുടെ കോഴി കൃഷിക്കാർ, കാർഷിക സമ്പദ് വ്യവസ്ഥ ദേശീയാടിസ്ഥാനത്തിൽ കേരളത്തിലും തകർന്നു, നമ്മുടെ കാർഷികോല്പന്നങ്ങളുടെ വിലയിടിഞ്ഞു. അതിന്റെ ഫലമായി കൃഷിക്കാരാകെ പാപ്പരത്വത്തിലേയ്ക്കും ആത്മഹത്യയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അവരുടെ വീട്ടിലെ സ്ത്രീകൾ നടത്തുന്ന ഒരു ജോലിയാണ് അഞ്ചോ പത്തോ കോഴിമുട്ടകളെങ്കിലും വച്ച് മാസവരുമാനമുണ്ടാക്കാൻ വേണ്ടി കോഴി വളർത്തി ജീവിക്കുക എന്നുള്ളത്. അങ്ങനെയുള്ള നമ്മുടെ ഗ്രാമീണ കൃഷിക്കാരുടെ കോഴിവളർത്തലിനെ തകർക്കുന്ന വിധത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും ബൾക്കു കണക്കിന് വൻ കോഴിക്കമ്പനികളെ ഇങ്ങോട്ട് ഇറക്കുമതി ചെയ്തുകൊണ്ട് നമ്മുടെ കോഴികൃഷിയെ തകർത്തുകൊണ്ടിരിക്കുന്നതിനെതിരായി മുൻ ഗവൺമെന്റ് ഒരു ടാക്സ് എർപ്പെടുത്തി. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഭേദഗതി ചെയ്തു.

1.P.M]

LIBRARY ARCHIVES Kerala Legislative Assembly

അതു സംബന്ധിച്ച് ഇവിടെ കുറെ ഒച്ചപ്പാടെല്ലാമുണ്ടായതിന്റെ ഫലമായി അത് വീണ്ടും പുന:സ്ഥാപിച്ചു. എന്നാലും നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം ഖജനാവിലേയ്ക്ക് 35-40 കോടി രൂപ വരുമാനമുണ്ടായിരുന്നതും, കുറെക്കാലത്തേത് പിരിക്കാതിരുന്നതിന്റെ ഫലമായി സംസ്ഥാന ഖജനാവിന് ലഭിക്കുമായിരുന്ന 85 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഷ്ക്കാരം വഴി ഇല്ലാതായി. അതു സംബന്ധിച്ച് നടന്ന വിവാദങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അപ്പോൾ ആവശ്യമുള്ളത് ഒഴിവാക്കിക്കൊടുക്കാൻ ഇതിൽ പഴുതുകളുണ്ട്. അങ്ങനെ ഒരു തരത്തിൽ നഷ്ടം, മറ്റുള്ള തരത്തിലുള്ള നഷ്ടം ചെക്ക്പോസ്റ്റുകളിൽ നിന്നും ഇഷ്ടംപോലെ സാധനങ്ങൾ കടത്താനുള്ള സൗകര്യമാണ് ഇപ്പോഴുള്ളത്. കാരണം ഒരു ഫോം തയ്യാറാക്കി ഈ ഗവൺമെന്റ് കൊടുക്കേണ്ടത് കഴിഞ്ഞ ഒരു കൊല്ലമായി കൊടുക്കാതിരുന്നതിന്റെ ഫലമായി, അതുപോലെതന്നെ ബിൽ പാസ്സാക്കിയെങ്കിലും കഴിഞ്ഞ ഒരു കൊല്ലമായി നമുക്ക് വരാനുണ്ടായിരുന്ന വളരെയധികം നികുതി നഷ്ടപ്പെട്ടു. ഇനിയും നഷ്ടപ്പെടുത്താനുള്ള അവസരം വരുന്നു. അതുപോലെതന്നെ ബാർ ലൈസൻസുകൾക്ക് 25 ലക്ഷം രൂപവരെ തുക വേണമെന്നുണ്ട്. അത് കുറയ്ക്കാനും ഇതിൽ അവസരമുണ്ട്. ബാർഗൈൻ ചെയ്യാം. എത്ര? 20, 15 ഇങ്ങനെ. യഥാർത്ഥത്തിൽ ഗവൺമെന്റിലേക്ക് ചെന്നുചേരേണ്ട പണം മറ്റു കൈവഴികളിൽ പോകാനുള്ള അവസ്ഥ ഇതിൽ ഒതുങ്ങിയിരിക്കുന്നു, ഒളിഞ്ഞിരിക്കുന്നു. അപ്പോൾ ഈ നിലയിലുള്ള സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി പണമുണ്ടാക്കുക എന്നുള്ള കാര്യത്തിൽ ആരും എതിരു പറയില്ല. ഞങ്ങളെല്ലാം അനുകൂലവുമാണ്. പക്ഷേ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അങ്ങേയറ്റം നിഷ്പ്രഭമാക്കുകയും ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും ജനങ്ങളെ അവർ ഇതുവരെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽ ഒന്നുംതന്നെ അനുഭവിക്കാനാകാത്ത വിധത്തിൽ അവരെ അങ്ങേയറ്റം നിരാശപ്പെടുത്തുകയും നിസ്സഹകരണാവസ്ഥയിലേയ്ക്ക് തള്ളുകയും ചെയ്യുന്നുവെന്നുള്ളതാണ് ആദ്യം ഞാൻ ചൂണ്ടിക്കാണിച്ചതെങ്കിൽ രണ്ടാമത് ഞാൻ ചൂണ്ടിക്കാണിച്ചത് സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിന്റെ ഒട്ടേറെ പങ്ക് നഷ്ടപ്പെടുത്താനും മാത്രമല്ല, അത് ബാർഗൈനിംഗ് വഴി മറ്റു കൈവശങ്ങളിലേക്ക് പോകാനുമുള്ള ഒരു സുഷിരം അല്ലെങ്കിൽ അതിനൊരു ചാനൽ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നുള്ളതാണ്. അത്തരം ദൗർഭാഗ്യകരമായ സ്ഥിതിയുള്ളതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇത് ജനങ്ങളുടെമേൽ അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമെന്നുള്ളതുകൊണ്ടാണ് ഇതിനെ ഞങ്ങൾ എതിർക്കുന്നത്.

മി. സ്പീക്കർ : Third reading-ൽ ഇതിന്റെ ഇംപ്ലിമെന്റേഷനൊക്കെയാണ് പറയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഗവൺമെന്റിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടിയെടുക്കുന്നതിന് ഞങ്ങൾ എതിരല്ല. ഇത് എത്രത്തോളം ജനങ്ങളെ ബാധിക്കുന്നു, അതിനൊരു മാനുഷിക മുഖം എന്താണ് എന്നുള്ളതാണ് ഇതിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇവിടെ മദ്യവുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന നികുതി പ്രധാനമായും അബ്കാരി ആക്ടിലാണ്. കാലപ്പഴക്കം വന്ന അബ്കാരി ആക്ട് സമഗ്രമായി ഭേദഗതി ചെയ്യണം, പൊളിച്ചെഴുതണം, ഒരു പുതിയ നിയമം വേണമെന്നുള്ളത് എത്രയോ വർഷങ്ങളായി ഈ ഗവൺമെന്റിന്റെ മുമ്പിൽ ആവശ്യപ്പെടുകയാണ്. ഗവൺമെന്റുകൾ കമ്മിറ്റിയെ വയ്ക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു കമ്മിറ്റിയെ വയ്ക്കുമെന്നു പറഞ്ഞു. കമ്മിറ്റി വച്ച് കുറച്ച് മുന്നോട്ടുപോകും, പക്ഷേ ഭേദഗതികൾ വരുത്തില്ല. ഇവിടെ രണ്ടുകാര്യത്തിലാണ് ഗവൺമെന്റിന്റെ നയം വ്യക്തമാക്കേണ്ടത്. ഈ ബില്ലിലൂടെ കാണുന്നത്, പുതിയ നിയമത്തിലൂടെ കാണുന്നത്, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതാണ്. കള്ളു വ്യവസായത്തിലുള്ള സമീപനം 200 മീറ്റർ എന്നുള്ള ഒറ്റക്കാര്യത്തിൽ ഭേദഗതി കൊണ്ടുവന്നിരുന്നുവെങ്കിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുമായിരുന്നില്ല. വിദേശ മദ്യ ഷാപ്പുകൾ വ്യാപകമായി വരികയാണ്. ഇപ്പോൾ ക്ലബ്ബുകൾക്കുപോലും കൊടുക്കുകയല്ലേ? 25 വർഷത്തെ പീരിയേഡ് 10 വർഷമാക്കി കുറച്ച് നാട്ടിലുടനീളം മദ്യക്ലബ്ബുകൾക്ക് ലൈസൻസ് കൊടുക്കുകയാണ്. അതൊക്കെ വിദേശ മദ്യ ബാറുകളായി മാറും. ആ സാഹചര്യത്തിൽ ഒരു പഞ്ചായത്തിൽ ശ്രീ. ജി. കാർത്തികേയൻ ഒരു മാവേലി സ്റ്റോർ തുടങ്ങാൻ തീരുമാനിച്ചിട്ട് പറ്റിയില്ല, അതിനുള്ള സംഖ്യ ഫിനാൻസ് വകുപ്പ് അനുവദിച്ചു കൊടുക്കുന്നില്ല. ഒരു പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുടങ്ങാൻ പറ്റിയില്ലെങ്കിൽ ഞങ്ങൾ ഒരു പഞ്ചായത്തിൽ ഒരു വിദേശ മദ്യ ഷാപ്പ് തുറക്കുമെന്ന സമീപനവുമായി പോകുന്നത് ശരിയാണോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ശ്രീ.ബിനോയ് വിശ്വം ഇവിടെ ചൂണ്ടിക്കാണിച്ചതാണ്, 2000-ൽച്ചിലാനം കള്ളു ഷാപ്പുകൾ അവിടെ കുറഞ്ഞു, പഞ്ചായത്തുകൾ തോറും വിദേശ മദ്യ ഷാപ്പുകൾ വന്നു. ആ നയം മാറ്റണം. മന്ത്രി കഴിഞ്ഞ ദിവസം മറുപടി പറഞ്ഞപ്പോൾ പറയാത്ത കാര്യമുണ്ട്. കർണ്ണാടക സ്റ്റേറ്റിൽ നിന്നും അവിടത്തെ ഡിസ്റ്റിലറികൾ ഉല്പാദിപ്പിച്ചു കൊണ്ടു വരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യം കേരളത്തിൽ കൊണ്ടുവരുമ്പോൾ മന്ത്രി പറഞ്ഞ 6 % ആണെങ്കിൽ ഞാനതു സമ്മതിക്കുന്നു. അവരുടെ നികുതി ബിവറേജസ് കോർപ്പറേഷൻ അടയ്ക്കുമെന്നു പറയുന്നത് ആരെ സഹായിക്കാനാണ് ? 5 ശതമാനമേയുള്ളൂവെങ്കിൽ ഞാൻ സമ്മതിക്കുന്നു. ആ 5 ശതമാനമാണെങ്കിലും അതിന്റെ ടാക്സ് ബിവറേജസ് കോർപ്പറേഷൻ അടച്ച് അവർക്ക് പെർമിറ്റു കൊടുക്കുകയും ചെയ്യണമെന്നു പറയുന്നതു ശരിയാണോ? മദ്യവുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ യു. ഡി. എഫ്. ഗവൺമെന്റ് അവരുടെ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആ നയത്തിൽ എന്തുകൊണ്ടാണ് അവരതു ചെയ്യുന്നത്. മറിച്ച് കേരളത്തിലെ പരമ്പരാഗത വ്യവസായം എന്ന രീതിയിൽ കള്ളുചെത്തു വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടി എടുക്കുന്നതിനെ ഞങ്ങൾ പൂർണ്ണമായും സപ്പോർട്ടു ചെയ്യും. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ആ ശുപാർശകൾ നടപ്പിലാക്കിയാൽ മതി. അതുപോലെ എൻട്രി ടാക്സിനെക്കുറിച്ചു പറഞ്ഞത്.....

മി. സ്പീക്കർ : എൻട്രി ടാക്സിനെക്കുറിച്ചൊന്നും ഇവിടെ പറയാൻ പാടില്ല. മൂന്നാം വായനയിൽ അല്ല അതൊക്കെ പറയേണ്ടത്.

ശ്രീ.കെ. പി. രാജേന്ദ്രൻ : ഈ ഹൈടെക്ക് ആശുപത്രിയെക്കുറിച്ചു പറഞ്ഞതുകൊണ്ടു ഞാൻ പറയുകയാണ്. സൂപ്പർസ് പെഷ്യാലിറ്റി ആശുപത്രികളുടെ പേരിൽ ജനങ്ങളെ കൊള്ളയടിക്കുകയാണ്. ആ കൊള്ളയ്ക്ക് എതിരായി നിങ്ങൾ എത്ര ടാക്സ് കൂട്ടിയാലും നാളെ ആശുപത്രിയിൽ ചെല്ലുന്നവരുടെ മേൽ ഈ ടാക്സ് വരും. അതുകൊണ്ട് ജനങ്ങളുടെ മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിനോട് യോജിക്കാൻ ഞങ്ങൾക്കാവില്ല. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. യു. ഡി. എഫ്. ന്റെ പഞ്ചായത്തു പ്രസിഡന്റുമാരുൾപ്പെടെ ഞങ്ങളെ വിളിച്ച് അഭിനന്ദിച്ചിരിക്കുകയാണ്. 17-ാം തീയതി ഇവിടെ ഫിനാൻസ് ബിൽ അവതരിപ്പിച്ചതിനുശേഷം ഞങ്ങൾ ഈ സഭയിൽ, പ്രതിപക്ഷാംഗങ്ങൾ ഉൾപ്പടെയുള്ളവർ നടത്തിയ ശക്തമായ പോരാട്ടത്തിന്റെ ഫലമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കമ്മിറ്റിയെ. . . . .(മൈക്ക് ഓഫ് ചെയ്തു.). . . ..(ബഹളം). . . . . .

മി. സ്പീക്കർ : അതൊക്കെ നേരത്തെ പറയേണ്ട കാര്യങ്ങളാണ്. അതിപ്പോൾ പറയണ്ട.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ ഗവൺമെന്റ് കൊടുത്ത കാശ് തിരിച്ചെടുത്തതുമൂലം നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകെ ഒരു ഭരണ സ്തംഭനത്തിനു വഴിയൊരുക്കിയിരിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഉദ്ദേശിക്കാത്ത നികുതി നിർദ്ദേശങ്ങളാണ് ഈ ഫൈനാൻസ് ബില്ലിലൂടെ കൊണ്ടു വന്നിരിക്കുന്നത്.

മി. സ്പീക്കർ : അതിനെപ്പറ്റിയൊന്നും സംസാരിക്കാൻ പാടില്ല. നിയമം ഇംപ്ളിമെന്റു ചെയ്യുമ്പോൾ ഇന്നയിന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്നു പറയാം. അല്ലാതെ മെരിറ്റിനെപ്പറ്റിയൊന്നും പറയാൻ പാടില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഒന്നുകിൽ അങ്ങു സംസാരിക്കണം. അല്ലെങ്കിൽ ഞാൻ സംസാരിക്കും.

മി. സ്പീക്കർ: ഞാൻ സംസാരിച്ചതിനുശേഷം നിങ്ങൾക്കു സംസാരിക്കാം. മെരിറ്റിനെക്കുറിച്ചു പറയാൻ അനുവദിക്കുകയില്ല എന്നാണ് ഞാൻ പറഞ്ഞത്. ഇതു ഇംപ്ളിമെന്റു ചെയ്യുമ്പോൾ ഇന്നയിന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്നു പറയാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ലെജിസ്ളേച്ചർ ഈ ബില്ലിനെക്കുറിച്ചു ചർച്ച ചെയ്തപ്പോൾ ഉദ്ദേശിക്കപ്പെടാത്ത കാര്യങ്ങൾ ഇവിടെ സംഭവിക്കാൻ പോകുകയാണ്. എക്സിക്യൂട്ടീവിന്റെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചു്, പല അവിഹിതമായ ഇടപെടലുകളുടെ ഫലമായി ഈ ലെജിസ്ളേച്ചർ ഉദ്ദേശിക്കാത്ത കാര്യങ്ങൾ ചെയ്യാനുള്ള അവകാശം ഈ ബില്ലിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിരിക്കുകയാണ്. മൃഗീയ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കാൻ പോകുകയാണ്. അതുണ്ടാകാൻ പാടില്ല. അതുണ്ടാവുകയില്ല എന്നു പ്രഖ്യാപിക്കാനെങ്കിലും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : No.....No..... nothing doing. Yes.....Yes.....Minister..... I cannot be a party to their conflict. I cannot accept him as a party leader. പാർട്ടിയുടെ കാര്യങ്ങളിൽ ഞാൻ ഇടപെടുന്നില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മൂന്നാം വായനയിൽ ബില്ലിനോടനുബന്ധിച്ച് ചില നിർദ്ദേശങ്ങൾ ഇവിടെ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളോടു ചെയ്യുന്ന വിധത്തിലല്ല സംസ്ഥാന ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന നിയമപരമായ, ഭരണ ഘടനാപരമായ എല്ലാ ആനുകൂല്യങ്ങളും അധികാരങ്ങളും ഈ ഗവൺമെന്റ് നിലനിർത്തിയിട്ടുണ്ട്. ഇതിനുമുമ്പുണ്ടയിരുന്ന ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റും നിലനിർത്തിയിട്ടുണ്ട്. ഈ സംസ്ഥാന ഗവൺമെന്റ് ധനകാര്യവകുപ്പ്, സാമ്പത്തികമായ അച്ചടക്കം ഉണ്ടാക്കുവാൻ വേണ്ടി നാലഞ്ചു വർഷക്കാലമായി മിസ് മാനേജുമെന്റ് നടത്തിയിരുന്ന ചില ഏരിയകളിൽ സാമ്പത്തിക അച്ചടക്കം ഉണ്ടാക്കുവാൻ വേണ്ടിയാണ് ഇതു ചെയ്തത്. ഇതിൽ ദുരുദ്ദേശമൊന്നുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞു മാർച്ചു മാസത്തിൽ പണം കൊടുത്തു, മാർച്ചു 31-ാം തീയതി ക്ലോസ് ചെയ്യണമെന്നു പറയുന്നത് ശരിയാണോ എന്ന്. മാർച്ചു മാസത്തിൽ കൊടുത്ത പണം ഏപ്രിൽ, മേയ്, ജൂൺ വരെ അവർക്ക് ചെലവഴിക്കാനുള്ള സമയം കൊടുത്തു. ഇതു എല്ലാവരും അംഗീകരിക്കുന്നത് ഭാവിക്കു നല്ലതാണ്. കാരണം രണ്ടും മൂന്നും വർഷക്കാലമായി ഈ ഫണ്ട് ഇങ്ങനെ ക്യാരി ഓവർ ചെയ്തുകൊണ്ടിരിക്കുന്നു. യാതൊരു കണക്കുമില്ലാതെ ആഡിറ്റിംഗ് നടക്കുമ്പോൾ വളരെ അനാവശ്യമായി ചെലവു ചെയ്തു, ബാങ്കിൽ സൂക്ഷിച്ചു, വീട്ടിൽ സൂക്ഷിച്ചു എന്നുള്ള പരാതികൾ ഒഴിവാക്കാൻ ഇതു ചെയ്യുന്നത് നല്ലതാണ്. ഇന്നലെ മുഖ്യമന്ത്രി ക്യാബിനറ്റിൽ പറഞ്ഞത് സബ് കമ്മിറ്റിയുണ്ടാക്കിയത് ആരേയും പേടിച്ചിട്ടല്ല എന്നാണ്. ഇതിന് എന്തെങ്കിലും അനുകൂലമായി ചെയ്യാൻ സാധിക്കുമോ എന്നു നോക്കാൻ വേണ്ടിയാണ്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പറഞ്ഞതു കേട്ടാൽ തോന്നുന്നത് ഇതിൽ എന്തോ കൊള്ള നടത്താൻ നമ്മൾ പോകുന്നുവെന്നാണ്. അങ്ങനെ ആലോചിക്കുന്നില്ല. ശ്രീ. കെ. പി. രാജേന്ദ്രൻ, അങ്ങു പ്രതിപക്ഷത്തിരിക്കുന്ന രണ്ടാമത്തെ പാർട്ടിയുടെ നേതാവല്ലേ ? എവിടെയാണ് എല്ലാ പഞ്ചായത്തിലും ഐ. എം. എഫ്. ൽ ഔട്ടുലറ്റുകൾ കൊടുത്തിരിക്കുന്നത്. We have only two hundred now. 50 എണ്ണം കൂടി കൊടുത്തിട്ടുണ്ട്. We have more than thousand panchayats. Don't say like that hereafter. മോശമല്ലേ: നിങ്ങളെപ്പോലെയുള്ള ഒരാൾ ഇങ്ങനെ പറയുന്നതു ശരിയാണോ അത്തരമൊരു തെറ്റിദ്ധാരണയുണ്ടാകരുത്. കള്ളുഷാപ്പുകളുടെ എണ്ണം ഇനിയും ചില ഏരിയകളിൽ കൂട്ടാൻ പറ്റുമെങ്കിൽ കൂട്ടാം എന്നു ഞാൻ പറഞ്ഞല്ലോ. ഞാൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കന്മാരോടു പറഞ്ഞല്ലോ, എനിക്ക് ഇതിൽ വ്യക്തിപരമായി വിരോധമുണ്ടാകേണ്ട കാര്യമൊന്നുമില്ല. എനിക്കു പ്രതിപക്ഷനേതാവിനോട് ഒരു കാര്യം പറയാനുണ്ട്. അങ്ങു വളരെയധികം രാഷ്ട്രീയ പാരമ്പര്യമുള്ള ഒരാളാണ്. ഞാനും ദീർഘകാലമായി രാഷ്ട്രീയത്തിൽ നിൽക്കുന്ന ആളാണ്. ഞാൻ ഇവിടെ നികുതി പിരിക്കുന്ന കാര്യത്തിൽ ഒരു ഉപേക്ഷയും വരുത്തില്ല. എൻട്രി ടാക്സ് എന്നു പറയുന്നത്, ചെക്കു പോസ്റ്റിൽ നികുതി പിരിച്ചില്ലെങ്കിൽ പിന്നെ കിട്ടാത്ത സാധനങ്ങൾക്കാണ് ടാക്സ് പിരിക്കുന്നത്. ഞാനൊരു കാര്യം ചോദിക്കട്ടെ, ഇവിടെ 2000-01-ൽ ആറരക്കോടി രൂപയാണ് ചിക്കന്റെ ടാക്സ് കിട്ടിയിരിക്കുന്നത്. നിങ്ങൾ അങ്ങനെ ഒന്നും പറയണ്ട മക്കളെ, ഇതിലും വലിയ വെള്ളിയാഴ്ച കണ്ട വാപ്പയാണിത്. 2000-02-ൽ 12 കോടി 6 ലക്ഷം രൂപയാണ് ഇവിടെ പിരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം 20 കോടി രൂപ പിരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ ഞാൻ ഈ കാര്യത്തിലല്ല ഏതു കാര്യത്തിലും രാഷ്ട്രീയ കാര്യത്തിലും ശുദ്ധനായിട്ട്, അങ്ങയെപ്പോലെ മാത്രമേ പോകാൻ തീരുമാനിച്ചിട്ടുള്ളൂ. പ്രതിപക്ഷത്തിരുന്നുകൊണ്ട് അങ്ങേക്കു പറയണമെങ്കിൽ പറയാം. പക്ഷേ സത്യസന്ധന്മാരെ സത്യസന്ധന്മാരായി തന്നെ കരുതണം. അങ്ങായാലും ആരായാലും നമ്മുടെ രാഷ്ട്രീയ സംശുദ്ധിക്ക് ഇത് ആവശ്യമാണ്. നമുക്കൊക്കെ വീടുകളുണ്ട്, കുടുംബങ്ങളുണ്ട്, ഭാര്യയുണ്ട്, മക്കളുണ്ട്, നാട്ടിൽ അറിയുന്നവരുണ്ട്, അതുകൊണ്ട് ഈ വക കാര്യങ്ങൾ പരാമർശിക്കുമ്പോൾ അന്യന്റെ വ്യക്തിത്വത്തിനെ ചോദ്യം ചെയ്യരുതെന്നുള്ള ഒരു അപേക്ഷയുണ്ട്. ഞാൻ ഈ നിയമസഭയിൽ പറയുന്നു, പിരിക്കാവുന്ന ടാക്സ് ആര്, എവിടെ എങ്ങനെ പറഞ്ഞാലും അതിനു തയ്യാറാണ് അതിൽ യാതൊരു ഉപേക്ഷയും വരുത്താൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന ഈ ഫൈനാൻസ് ബില്ലിൽ ഇതു പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ നമ്മുടെ ഗവൺമെന്റിന് പ്രതിവർഷം എത്ര കോടി രൂപയുടെ ലാഭം ഉണ്ടാകും, വരുമാനമെത്ര ഉണ്ടാകും ?

ശ്രീ. കെ. ശങ്കരനാരായണൻ : അധികം വരുമാനം ഉണ്ടാകുമോ എന്നു ചോദിച്ചാൽ നമ്മൾ അഡീഷണൽ ടാക്സ് ഇൻട്രോഡ്യൂസ് ചെയ്തു, അതും മൂന്നു നാലു ഐറ്റത്തിനു ഒരു എൻട്രി ടാക്സും, നമ്മൾ മുമ്പ് പറഞ്ഞ ഐറ്റത്തിനു ഉപരിയായി കൊണ്ടു വന്നു എന്നു മാത്രമേയുള്ളൂ. അതിനു എത്രയാണ് കിട്ടുന്നത് എന്നു ചോദിച്ചാൽ അതിനു ഒരു ഏകദേശ കണക്ക് ഉണ്ടാകുമല്ലോ: ചെക്കു പോസ്റ്റ് കുറച്ചു കൂടി എഫക്ടീവാക്കണമെന്ന് പ്രതിപക്ഷനേതാവു പറഞ്ഞു, അതു ചെയ്യാൻ തയ്യാറാണ്.

ശ്രീ. വി.എസ് അച്ചുതാനന്ദൻ : സർ, ഫാറത്തിന്റെ സാമ്പിൾ കൊടുക്കാത്തതിന്റെ ഫലമായിട്ട് കഴിഞ്ഞ കൊല്ലം മുഴുവൻ നഷ്ടപ്പെട്ടു. ഇത്തവണയും അങ്ങനെ നഷ്ടപ്പെടും എന്നുള്ളതാണ് ഞാൻ അതിനകത്ത് ചൂണ്ടിക്കാണിച്ചത്. അപ്പോൾ ഇതുപോലുള്ള ആക്ഷേപങ്ങൾ കറക്ട് ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ മക്കളേ ഈ വാപ്പ അതിലൊന്നും തയ്യാറാകുന്നവനല്ല എന്നു പറയുന്നു. മക്കളേ ഈ അച്ഛൻ എന്ന് പറയുന്ന മലയാളം.... അച്ഛൻ എന്ന് പറയുന്നത് എത്ര മനോഹരമായ നാമമാണ്. എന്തുകൊണ്ടാണ് അത് പറയാൻ വിട്ടു പോയത് ?

ശ്രീ. കെ. ശങ്കരനാരായണൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ വല്ല പോരായ്മയും ഉണ്ടെങ്കിൽ ഞാൻ അത് നികത്താം.

മി. സ്പീക്കർ : അച്ഛനും ബാപ്പയും ഒന്നാണല്ലോ?

(ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2003-ലെ കേരള ധനകാര്യബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 79

1. Shri. Cherkalam Abdulla
2. Shri. Kalathil Abdulla
3. Shri. P. K. Abdu Rabb
4. Shri. C. T. Ahammed Ali
5. Shri. A. P. Anilkumar
6. Shri. A. K. Antony
7. Shri. N. D. Appachan
8. Shri. E. M. Augusthy
9. Shri. K. Babu
10. Shri. Babu Divakaran
11. Shri. P. K. K. Bava
12. Shri. T. V. Chandramohan
13. Shri. K. A. Chandran
14. Shri. M. A. Chandrasekharan
15. Shri. Dominic Presentation
16. Shri. M. P. Gangadharan

LIBRARY ARCHIVES Kerala Legislative Assembly

17. Shri. P. P. George
18. Shri. Prayar Gopalakrishnan
19. Smt. K. R. Gouri Amma
20. Shri. M. M. Hassan
21. Shri. V. K. Ebrahim Kunju
22. Shri. T. M. Jacob
23. Shri. Johny Nelloor
24. Shri. K. C. Joseph
25. Shri. Joseph M. Puthusseri
26. Shri. P. J. Joy
27. Shri. Varkala Kahar
28. Shri. G Karthikeyan
29. Shri. K. K. Nair
30. Shri. P. K. Kunhalikutty
31. Dr. M. A. Kuttappan
32. Shri Ludy Luiz
33. Shri. C. Mammutty
34. Shri. E. T. Mohammed Basheer
35. Shri. K. Mohan Kumar
36. Shri. A. K. Moni
37. Shri. C. Moyinkutty
38. Shri. C. P. Muhammed
39. Shri. M. K. Muneer
40. Shri. M.Murali
41. Shri. K. Narayana Kurup
42. Shri. Ezhukone Narayanan
43. Shri. Oommen Chandy
44. Shri. M. K. Paulson Master
45. Shri. Adoor Pradash
46. Shri. T. N. Prathapan
47. Shri. G Prathapa Varma Thampan
48. Shri. Thiruvanchoor Radhakrishnan
49. Shri. T. U. Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

50. Smt. Radha Raghavan
51. Shri. M. V. Raghavan
52. Shri. K. K. Ramachandran Master
53. Shri. Therampil Ramakrishnan
54. Shri U. C. Raman
55. Shri Thampanoor Ravi
56. Shri. N. Sakthan
57. Shri.P. Sankaran
58. Shri. K. Sankaranarayanan
59. Smt. Malethu Sarala Devi
60. Shri. V. D. Satheesan
61. Prof. Savithri Lekshmanan
62. Shri. K. K. Shaju
63. Shri. Kadavoor Sivadasan
64. Smt. Sobhana George
65. Shri. Nalakathu Sooppy
66. Shri. Stephen George
67. Shri. K. Sudhakaran
68. Shri. D. Sugathan
69. Shri. N. Sundaran Nadar
70. Shri. C. F. Thomas
71. Prof. K. V. Thomas
72. Shri. P. T. Thomas
73. Shri. Thomas Chazhikadan
74. Shri. Thomas Unniyadan
75. Shri. Umesh Challiyil
76. Shri. M. A. Vaheed
77. Shri. K. C. Venugopal
78. Shri. B. Vijayakumar
79. Shri. K. P. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 38

1. Shri V.S. Achuthanandan
2. Shri. Manjalamkuzhi Ali
3. Shri. A. A. Azees
4. Shri. Kodiyeri Balakrishnan
5. Shri. A. K. Balan
6. Shri. T. K. Balan
7. Shri. Binoy Viswam
8. Shri. V. K. Chandran
9. Shri. V. Chenthamarakshan
10. Shri. T. K. Devakumar
11. Shri. P.C. George
12. Smt. Girija Surendran
13. Shri. M. V. Govindan Master
14. Shri. K. K. Jayachandran
15. Shri. M.V. Jayarajan
16. Shri. P. Jayarajan
17. Shri. V. C. Kabeer
18. Shri. M. Kumaran
19. Shri. K. V. Kunhiraman
20. Shri. Kovoor Kunjumon
21. Shri. V. K. C. Mammed Koya
22. Shri. Mathai Chacko
23. Shri. K. P. Mohanan
24. Shri. Pirappancode Murali
25. Shri. P. Narayanan
26. Dr. A. Neelalohithadasan Nadar
27. Shri. K. Radhakrishnan
28. Shri. Mankode Radhakrishnan
29. Shri. N. Rajan
30. Shri. K. P. Rajendran
31. Shri. Raju Abraham
32. Shri. T. P. Ramakrishnan
33. Shri. Saju Paul

LIBRARY ARCHIVES Kerala Legislative Assembly

34. Shri. K. P. Satheesh Chandran
35. Shri. A.C. Shanmughadas
36. Smt. P. K. Sreemathi Teacher
37. Shri. P.S. Supal
38. Dr. Thomas Isac

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 79

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷതപാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 1.24-ന് യോഗം പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly